The New Malayalam Readers

# THE SECOND STANDARD READER

BY

**Joseph Muliyil**, B. A.
*English Tutor, Madras Christian College*

REVISED BY

**M. Krishnan**, B. A., B. L., M. R. A. S.
*Malayalam Translator to the Government*

Sixth Edition

APPROVED BY THE MADRAS TEXTBOOK COMMITTEE AND RECOGNISED BY THE DIRECTOR OF PUBLIC INSTRUCTION, MADRAS

പുതിയ മലയാളപാഠപുസ്തകങ്ങൾ

# രണ്ടാംപാഠപുസ്തകം

(രണ്ടാം തരത്തിന്നായി)

56 E
241

MANGALORE
BASEL MISSION BOOK AND TRACT DEPOSITORY
1904

Price: 2 Annas 6 Pies.] *Copyright registered.* [വില: ൨ അണ ൬ പൈ.

1 Beilage

N12<529039754 021 HLS
ubTÜBINGEN

The New Malayalam Readers

# THE SECOND STANDARD READER

BY

**Joseph Muliyil,** B. A.
*English Tutor, Madras Christian College*

REVISED BY

**M. Krishnan,** B. A., B. L., M. R. A. S.
*Malayalam Translator to the Government*

**Sixth Edition**

APPROVED BY THE MADRAS TEXTBOOK COMMITTEE AND RECOGNISED BY THE DIRECTOR OF PUBLIC INSTRUCTION, MADRAS

പുതിയ മലയാളപാഠപുസ്തകങ്ങൾ

# രണ്ടാം പാഠപുസ്തകം

(രണ്ടാം തരത്തിന്നായി)

MANGALORE
BASEL MISSION BOOK AND TRACT DEPOSITORY
1904

PRINTED AT THE BASEL MISSION PRESS, MANGALORE.

UNIV. BIBL. TÜBINGEN

56 E 241

# അടക്കം.


## I. സന്മാൎഗ്ഗസംബന്ധമായ പാഠങ്ങൾ.

ഭാഗം.

1. നല്ല കുട്ടികളുടെ ചില ലക്ഷണങ്ങൾ . . . . . . . . . . . 1
2. പ്രാണിഹിംസ . . . . . . . . 2
3. 〃 (തുടൎച്ച) . . . . 4
4. ദേഹപ്രയത്നം . . . . . . . . . 17
5. 〃 (തുടൎച്ച) . . . . 19
6. സ്വയാശ്രയം . . . . . . . . . 29
7. 〃 (തുടൎച്ച) . . . . 30
8. ദുൎജ്ജനസംസൎഗ്ഗം . . . . . . . 35
9. ധനനിക്ഷേപം . . . . . . . 46
10. കൈത്തൊഴിൽ . . . . . . . . 54
11. 〃 (തുടൎച്ച) . . . . 56
12. പ്രത്യുൽപന്നമതി . . . . . . . 64
13. 〃 (തുടൎച്ച) . . . . 66
14. അല്പകാൎയ്യങ്ങൾ . . . . . . . . 70
15. അത്യാഗ്രഹം . . . . . . . . . . 73
16. 〃 (തുടൎച്ച) . . . . 75
17. സ്ഥിരോത്സാഹം . . . . . . . 82
18. 〃 (തുടൎച്ച) . . . . 84

## II. ജീവവൎഗ്ഗങ്ങൾ.

1. പറവകൾ . . . . . . . . . . . 5
2. നായ് . . . . . . . . . . . . . 13
3. 〃 (തുടൎച്ച) കഥ . . . . . . 14
4. ഒട്ടകപ്പക്ഷി . . . . . . . . . . 20
5. എരുമയും ആടും . . . . . . . . 27
6. ഇഴജാതികൾ . . . . . . . . . 36
7. കുതിര . . . . . . . . . . . . . . 39
8. 〃 (തുടൎച്ച) . . . . . . . . . 41
9. ആന . . . . . . . . . . . . . 48
10. 〃 (തുടൎച്ച) . . . . . . . . . 51
11. ഒട്ടകം . . . . . . . . . . . . . . 57
12. ജലചരങ്ങൾ—തിമിംഗലം . 77
13. നരി . . . . . . . . . . . . . . 86
14. 〃 (തുടൎച്ച) . . . . . . . . . 88

## III. സസ്യവൎഗ്ഗങ്ങൾ.

1. കൃഷി . . . . . . . . . . . . . . 8
2. കഴുങ്ങും പനയും . . . . . . . 23
3. മാവും പിലാവും . . . . . . . . 44
4. കാപ്പിയും തേയിലയും . . . . 68
5. പരുത്തിയും പട്ടും . . . . . . . 79

## IV. ധാതുവൎഗ്ഗങ്ങൾ.

1. ഉപ്പു . . . . . . . . . . . . . . 31
2. ഇരിമ്പു . . . . . . . . . . . . 62

## V. ഭൂമിശാസ്ത്രസംബന്ധമായ പാഠങ്ങൾ.

1. സമുദ്രം, തടാകം, ദ്വീപു . . . 9
2. 〃 (തുടൎച്ച) . . . 11
3. പൎവ്വതങ്ങളും നദികളും . . . . 25
4. അഗ്നിപൎവ്വതങ്ങളും ചൂട്ടുറവുകളും . . . . . . . . . . . . . 42
5. വനങ്ങൾ . . . . . . . . . . . . 60
6. രാജ്യങ്ങളും ജനങ്ങളും . . . . . 90

## VI. കാവ്യങ്ങൾ.

10. സദുപദേശം . . . . . . . . . . 16
20. 〃 (തുടൎച്ച) . . . . . 34
30. ഉത്സാഹം . . . . . . . . . . . . 53
40. അല്പകാൎയ്യങ്ങൾ (തുടൎച്ച) . . . 72
50. സൃഷ്ടിയുടെ മഹിമ . . . . . . 91

# അനുക്രമണിക.


| | ഭാഗം. |
|---|---|
| 1. നല്ല കുട്ടികളുടെ ചില ലക്ഷണങ്ങൾ | 1 |
| 2. പ്രാണിഹിംസ | 2 |
| 3. ടി (തുടൎച്ച) | 4 |
| 4. പറവകൾ | 5 |
| 5. കൃഷി | 8 |
| 6. സമുദ്രം, തടാകം, ദ്വീപു | 9 |
| 7. ടി (തുടൎച്ച) | 11 |
| 8. നായ് | 13 |
| 9. ടി (തുടൎച്ച) | 14 |
| 10. സദുപദേശം | 16 |
| 11. ദേഹപ്രയത്നം | 17 |
| 12. ടി (തുടൎച്ച) | 19 |
| 13. ഒട്ടകപ്പക്ഷി | 20 |
| 14. കഴുങ്ങും പനയും | 23 |
| 15. പൎവ്വതങ്ങളും നദികളും | 25 |
| 16. എരുമയും ആടും | 27 |
| 17. സ്വയാശ്രയം | 29 |
| 18. ടി (തുടൎച്ച) | 30 |
| 19. ഉപ്പു | 31 |
| 20. സദുപദേശം (തുടൎച്ച) | 34 |
| 21. ദുൎജ്ജനസംസൎഗ്ഗം | 35 |
| 22. ഇഴജാതികൾ | 36 |
| 23. കുതിര | 39 |
| 24. ടി (തുടൎച്ച) | 41 |
| 25. അഗ്നിപൎവ്വതങ്ങളും ഉഷ്ണക്കൂപങ്ങളും | 42 |

| | ഭാഗം. |
|---|---|
| 26. മാവും പിലാവും | 44 |
| 27. ഗ്രന്ഥനിക്ഷേപം | 46 |
| 28. ആന | 48 |
| 29. ടി (തുടൎച്ച) | 51 |
| 30. ഉത്സാഹം | 53 |
| 31. കൈത്തൊഴിൽ | 54 |
| 32. ടി (തുടൎച്ച) | 56 |
| 33. ഒട്ടകം | 57 |
| 34. വനങ്ങൾ | 60 |
| 35. ഇരിമ്പു | 62 |
| 36. പ്രത്യുല്പന്നമതി | 64 |
| 37. ടി (തുടൎച്ച) | 66 |
| 38. കാപ്പിയും തേയിലയും | 68 |
| 39. അല്പകാൎയ്യങ്ങൾ | 70 |
| 40. ടി (തുടൎച്ച) | 72 |
| 41. അത്യാഗ്രഹം | 73 |
| 42. ടി (തുടൎച്ച) | 75 |
| 43. ജലചരങ്ങൾ—തിമിംഗലം | 77 |
| 44. പരുത്തിയും പട്ടും | 79 |
| 45. സ്ഥിരോത്സാഹം | 82 |
| 46. ടി (തുടൎച്ച) | 84 |
| 47. നരി | 86 |
| 48. ടി (തുടൎച്ച) | 88 |
| 49. രാജ്യങ്ങളും ജനങ്ങളും | 90 |
| 50. സൃഷ്ടിയുടെ മഹിമ | 91 |

# രണ്ടാംപാഠപുസ്തകം.

## 1. നല്ല കുട്ടികളുടെ ചില ഗുണങ്ങൾ.

ഒരു നല്ല കുട്ടി തന്റെ അമ്മയച്ഛന്മാരെ സ്നേഹിച്ചു ബഹുമാനിക്കും. അവരുടെ കല്പന എപ്പോഴും അനുസരിച്ചു അവരെ സന്തോഷിപ്പിപ്പാൻ ശ്രമിക്കും. അവൻ അവരോടു വല്ലതും ചോദിച്ചിട്ടു അവർ അതു കൊടുക്കാഞ്ഞാലും അവൻ പിറുപിറുക്കയില്ല. അമ്മയച്ഛന്മാൎക്കു തന്നെക്കാളും അറിവും ജ്ഞാനവും ഉണ്ടെന്നും അവർ അതു കൊടുക്കാത്തതു തനിക്കു അതിനെക്കൊണ്ടു ആവശ്യം ഇല്ലാത്തതിനാലാകുന്നു എന്നും അവൻ ബോധിക്കും. നല്ല കുട്ടി അമ്മയച്ഛന്മാരെ മാത്രമല്ല സഹോദരസഹോദരിമാരെയും സ്നേഹിക്കും. തന്റെ ഉടപ്പിറന്നവരോടു ഒരിക്കലും ശണ്ഠകൂടുകയില്ല. മൂത്തവരെ അനുസരിച്ചു ബഹുമാനിക്കയും ഇളയവരെ ഉപദ്രവിക്കാതെ സ്നേഹിക്കയും ചെയ്യും.

നല്ല കുട്ടി തന്റെ ചങ്ങാതിമാരെയും സ്നേഹിക്കും. അവരെ ചീത്തവാക്കുകൾ പറഞ്ഞു അപമാനിക്കയോ ഏഷണി പറഞ്ഞു അവരെ തമ്മിൽ ഭേദിപ്പിക്കയോ ചെയ്കയില്ല.

നല്ല കുട്ടി അസഭ്യവാക്കുകൾ പറകയില്ല. കക്കുകയും കളവു പറകയുമില്ല. കലശൽ ചെയ്യുന്ന ദുഷ്ടക്കുട്ടികളോടു സംസൎഗ്ഗം ചെയ്യാതെ തന്നെക്കാളും നല്ലവരും ബുദ്ധിയും വിവേകവും ഉള്ളവരും ആയവരോടു അവൻ സ്നേഹം കെട്ടും.

നല്ല കുട്ടി എഴുത്തുപള്ളിയിൽ പാഠങ്ങൾ ശരിയായി പഠിച്ചുകൊണ്ടു പോകും. മടി അശേഷം കാണിക്കയില്ല. ഗുരുനാഥനെ വണക്കത്തോടെ അനുസരിച്ചു സ്നേഹിക്കും.

നല്ല കുട്ടി ചെറുപ്രാണികളെയും സാധുമൃഗങ്ങളെയും അടിക്കയും ഉപദ്രവിക്കയും ഇല്ല. പക്ഷികളുടെ കൂട്ട കണ്ടാൽ അതു തൊടുകയോ പക്ഷിയെയും കുട്ടികളെയും പിടിക്കയോ ചെയ്കയില്ല. വീട്ടിലുള്ള നായ് പൂച്ച മുതലായവററെ അടിക്കയും വേദനപ്പെടുത്തുകയും ചെയ്കയില്ല.

നല്ല കുട്ടികളെ എല്ലാ മനുഷ്യരും ദൈവവും സ്നേഹിക്കും.

ശ്രമിക്കും സഹോദരസഹോദരിമാർ ഏഷണി സംസൎഗ്ഗം
പിറുപിറുക്ക ഉടപ്പിറന്നവർ ഭേദിപ്പിക്ക വിവേകം
അപമാനിക്ക അസഭ്യവാക്കുകൾ വണക്കം

## 2. പ്രാണിഹിംസ.



ഈച്ച, പുഴ, പാപ്പാത്തി, തവള മുതലായ അനേകം ഉപദ്രവികളല്ലാത്ത ചെറുജീവികൾ നമ്മുടെ ചുററിലും ഉണ്ടു. ചില കുട്ടികൾ എന്നുമാത്രമല്ല, മുതിൎന്നവരും കൂടെ അവയെ കാണുമ്പോൾ ഉപദ്രവിക്കയോ അവററിന്നു ജീവഹാനി വരുത്തുകയോ ചെയ്യാറുണ്ടു. നാം ഒരിക്കലും അങ്ങിനെ ചെയ്യരുതു. കാരണം അനാവശ്യമായി ഏതൊരു പ്രാണിയെയും വേദനപ്പെടുത്തുന്നതു എത്രയും തെററായ ഒരു ക്രിയയാകുന്നു. അതുകൂടാതെ നാം പ്രാണികളെ ഹിംസിച്ചു ശീലിച്ചുപോയാൽ ക്രമേണ നമ്മുടെ സമസൃഷ്ടികളെയും അങ്ങിനെ തന്നെ ദ്രോഹിക്കയും ഒടുവിൽ വലുതായ ദുഷ്ക്രിയകൾ ചെയ്വാൻ മടിക്കാതിരിക്കയും ചെയ്യും. വല്ല ഒരു ജീവജന്തുവിനെയും കൊല്ലുവാൻ

നമുക്ക മനസ്സ വരുമ്പോൾ നമ്മെക്കാൾ ശക്തരായ വല്ലവരും നമ്മെ കൊല്ലുവാൻ ഭാവിച്ചാൽ നമ്മുടെ അപ്പോഴത്തെ അവസ്ഥ എന്തായിരിക്കും എന്നു നാം വിചാരിക്കേണ്ടതാകുന്നു. നമുക്ക ഒരു ജന്തുവിനെ കൊല്ലുവാൻ എളുപ്പത്തിൽ സാധിക്കും എങ്കിലും ജീവാപായം വന്നുപോയ ഒരു പ്രാണിക്ക തിരികെ ഉയിർകൊടുപ്പാൻ നമുക്ക കഴിയുമോ? ഇല്ല. അതുകൊണ്ടു യാതൊരു ജീവിയെയും കൊല്ലരുതു, ഹിംസിക്കയും അരുതു.

## കഥ.

അനേകം നൂറാണ്ടുകൾക്ക മുമ്പെ വിലാത്തിയിൽ കരൽ എന്നു പേരായ ഒരു ചക്രവൎത്തി ഉണ്ടായിരുന്നു. അദ്ദേഹം യുദ്ധം ചെയ്യുന്നതിലും രാജ്യം ഭരിക്കുന്നതിലും ഒരുപോലെ സമൎത്ഥനായിരുന്നു. ഒരിക്കൽ താൻ പാളയം അടിച്ചു പാൎത്തിരുന്ന സ്ഥലത്തുനിന്നു തന്റെ തമ്പു നീക്കുവാൻ കല്പിച്ചപ്പോൾ ഒരു മീവൽപക്ഷി അതിന്റെ ഒരു മൂക്കിൽ ഒരു കൂടു കെട്ടി കുഞ്ഞുങ്ങളെ വിരിപ്പിച്ചതു കണ്ടു. അതു കണ്ട ഉടനെ ചക്രവൎത്തി തമ്പു പൊളിക്കരുതു എന്നും പക്ഷികൾ വളൎന്നു പറന്നുപോകുംവരെ ആരും അതിന്റെ സമീപം പോകരുതെന്നും സൈന്യങ്ങളുടെ ഇടയിൽ ഒരു വിളംബരം പ്രസിദ്ധമാക്കി. ഇങ്ങിനെ മഹാനായ ആ ചക്രവൎത്തിപോലും എളിയ ഒരു പക്ഷിയുടെ ജീവനെ എത്രയും വിലമതിച്ചിരുന്നു.

"നീതിമാൻ തന്റെ മൃഗത്തിന്റെ ജീവനെ വിലമതിക്കുന്നു. എങ്കിലും ദുഷ്ടന്മാരുടെ കരുണകൾപോലും ക്രൂരമായവ" എന്നു മഹാ ജ്ഞാനിയായ ശലമോൻ രാജാവു പറഞ്ഞിരിക്കുന്നു.

| | | | | |
|---|---|---|---|---|
| പ്രാണിഹിംസ | ജീവഹാനി | സമസൃഷ്ടികൾ | ജീവാപായം | പാളയം |
| ഉപദ്രവികൾ | അനാവശ്യം | ദ്രോഹിക്ക | ഉയിർ | സൈന്യങ്ങൾ |
| മുതിൎന്നവർ | ഹിംസിച്ചു | ദുഷ്ക്രിയകൾ | നൂറാണ്ടു | വിളംബരം |

## 3. പ്രാണിഹിംസ (തുടൎച്ച).

1. ഒരു ചെറുക്കൻ ഒരു ദിവസം ഒരു അപ്പവുമായി ഒരു പീടികയുടെ കോലായിൽ ചെന്നിരുന്നു അതു തിന്മാൻ തുടങ്ങി. കുറെദ്ദൂരെ ഒരു നായ് കിടന്നുറങ്ങിയിരുന്നു. അവൻ അതിനെ തട്ടി ഉണൎത്തി അതിന്നു ഒരു കഷണം അപ്പം വെച്ചു കാണിച്ചു. നായ് ഏററവും ആഗ്രഹത്തോടും കൂടെ വായും തുറന്നു കൊണ്ടു അവന്റെ അടുക്കലേക്കു വന്ന ഉടനേ അവൻ തന്റെ കയ്യിലുണ്ടായിരുന്ന ഒരു വടികൊണ്ടു അതിന്റെ അണ്ണാക്കിൽ കുത്തി. അപ്പോൾ അതു ഭയങ്കരമായി നിലവിളിച്ചും കൊണ്ടു ഓടിപ്പോയി. ഇതു കണ്ടുനിന്നിരുന്ന പീടികക്കാരൻ കുറേ നേരം കഴിഞ്ഞപ്പോൾ അവനെ വിളിച്ചു ഒരു മുക്കാൽ വെച്ചു കാണിച്ചു. അവൻ അതുകൊണ്ടു അപ്പം വാങ്ങിത്തിന്നാം എന്ന ആശയോടെ കൈ നീട്ടിയ ഉടനേ പീടികക്കാരൻ ഒരു ചൂരൽകൊണ്ടു കൈവിരലുകളുടെ കെണിപ്പിന്നു തന്നെ കഠിനമായി ഒരടികൊടുത്തു. അപ്പോൾ ചെറുക്കൻ നിലവിളിച്ചു അതു ചെയ്ത സംഗതി ചോദിച്ചപ്പോൾ പീടികക്കാരൻ "നിന്നെ ആ നിൎദ്ദോഷിയായ നായ് വല്ലതും ചെയ്തിരുന്നുവോ? നീ അതിനെ ഒരു ഹേതുവും കൂടാതെ വേദനപ്പെടുത്തിയില്ലേ? ഇപ്പോൾ നിണക്കു വേദനയുണ്ടോ?" എന്നുമാത്രം ചോദിച്ചു.

2. അമേരിക്കാരാജ്യത്തിൽ ഒരു പോൎക്കളത്തിൽ വെച്ചു ഒരിക്കൽ ഒരു പടയാളിക്കു കാലിന്റെ നരിയാണിക്കു ഒരു വെടി കൊണ്ടു അസ്ഥിയൊക്കെ തകൎന്നുപോയതിനാൽ ആ കാൽ കുറെ മേല്പട്ടുവെച്ചു മുറിക്കേണ്ടിവന്നു. അങ്ങിനെ ഒരു അംഗഹീനനായി രോഗശാലയിൽ കിടക്കുമ്പോൾ അവൻ തന്റെ സമീപസ്ഥരായ രോഗികളോടു തന്റെ ചെറുപ്രായത്തിലെ പാപം ഏററുപറഞ്ഞതെന്തെന്നാൽ:— ഞാൻ ഒരു ബാല

നായിരുന്നപ്പോൾ പ്രാണികളെ ദ്രോഹിക്കുന്നതു എനിക്കെത്രയും ഉല്ലാസകരമായിരുന്നു. ഈച്ചകളുടെ ചിറകു മുറിച്ചു വിട്ടുകളയും, എറുമ്പു മുതലായ പ്രാണികളുടെ കാൽ മുറിച്ചു അവറ്റെ അൎദ്ധപ്രാണങ്ങളാക്കി വിട്ടുകളയും. ഇങ്ങിനെ ഏറിയ ജീവികളെ ഞാൻ അംഗഭംഗം വരുത്തി ദ്രോഹിച്ചിട്ടുണ്ടു. ആർ ഉപദേശിച്ചിട്ടും അനുസരിച്ചിട്ടില്ല. ഇപ്പോൾ ഇതാ അവെക്കു അന്നുണ്ടായിരുന്ന വേദന ഏതു വിധമായിരുന്നു എന്നറിവാൻ എനിക്കു സംഗതിവന്നിരിക്കുന്നു.

ഈ കഥകളിൽനിന്നു നാം പഠിക്കുന്നതു പ്രാണികളെ ദ്രോഹിക്കുന്നവൎക്കു ചിലപ്പോൾ ഈ ലോകത്തിൽ വെച്ചു തന്നെ തക്കതായ ശിക്ഷ ലഭിക്കും എന്നാകുന്നു.

അണ്ണാക്ക് ഹേതു നരിയാണി രോഗശാല അൎദ്ധപ്രാണൻ
കെണിപ്പു പോൎക്കളം അസ്ഥി സമീപസ്ഥർ ഉല്ലാസകരം
നിഃട്ടാക്ഷി പടയാളി അംഗഹീനൻ അംഗഭംഗം

---

## 4. പറവകൾ.

ചിറകുള്ള ജന്തുക്കളെ വിദ്വാന്മാർ പ്രധാനമായി രണ്ടു വൎഗ്ഗങ്ങളായി വിഭാഗിച്ചിരിക്കുന്നു. ഒരു വകെക്കു ചിറകുണ്ടെങ്കിലും അധികം ദൂരത്തിലും വേഗത്തിലും പറപ്പാൻ കഴികയില്ല. അവ അധികമായി നടക്കുന്നു. ഇതിന്നു കോഴിവൎഗ്ഗം എന്നു പേർ. കോഴി, വാത്തു, തക്കി, മയിൽ, ഒട്ടകപ്പക്ഷി, കുളക്കോഴി മുതലായവ ഇതിൽ അടങ്ങിയിരിക്കുന്നു. നല്ലവണ്ണം പറക്കുവാൻ കഴിയുന്നതു രണ്ടാം വൎഗ്ഗം. കാട്ടുമൃഗങ്ങളിൽ പുല്ലുമേഞ്ഞു ജീവിക്കുന്നവയും മററു മൃഗങ്ങളെ കൊന്നുതിന്നുന്നവയും ഉള്ള പ്രകാരം പക്ഷികളുടെ ഇടയിലും പഴങ്ങളും ധാന്യങ്ങളും മാത്രം തിന്നുന്നവയും ഉണ്ടു, മാംസം ഭക്ഷിക്കുന്നവയും ഉണ്ടു. പ്രാവു, കുയിൽ, മൈന, തത്ത, പഞ്ചവൎണ്ണ



കിളി, കുരികിൽ മുതലായി മനുഷ്യന്നു എത്രയും പ്രിയമുള്ള പക്ഷികൾ പഴവും ധാന്യവും തിന്നുന്നു. സൂചീമുഖിയെ പോലെയുള്ള ചില നന്ന ചെറിയ പക്ഷികൾക്കു പുഷ്പങ്ങളിലുള്ള മധു പാനംചെയ്യുന്നതു വളരെ ഇഷ്ടം.

കഴുകൻ, പരന്തു, പ്രാപ്പിടിയൻ, ആനറാഞ്ചൻ എന്നിവ ചെറുപക്ഷികളെയും കോഴിക്കുട്ടികളെയും പിടിച്ചു തിന്നുന്നു. നാം നിത്യം കാണുന്ന കാക്കയും അങ്ങിനെ തന്നെ. ഇവെക്കൊക്കെ വളരെ ഉറപ്പുള്ള കൊക്കും മൂൎച്ചയുള്ള നഖങ്ങളുമുണ്ടു. കഴുകൻ വളരെ ഉയരത്തിൽ പറക്കും. അതിന്നു ശവം തിന്നുന്നതു അധികം താത്പൎയ്യം. അതിനാൽ വായുവിന്നു അശുദ്ധി വരുന്ന സാധനങ്ങളിൽ ഒന്നു കഴുകൻ ഇല്ലാതാക്കുന്നു. ആനറാഞ്ചൻ ചെറു ആട്ടിൻകുട്ടികളെ റാഞ്ചി കൊണ്ടുപോയിക്കളയും.

ഗരുഡനും ചെമ്പോത്തും പാമ്പുകളെ കണ്ട ഇടത്തു നിന്നു കൊത്തിക്കൊന്നു തിന്നുന്നതിനാൽ ആ വിഷജന്തുക്കളെ വളരെ പെരുകുവാൻ സമ്മതിക്കാതിരിക്കുന്നു. പകൽ കണ്ണു

കാണാത്ത നത്തും കൂമനും മാംസഭോജികളാകുന്നു. അവെക്ക വെളിച്ചം പൊറുത്തുകൂടായ്കയാൽ പകൽ ഒളിച്ചിരിക്കും. രാത്രി പുറമെ വന്നു ചെറുപക്ഷികളെയും പ്രാണികളെയും പിടിച്ചു തിന്നും.



കൊക്ക, പൊന്മ,(മീൻകള്ളത്തി) നാര, കണ്ണ്യപ്പൻ എന്നിങ്ങിനെ ചില പക്ഷികൾക്ക മത്സ്യത്തോടു എത്രയും ഇഷ്ടം.

മാംസഭോജികളായ പറവകളുടെ കൂട്ടത്തിൽ മത്സ്യം തിന്നുന്ന ചില പക്ഷികളെ മാത്രമേ മനുഷ്യർ ഭക്ഷിക്കാറുള്ളു. അതിന്നു പുറമെ പ്രാവു, കുയിൽ, കാട എന്നിവറെറ പ്രധാനമായി തിന്നുന്നു.

മൈന, തത്ത, പഞ്ചവർണ്ണക്കിളി എന്നി പക്ഷികളെ പോററി സംസാരിപ്പാൻ അഭ്യസിപ്പിക്കുന്നു.

മൃഗങ്ങളെപോലെ ചെവിയും പല്ലും പക്ഷികളെപോലെ ചിറകും ഉള്ളതിന്നു കടവാതിൽ എന്നു പേർ. ഇതു അണ്ഡജം അല്ല, ചിറകിന്നു തൂവലും ഇല്ല.

| | | | |
|---|---|---|---|
| വൎഗ്ഗങ്ങൾ | പാനംചെയ്യു | ഗരുഡൻ | മാംസഭോജി |
| പഞ്ചവൎണ്ണം | നിത്യം | മത്സ്യം | അഭ്യസിപ്പിക്ക |
| മധു | റാഞ്ചി | പെരുകുവാൻ | അണ്ഡജം |

---

## 5. കൃഷി.

നമ്മുടെ നാട്ടിലെ പ്രധാനഭക്ഷണപദാൎത്ഥം അരിയാകയാൽ ഇവിടത്തെ മുഖ്യകൃഷിയും നെല്ലാകുന്നു. നെൽകൃഷി ചെയ്യുന്ന സ്ഥലങ്ങൾക്കു വയലുകൾ അല്ലെങ്കിൽ പാടങ്ങൾ എന്നു പേർ. പറമ്പുകളിലും നെൽകൃഷി ചെയ്യാറുണ്ടെങ്കിലും അതു നന്നായി വിളയുന്നതു ആറ്റുവളം കൂടുന്ന പാടങ്ങളിലാകുന്നു.

കൃഷി ചെയ്വാൻ ഒന്നാമതു നിലം നന്നായി ആഴത്തിൽ മറിച്ചു ഉഴുതു ശരിയാക്കേണം. അതിന്റെ ശേഷം കള്ളിയും വരമ്പും എടുത്തു മണ്ണിൽ നല്ല ഫലശക്തി ഉണ്ടാവാൻ തക്കവണ്ണം തോലും, വളറും, ചാരവും ചേൎത്തു കലൎത്തേണം. ഈ രാജ്യത്തിൽ മഴത്തഞ്ചം നോക്കി വിത്തു വിതക്കേണം. കിഴക്കൻ ദിക്കുകളിൽ കുളങ്ങളിൽനിന്നും, ഏരികളിൽനിന്നും വെള്ളം വിട്ടു നനക്കുന്നതിനാൽ അവൎക്കു ഏതു സമയത്തും കൃഷിപ്പണി നടത്താം. വിത്തു മുളച്ചാൽ അതിന്നു ഞാർ എന്നു പേർ. അതു പറിച്ചെടുത്തു വീണ്ടും നടുന്നു. ഇതിന്നു നാട്ടിപ്പണിയെന്നും ഞാററുവേല എന്നും പറയും. ഇങ്ങിനെ പറിച്ചു നടാത്ത കൃഷിയും ഉണ്ടു. ഇതിന്റെ ഇടയിൽ മററു ചെടികൾ മുളക്കുന്നവെക്കു കളകൾ എന്നു പേർ. കള പറിച്ചു കളയേണ്ടതാകുന്നു. അല്ലെങ്കിൽ നെല്ല് ഞെരുങ്ങിപ്പോകയോ അതു വലിക്കേണ്ടും വളം ഈ കള വലിച്ചെടുക്കയോ ചെയ്യും. കതിർ പുറപ്പെട്ടു കുറെ കഴിഞ്ഞാൽ അതിൽ ഒരു വക പാൽ നിറയും. ഈ പാൽ ഉറച്ചാൽ നല്ല നെന്മണികളാകും. പാലില്ലാത്ത

വെക്കൾ ചാഴിയെന്നും പതിർ എന്നും പേർ. മണി പഴുത്തു കുല ചാഞ്ഞാൽ മൂന്നോട്ടുക്കുന്നു. അതിന്റെ ശേഷം അത്തു കററകളാക്കി കെട്ടി കളത്തിൽ കൊണ്ടു പോയി മെതിച്ചു പതിർ പാററി നല്ല ധാന്യം കളപ്പുരയിലോ നെല്ലറയിലോ സൂക്ഷിക്കും.

നെല്ല് കൂടാതെ എള്ള്, ചാമ, മുത്താറി, തിന, ചോളം, തുവര മുതലായ ധാന്യങ്ങളും ഈ നാട്ടിൽ കൃഷി ചെയ്യാറുണ്ടു.

തോട്ടങ്ങളിൽ തെങ്ങു, കഴുങ്ങു, പന, മാവു, പിലാവു മുതലായ ഫലവൃക്ഷങ്ങളും ചേമ്പു, ചേന മുതലായ കിഴങ്ങുകളും ചീര, വഴുതിന, പടോലം, കൈപ്പ, കുമ്പളം, മത്തൻ, പയർ, അവര മുതലായ തക്കാരികളും സസ്യങ്ങളും പലവിധ പുഷ്പച്ചെടികളും കൃഷി ചെയ്തുവരുന്നു. ഈ സസ്യങ്ങൾ വേനൽ കാലത്തും നട്ടു നനച്ചുണ്ടാക്കാം.

| | | |
|---|---|---|
| ഭക്ഷണപദാർത്ഥം | ഫലശക്തി | ധാന്യങ്ങൾ |
| ആററുവളം | ഏരി | തക്കാരികൾ |
| ഉഴവു | കളം | പുഷ്പച്ചെടികൾ |

---

## 6. സമുദ്രം, തടാകം, ദ്വീപു.



ഭൂമി ഉരുണ്ട ഒരു ഗോളമാകുന്നു എന്നു നിങ്ങൾ പഠിച്ചിരിക്കുന്നുവല്ലോ. ഇപ്പോൾ അതിന്റെ ഉപരിഭാഗം ഏതുവിധത്തിലുള്ളതാകുന്നു എന്നു പറയാം. ഭൂമിയുടെ ഏകദേശം

മുക്കാലംശവും വെള്ളമാകുന്നു. കാലംശം മാത്രമേ ഉണങ്ങിയ നിലമായിട്ടുള്ളു. ഈ ഉണങ്ങിയ നിലത്തെ ചുററിയിരിക്കുന്ന അത്യന്തം വിസ്തീൎണ്ണമുള്ള വെള്ളനിലകൾക്കു സമുദ്രം എന്നു പേർ. സ്വല്പം ചെറുതായാൽ കടൽ എന്നു പറയും. നമ്മുടെ മലയാളരാജ്യത്തിന്റെ ഒരു ഭാഗം മുഴുവനെ കടലാകുന്നു. കടലിലെ വെള്ളം നമുക്കു കുടിപ്പാൻ കഴികയില്ല. കാരണം അതു വളരെ ഉപ്പുരസമുള്ളതാകുന്നു. ഉപ്പുരസം അല്ലാതിരുന്നാൽ വെള്ളം നാറിപ്പോകയും അതിലുള്ള നാനാതരമത്സ്യങ്ങൾ ആസകലവും നശിച്ചുപോകയും ചെയ്യും. കടൽ ഒരിക്കലും ശാന്തമായിരിക്കുന്നില്ല. കാററുനിമിത്തം വലിയ തിരകൾ ഉരുണ്ടുരുണ്ടു വന്നു കരെക്കു പൊട്ടി അലെക്കും.

ഉണങ്ങിയ നിലത്തു മലകളും താഴ്വരകളും സമനിലങ്ങളും ഉള്ളതുപോലെ സമുദ്രത്തിലും ഉണ്ടു. അതുകൊണ്ടു കടലിൽ ആഴം പലേടത്തും പലപ്രകാരമത്രെ. ചില സ്ഥലങ്ങളിൽ കടലിലെ മലകൾ വെള്ളത്തിൻ മീതെ പൊങ്ങിക്കാണാം. ഇവററിൽ ചെറുവകകൾക്കു തുരുത്തി എന്നും വലിയവെക്കു ദ്വീപു എന്നും പേർ. വേറൊരു വിധത്തിൽ ചില ദ്വീപുകൾ ഉണ്ടാകാറുണ്ടു. സമുദ്രത്തിൽ ഒരുവക കൃമികളുണ്ടു. അവ അവററിന്റെ ഉടലിൽനിന്നു ദ്രവിക്കുന്ന ഒരുവക സാധനം കുറേശ്ശ കുറേശ്ശയായി അടിമുതൽ മുകളോളം കെട്ടി ഉയൎത്തുന്നു. ഇവ വെള്ളത്തിന്റെ മീതെ എത്തിയാൽ അവററിന്മേൽ ഓളങ്ങൾ അടിച്ചു കയററുന്ന ഇലകളും മരക്കഷണങ്ങളും മററും ദ്രവിച്ചു മണ്ണായിത്തീരുകയും അതിന്മേൽ പക്ഷികൾ കാഷ്ഠിക്കുന്ന ഓരോവിധം വിത്തുകൾ മുളച്ചു സസ്യങ്ങളും വൃക്ഷങ്ങളും ഉണ്ടാകയും ഇങ്ങിനെ മനുഷ്യൎക്കു വസിപ്പാൻതക്ക നിലമായി തീരുകയും ചെയ്യും.

ഒരു ദ്വീപു നാലു പുറവും വെള്ളത്താൽ ചുററപ്പെട്ടിരിക്കുന്നതു പോലെ തന്നെ കരയിൽ നാലു പുറവും ഉണങ്ങിയ

നിലത്താൽ ചുററപ്പെട്ട ജലാശയങ്ങളും ഉണ്ടു. അവയെ എത്രയും വലിയ ഒരു കുളത്തോടുപമിക്കാം. അവെക്കു സരസ്സ് എന്നും തടാകം എന്നും പേർ.

മനുഷ്യർ എത്രയോ ആയിരം വൎഷങ്ങൾക്കു മുമ്പെ തന്നെ കപ്പലുകളും ഉരുക്കളും ഉണ്ടാക്കുന്ന സൂത്രം കണ്ടുപിടിച്ചു, ഒരു ദേശത്തിലെ ചരക്കുകൾ മറെറാരു ദേശത്തിലേക്കു കൊണ്ടു പോകുന്ന കാൎയ്യം സാധിപ്പിച്ചിരിക്കുന്നു. അതിന്നു കപ്പലോട്ടം എന്നു പേർ പറയുന്നു.

| | | |
|---|---|---|
| ഉപരിഭാഗം | വെള്ളനിലകൾക്കു | ഓളങ്ങൾ |
| വിസ്തീൎണ്ണം | സ്വല്പം | ജലാശയങ്ങൾ |
| അത്യന്തം | ആസകലം | ഉപമിക്ക |

---

## 7. സമുദ്രം, ദ്വീപു (തുടൎച്ച).

### കഥ.

കടലിലുള്ള ദ്വീപുകളിൽ ചിലതു തീരെ തരിശുഭൂമിയാകുന്നു. ചിലതു ഫലവൃക്ഷങ്ങളാലും ജീവജന്തുക്കളാലും നിറഞ്ഞതാണെങ്കിലും വിജനമാകുന്നു. ഈ രണ്ടാം മാതിരി ദ്വീപുകളിൽ ഒന്നിൽ ഒരിക്കൽ അലക്ഷന്തർ സെൽകൎക്ക് എന്നു പേരായ ഒരു കപ്പൽക്കാരൻ നാലു സംവത്സരം പാൎക്കേണ്ടി വന്നു. അവൻെറ കപ്പലിൻെറ മേധാവിയോടു അവന്നു രസക്കേടായതിനാൽ തന്നെ ആ ദ്വീപിൽ ഇറക്കി വിട്ടേക്കണം എന്നു അവൻ തന്നെ പറഞ്ഞു. രണ്ടു നേരത്തെ ഭക്ഷണവും ഒരു തോക്കും കുറെ മരുന്നും ചില്ലും കുറെ വസ്ത്രങ്ങളും ഒരു പെട്ടിയും ഒരു കത്തിയും ഒരു കോടാലിയും ഒരു വേദപുസ്തകവുമല്ലാതെ മററു യാതൊന്നും അവൻ എടുത്തില്ല. അവിടെ ജനങ്ങൾ ഇല്ലയായിരുന്നെങ്കിലും ഭക്ഷണത്തിന്നു വേണ്ടി എപ്പോഴും അദ്ധ്വാനിക്കേണ്ടിവന്നതിനാൽ ആ നേരംപോക്കിൽ

ആ വ്യസനം അവൻ അധികമായി അറിഞ്ഞില്ല. ഒന്നാമതു അവൻ കടൽതീരത്തിൽ കണ്ട ആമകളെ പിടിച്ചു അതിന്റെ മാംസം തിന്നുപജീവിച്ചു എങ്കിലും കാലക്രമേണ അതിൽ മനസ്സു വെടിഞ്ഞുപോയി. കാട്ടാടുകൾ അവിടെ അനവധിയുണ്ടായിരുന്നു. അവൻ അവററിന്റെ പിന്നാലെ ഓടി അവയെ പിടിക്കുവാൻ നിത്യാഭ്യാസത്താൽ പ്രാപ്തനായിത്തീൎന്നു. പക്ഷേ ദീനം പിടിപെട്ടാൽ ഇതു ചെയ്യാൻ കഴികയില്ലല്ലൊ എന്നു കരുതി അവൻ ആട്ടിങ്കുട്ടികളെ കാലിന്നു മുടന്തുവരുത്തി തന്റെ കുടിഞ്ഞിലിന്റെ ചുററും കൂട്ടമായിട്ടു പോററി വളൎത്തി. അവിടെ വളരെ എലികളും ഉണ്ടായിരുന്നു. അവ അവൻ ഉറങ്ങുമ്പോൾ അവന്റെ കാൽ കാൎന്നുകളകയോ ഉടുപ്പുകളും മററും കടിച്ചു കീറുകയോ ചെയ്തുകൊണ്ടു വളരെ ഉപദ്രവിച്ചു. അതു നിൎത്തൽ ചെയ്യാൻ അവൻ കാട്ടുപൂച്ചകളെ മെരുക്കിവളൎത്തി. വസ്ത്രങ്ങളെല്ലാം കീറിയപ്പോൾ അവൻ തോൽകൊണ്ടു ഉടുപ്പുണ്ടാക്കി ഉടുത്തു. ഒരിക്കൽ അവൻ ഒരു ആട്ടിനെ പിന്തുടൎന്നോടുമ്പോൾ ഒരു മലശിഖരത്തിന്മേൽനിന്നു കാൽ ഇടറി വീണു ബോധം കെട്ടുപോയി. ബോധം വന്നപ്പോൾ മൂന്നുദിവസം താൻ അങ്ങിനെ കിടന്നു എന്നു ചന്ദ്രന്റെ വൃദ്ധികൊണ്ടറിഞ്ഞു. [ചന്ദ്രൻ ദിവസേന വളരുന്നതും കുറയുന്നതും നിങ്ങൾ കണ്ടിരിക്കുമല്ലൊ]. ഇങ്ങിനെ അവൻ ആദികാലത്തിൽ ജനങ്ങളെ കാണാതെ വളരെ ദുഃഖിക്കയും സമുദ്രത്തിൽനിന്നു രാത്രി കരമേൽ കയറി ഭയങ്കരമായി നിലവിളിക്കയും ഗൎജ്ജിക്കയും ചെയ്ത ഘോരജലജന്തുക്കളെ ഭയപ്പെടുകയും ചെയ്തുവെങ്കിലും ക്രമേണ ആ ജീവനം അവന്നു ഇമ്പകരമായിതോന്നി. ഒരു കപ്പൽ ആ കരെക്കണഞ്ഞപ്പോൾ അവന്നു ആ ദ്വീപു വിട്ടുവാൻ ആദ്യം ഇഷ്ടമുണ്ടായില്ലെങ്കിലും കപ്പൽക്കാരുടെ നിൎബ്ബന്ധത്താൽ സ്വരാജ്യത്തിലേക്കു പോകയും ചെയ്തു.

| | | | |
|---|---|---|---|
| വിജനം | കാന്ത | വൃദ്ധി | ഇമ്പകരം |
| മേധാവി | മലശിഖരം | ഘോരം | അണഞ്ഞു |
| കടൽതീരം | ഇടറി | ജലജന്തുക്കൾ | നിർബ്ബന്ധം |

---

## 8. നായ്.

നായ് മനുഷ്യൻ പോററി വളൎത്തുന്ന മൃഗങ്ങളിൽ വെച്ചു ഏററവും പ്രയോജനമുള്ള ഒരു ജന്തുവാകുന്നു. മനുഷ്യന്റെ ജീവനെയും മുതലിനെയും കാക്കേണ്ടതിന്നും കാട്ടുമൃഗങ്ങളെ അവന്റെ പാട്ടിലാക്കുവാൻ സഹായിക്കേണ്ടതിന്നും തക്കവണ്ണം ദൈവം നായെ സൃഷ്ടിച്ചു എന്നു തോന്നുന്നു. മനുഷ്യൻ പാൎക്കുന്ന ഏതു രാജ്യത്തിലും നായെയും കാണാം. അത്യന്തം കുളിരുള്ള ഉത്തരരാജ്യങ്ങളിലും ഏററവും ചൂടുള്ള ഉഷ്ണഭൂമികളിലും നായ് ഉണ്ടു. എങ്കിലും ഓരോ രാജ്യത്തിലെ നായ് അതാതു ദേശത്തിന്നു പററിയ വിധത്തിലുള്ളതാകുന്നു.

നായ്ക്കളെ പലജാതികളും വൎഗ്ഗങ്ങളുമായി വിഭാഗിച്ചിരിക്കുന്നു.

ഒന്നാമതു: നായാട്ടുനായ്ക്കൾ. ഇതിലും രണ്ടു പ്രധാന വൎഗ്ഗങ്ങളുണ്ടു. ഒരു തരത്തിന്നു ഘ്രാണേന്ദ്രിയം എത്രയും വിശേഷമായിട്ടുള്ളതാകുന്നു. വാസനയാൽ അതു മൃഗങ്ങളെ തേടിപ്പിടിക്കും. മററെ വകെക്കു ദൃഷ്ടി എത്രയോ ദീൎഘം എത്തുന്നതാകുന്നു. വളരെ ദൂരെ ഒളിച്ചു കിടക്കുന്ന ഒരു മൃഗത്തിന്റെ ശരീരാംശം ലേശമെങ്കിലും വെളിയിലുണ്ടെങ്കിൽ അതു കണ്ടറിയും. ഈ വകെക്കു അതിവേഗത്തിൽ ഓടുവാനും കഴിയും. രണ്ടാമതു: മനുഷ്യനെ ശുശ്രൂഷിക്കുന്ന നായ്ക്കൾ. ഇതിലും പ്രധാനമായി രണ്ടു വൎഗ്ഗങ്ങളുണ്ടു. ഒരുവക, ആട്ടിടയന്മാരോടു കൂടെ ആടുകളെ മേയിപ്പാൻ പോകും. ആടുകൾ ചിതറി നടക്കുമ്പോൾ അവററെ കൂട്ടത്തിൽ കൊണ്ടു വന്നു ചേൎക്കും. ദൃഷ്ടി

മൃഗങ്ങളിൽനിന്നു അവറെറ രക്ഷിക്കും. മറെറ വക മനുഷ്യന്റെ വീടു കാത്തു അവന്റെ പ്രാണനെയും വസ്തുവകകളെയും രക്ഷിക്കുകയും ചെയ്യും. വിലാത്തിയിൽ ചില പൎവ്വതപ്രദേശങ്ങളിൽ ഹിമം വീണു ഉറച്ചു പോകാറുണ്ടു. ചിലപ്പോൾ വഴിയാത്രക്കാർ ഈ മഞ്ഞിൽ അകപ്പെട്ടു മൂടിപ്പോകും. അവരെ രക്ഷിക്കേണ്ടതിന്നായി ആ ദിക്കുകാർ ഈ വകയിൽ ഒരു മാതിരി നായ്ക്കളെ വളൎത്തിവരുന്നു. ഈ നായ്ക്കൾ മഞ്ഞിന്റെ ഉള്ളിൽ ആളുകൾ ഉണ്ടെങ്കിൽ ക്ഷണം അറികയും മഞ്ഞു മാന്തിക്കളകയും ഉറക്കെ കുരച്ചുംകൊണ്ടു ഈ അപായത്തെ തങ്ങളുടെ യജമാനന്മാരെ അറിയിക്കയും ചെയ്യും.

നായ്ക്കളുടെ ബുദ്ധിയും സാമൎത്ഥ്യവും അവറെറക്കൊണ്ടു മനുഷ്യൎക്കുള്ള പ്രയോജനവും വിവരിക്കുന്നതായ വാസ്തവസംഭവങ്ങൾ തന്നെ എഴുതുവാൻ തുടങ്ങിയാൽ ഒരു വലിയ പുസ്തകം നിറക്കാം.

| | | | |
|---|---|---|---|
| പ്രയോജനം | ഉത്തരരാജ്യം | ദൃഷ്ടി | ഹിമം |
| മുതൽ | ഉഷ്ണഭൂമി | ലേശം | അപായം |
| പാട്ടിലാക്കുവാൻ | ഘ്രാണേന്ദ്രിയം | വെളി | വാസ്തവം |

---

## 9. നായ് (തുടൎച്ച).

### കഥ.

1. വിലാത്തിയിൽ ഒരു വഴിയമ്പലത്തിൽ ചില വൎഷങ്ങൾക്കു മുമ്പെ ഒരു നായുണ്ടായിരുന്നു. അതു ദിവസേന കാലത്തു എട്ടുമണിക്കു വായിൽ ഒരു കൊട്ടയുമായി അപ്പത്തിന്നായി അപ്പക്കൂട്ടിലേക്കു ചെല്ലും. അപ്പക്കാരൻ ആ കൊട്ടക്കകത്തുള്ള പണം എടുത്തു ആ വിലെക്കുള്ള അപ്പം അതിൽ

ഇട്ടു കൊടുക്കും. അതുംകൊണ്ടു നേരെ ഓടി തന്റെ യജമാനന്നു കൊണ്ടു കൊടുക്കും. ഞായറാഴ്ച അപ്പം വില്ക്കാറില്ലയായിരുന്നു. നായ്ക്കു ആ ദിവസവും കൂടി നിശ്ചയമുണ്ടായിരുന്നു. ഞായറാഴ്ച അതു കൊട്ട എടുക്കയുമില്ല പോകയുമില്ല. ഒരിക്കൽ അപ്പം കൊണ്ടുവരുമ്പോൾ മറെറാരു നായ് അതിനെ ആക്രമിപ്പാൻ ഒരുമ്പെട്ടെങ്കിലും നായ് കൊട്ട താഴെ വെച്ചു ആ നായെ കഠിനമായി കടിച്ചുരുട്ടി ഓടിച്ചു കൊട്ടയും എടുത്തു തന്റെ വഴിക്കു തന്നെ പോയി.



2. ഇംഗ്ലന്തിൽ കെൻററ് എന്ന രാജ്യത്തിന്റെ കരെക്കു സമീപം ഒരിക്കൽ ഒരു കപ്പൽ കൊടുങ്കാററിനാൽ പാറമേൽ കയറിപ്പോയി. അതിന്മേൽ തിരമാലകൾ ഏററവും ഊക്കോടെ അലെച്ചിരുന്നതിനാൽ അതു ക്ഷണത്തിൽ പൊളിഞ്ഞു ഛിന്നഭിന്നമായി പോകും എന്നു കരെക്കു നിന്നവരെല്ലാം അറിഞ്ഞു. എങ്കിലും അതിന്റെ പാമരത്തിന്മേൽ ഉണ്ടായിരുന്ന കയറുകളിന്മേൽ തൂങ്ങിയിരുന്ന എട്ടു കപ്പല്ക്കാരെ രക്ഷിപ്പാൻ യാതൊരു നിൎവ്വാഹവും കണ്ടില്ല. കോൾ നിമിത്തം തോണി ഇറക്കുവാൻ തന്നെ നിവൃത്തിയുണ്ടായില്ല. ഈ വൎത്തമാനം കേട്ടിട്ടു കടല്ക്കരയിൽ ഓടിവന്ന ജനസമൂഹത്തിന്നിടയിൽ ഒരു സായ്പും തന്റെ ഒരു നായോടു കൂട ഓടിവന്നിരുന്നു. അദ്ദേഹം

ഉടനേ ഒരു ചരടു ഒരു കോലിന്റെ തലെക്കു കെട്ടി ആ കോൽ ആ നായെ കൊണ്ടു കടിപ്പിച്ചു അതിനോടു കപ്പലിലേക്കു നീന്തുവാൻ പറഞ്ഞു. കാറ്റും കോളും പേടിക്കാതെ യജമാനന്റെ കല്പനപ്രകാരം കടലിലേക്കു ചാടി എത്രയും പ്രയാസത്തോടെ ആ ചരടു കപ്പലിലേക്കെത്തിച്ചു. ആ ചരടിന്റെ തലെക്കു പിന്നെ ഒരു തടിച്ച കമ്പക്കയർ കെട്ടിയതു കപ്പല്ക്കാർ വലിച്ചെടുത്തു കപ്പലിന്റെ പാമരത്തോടു കെട്ടി ഭദ്രമാക്കി മറ്റെ തല ഇങ്ങു കരെക്കും ഉറപ്പായി കെട്ടിയിരുന്നതിനാൽ അതു പിടിച്ചുംകൊണ്ടു അവർ എട്ടു പേൎക്കും കരെക്കെത്തി രക്ഷപ്പെടുവാൻ സംഗതിവന്നു. ആ നായും അവരോടു കൂടെ നീന്തി കരെക്കെത്തി. ഇങ്ങിനെ എട്ടാളുകളുടെ ജീവനെ ആ നായ് അന്നു മരണത്തിൽനിന്നുദ്ധരിച്ചു.

| | | | |
|---|---|---|---|
| വഴിയമ്പലം | കൊടുങ്കാറ്റു | പാമരം | സമൂഹം |
| ഒരുമ്പെട്ടു | തിരമാലകൾ | കോൽ | ഭദ്രമാക്കി |
| ആക്രമിപ്പാൻ | ഛിന്നഭിന്നമായി | നിവൃത്തി | ഉദ്ധരിച്ചു |

## 10. സദുപദേശം.

കാലത്തെയുണരേണം, ബാലകന്മാരേ, നിങ്ങൾ
ദൈവത്തെ മനസ്സിങ്കൽ നന്നായി നിനക്കേണം ||
നേരത്തെയുറങ്ങുമ്പോൾ കാത്തോരുദേവൻ തന്റെ
നാമത്തെ സ്തുതിക്കേണം വന്ദനം ചൊല്ലീടേണം ||
കോലത്തെ നല്ലവണ്ണം വൃത്തിയിൽ കഴകേണം
ശീലത്തെ വിടക്കാക്കിത്തീൎക്കാതെയിരിക്കേണം ||
പാഠത്തെ പഠിക്കേണം മൂഢത്വം വിട്ടീടേണം
പീറത്വം ചെയ്തീടാതെ സമയം കഴിക്കേണം ||
അച്ഛനെ വണങ്ങേണം അമ്മയെ സ്നേഹിക്കേണം
മെച്ചമാണവർ ചൊന്നതെന്നുള്ളിൽ നിനക്കേണം ||

പാഠത്തെ പഠിപ്പിക്കുന്നാളെയും വണങ്ങേണം
കൂടത്താൻ വയസ്സരെ കാണുമ്പോൾ വന്ദിക്കേണം ||
മൂത്തോരെ മാനിക്കേണം താണോരിൽ സ്നേഹം വേണം
ചീത്തവാക്കാരോടും താൻ പറയാതിരിക്കേണം ||
ഇങ്ങിനെ നല്ല ശീലത്തോടുടൻ വളൎന്നീടിൽ
എങ്ങിനെയെന്നാകിലും നന്നാകും മേലിൽ നിങ്ങൾ ||

| | | | |
|---|---|---|---|
| നാമം | കോലം | പീറത്വം | ചൊന്നതു |
| വന്ദനം | വൃത്തി | മെച്ചം | നിനക്ക |

---

## 11. ദേഹപ്രയത്നം.




നമ്മുടെ ഉപജീവനത്തിന്നും സുഖത്തിന്നും ആവശ്യമായ സൎവ്വപദാൎത്ഥങ്ങളും ഈ ഭൂമിയിൽനിന്നു നമുക്കു ലഭിക്കത്തക്ക സ്ഥിതിയിൽ ദൈവം ഈ ഭൂമിയെ സൃഷ്ടിച്ചിരിക്കുന്നു. എങ്കിലും ദേഹാദ്ധ്വാനം കൂടാതെ ഇവ നമ്മുടെ ആവശ്യത്തിന്നു തക്കവണ്ണം കിട്ടുകയില്ല. നെല്ലു വിതെച്ചു മുളപ്പിച്ചു രക്ഷിച്ചു കൊയ്യേണം എന്നു കഴിഞ്ഞ ഒരു പാഠത്തിൽ വായിച്ചുവല്ലോ.

ഇതിന്നായി എത്ര അധികം പ്രയത്നിക്കുന്നുവോ അത്ര അധികം ഫലവും അനുഭവമാകും. ലോഹങ്ങൾ ഭൂമിയിൽനിന്നു കുഴിച്ചെടുത്തു ശുദ്ധി ചെയ്യേണം. ഇതെത്രയും പ്രയാസവും അപായകരവുമായ ഒരു പ്രവൃത്തിയാകുന്നു. പരുത്തിച്ചെടി നട്ടുണ്ടാക്കി പരുത്തി നൂററു നൂലാക്കി അതുകൊണ്ടു തുണി നെയ്തു നമുക്കു വസ്ത്രം ഉണ്ടാക്കേണ്ടിവരുന്നു. ഇതിന്നു കൃഷിക്കാർ, നെയ്ത്തുകാർ, തുന്നക്കാർ മുതലായ പല കൈവേലക്കാരുടെ അദ്ധ്വാനം ആവശ്യമാകുന്നു. ഇങ്ങിനെയുള്ള നാനാവിധപ്രയത്നങ്ങളാൽ മാത്രമേ മനുഷ്യൎക്കു ഓരോരുത്തനായോ ഒരു രാജ്യത്തിന്നു മുഴുവനായോ ധനാധിക്യം ഉണ്ടാവാൻ കഴിവു വരികയുള്ളൂ.

ഒരാളുടെ അദ്ധ്വാനത്തിന്റെ ഫലം മററൊരാൾ മടിയനായിരുന്നു അനുഭവിക്കുന്നതു ന്യായമല്ല. ഈ രാജ്യത്തിൽ അംഗഭംഗം യാതൊന്നുമില്ലാത്ത അനേകസുഖദേഹികൾ ഭിക്ഷയാചിച്ചു അഹോവൃത്തി കഴിക്കുന്നു. സാക്ഷാൽ ആരോഗ്യമില്ലാത്തവൎക്കു കിട്ടേണ്ടുന്ന ധൎമ്മം അവർ കൈക്കലാക്കുന്നു. അങ്ങിനേത്തവൎക്കു ഭിക്ഷകൊടുക്കുന്നതിന്നു ധൎമ്മം എന്നു പറവാൻ പാടില്ല. അതു അവരെ മടിയരാക്കുവാൻ ഉത്സാഹിപ്പിക്കുന്ന ഒരു പ്രവൃത്തിയത്രെ. അവൎക്കു കൊടുക്കുന്ന പണമോ സാധനങ്ങളോ വെറും നഷ്ടം എന്നേ പറവാൻ പാടുള്ളൂ.

ദൈവം ദേഹപ്രയത്നത്തിൽ വലുതായ ഒരു അനുഗ്രഹം വെച്ചിട്ടുണ്ടു. പ്രയത്നിക്കുന്നവൎക്കു തങ്ങളുടെ അദ്ധ്വാനത്തിന്റെ സാഫല്യം കാണുമ്പോൾ തന്നെ ഒരു സന്തോഷം ഉണ്ടാകും. ദേഹാദ്ധ്വാനം ചെയ്യുന്നവൎക്കു വെറുതെ ഇരുന്നുകൊണ്ടു തങ്ങളുടെ പൂൎവ്വന്മാർ സമ്പാദിച്ചുവെച്ച ധനം കൊണ്ടു ഉപജീവനം കഴിക്കുന്നവരെക്കാൾ ദേഹബലം ഉണ്ടാകും. അദ്ധ്വാനിക്കുന്നവൎക്കു നല്ല വിശപ്പും ദഹനവും ഉണ്ടാകും എന്നു മാത്രമല്ല താന്താൻ സമ്പാദിച്ചതിന്നു ഒരു പ്രത്യേക

രുചി തന്നെ ഉണ്ടാകും. പകൽ മുഴവൻ വേല ചെയ്യുന്നവൎക്ക രാത്രി നല്ല ഉറക്കം സുഖവും ഉണ്ടാകയും ചെയ്യും.

| | | | |
|---|---|---|---|
| ഉപജീവനം | ദേഹാഭ്യാസം | സുഖദേഹികൾ | പൂൎവ്വന്മാർ |
| സൎവ്വം | പ്രയത്നം | സാഫല്യം | ആരോഗ്യം |
| | ലഭിക്ക | ധനാധിക്യം | |

---

## 12. ദേഹപ്രയത്നം (തുടൎച്ച).

ഒരു കൃഷിക്കാരൻ മരിക്കാറായപ്പോൾ താൻ ജീവകാലം മുഴവൻ ചെയ്ത പ്രവൃത്തി തന്നെ തന്റെ മക്കളും ചെയ്യേണം എന്നു നിനെച്ചു അതിലേക്ക അവരെ ഉത്സാഹിപ്പിക്കേണ്ടതിനായി അവൻ ഒരു കൌശലം പ്രയോഗിച്ചു. അതെന്തെന്നാൽ:—അവൻ അവരെ തന്റെ കിടക്കക്കരികെ വിളിച്ചു വരുത്തി അവരോടു "എന്റെ മക്കളേ! നിങ്ങൾക്ക അവകാശമായി തരുവാൻ എനിക്ക എന്റെ വയലും മുന്തിരിങ്ങാത്തോട്ടവും മാത്രമേ ഉള്ളൂ. നിങ്ങൾ അതു പങ്കിടാതെ കൂട്ടവകാശമായി അനുഭവിച്ചു കൊൾവിൻ. എങ്കിലും ഒരു കാൎയ്യം ഓൎമ്മ വെക്കേണം. ഈ നിലങ്ങൾ നിങ്ങളുടെ കൈക്കൽനിന്നു ഒരിക്കലും പോയ്പോകരുതു. കാരണം എനിക്ക മറ്റു വല്ല നിക്ഷേപങ്ങൾ ഉണ്ടെങ്കിൽ അതെല്ലാം ഈ നിലങ്ങളിൽ ഒരേടത്തു മറഞ്ഞു കിടപ്പുണ്ടു" എന്നു പറഞ്ഞു. അതിന്റെ ശേഷം കൃഷിക്കാരൻ മരിച്ചു.

അച്ഛന്റെ മരണശേഷം മക്കൾ തങ്ങൾക്ക അവകാശമായി കിട്ടിയ നിലത്തിൽ എവിടയോ ഒരു സ്ഥലത്തു നിധിയുണ്ടെന്നാകുന്നു അച്ഛൻ പറഞ്ഞതു എന്നു കരുതി ഒരു സൂചിപ്പഴുതുപോലും വിടാതെ വയലും തോട്ടവും മുഴവനെ കിളച്ചു മറിച്ചു നോക്കി. എങ്കിലും യാതൊരു നിക്ഷേപവും നിധിവെപ്പും അവർ കണ്ടില്ല. അതുകൊണ്ടു അവർ നിലം തട്ടി

നിരത്തി അതിൽ കൃഷിചെയ്തു. അപ്പോൾ മണ്ണിൻെറ ഇളക്കം നിമിത്തം വിത്തു ഏററവും വിശേഷമായി തഴച്ചു വളൎന്നു എത്രയും സുലഭമായ ഒരു വിള കൊയ്തെടുക്കുവാൻ ഇടയായി. അപ്പോൾ അവൎക്കു ഇതു തന്നെയായിരുന്നു അച്ഛൻ പറഞ്ഞ നിക്ഷേപം എന്നു മനസ്സിലായി.

തങ്ങൾ സ്വന്തകരങ്ങളാൽ ചെയ്ത പ്രവൃത്തിയുടെ ഫലം അത്യന്തം സന്തോഷകാരണമായി തീൎന്നതിനാൽ അതുമുതൽ അവർ വത്സരന്തോറും തങ്ങൾ തന്നെ വയലിൽ അദ്ധ്വാനിച്ചു പ്രവൃത്തിച്ചു കൃഷി ചെയ്തുപോന്നു.

"എല്ലു മുറിയെ പണിതാൽ പല്ലു മുറിയെ തിന്നാം."

| | | | |
|---|---|---|---|
| അവകാശം | നിക്ഷേപം | തഴച്ചു | സ്വന്തകരങ്ങൾ |
| പങ്കിടുക | നിധി | സുലഭം | നിധിവെച്ചു |
| | കൂട്ടവകാശം | സൂചിപ്പുഴതു | |

---

## 13. ഒട്ടകപ്പക്ഷി.

പറവജാതികളിൽ വെച്ചു ഏററവും വലിയതു കോഴിവൎഗ്ഗത്തിൽ ഉൾപ്പെട്ട ഒട്ടകപ്പക്ഷി തന്നെ. അതു പറക്കുന്നതു ദുൎല്ലഭം. അതിശീഘ്രത്തിൽ ഓടുകയത്രെ ചെയ്യുന്നതു. ഒരു നിമിഷത്തിൽ ഒരു നാഴിക ഓടും. അതിവേഗതയുള്ള അറബിക്കുതിരെക്കുപോലും അതിനോടു പാഞ്ഞെത്തുവാൻ പ്രയാസം. ശക്തിയും ധാരാളമുണ്ടു. മൂപ്പെത്തിയ ഒട്ടകപ്പക്ഷി ഒരു ചവിട്ടു കൊടുത്താൽ കുറുക്കൻ, ചെന്നായി മുതലായ ദുഷ്ട ജന്തുക്കൾ ചത്തുപോകും.

വളൎച്ച തികെഞ്ഞ ഒട്ടകപ്പക്ഷിക്കു എട്ടടി ഉയരം ഉണ്ടാകും. അതിന്നു തലെക്കും കഴുത്തിന്നും കാലുകൾക്കും തൂവലില്ല. അവ ഒട്ടകത്തിൻേറവ പോലെ ആകയാലത്രേ ഇതിന്നു ഒട്ടകപ്പക്ഷി എന്നു പേർ പറയുന്നതു. ഉടലിൽ പൂവന്നു കറുപ്പും




പിടെക്ക തവിട്ടുനിറവുമായ തൂവലും രണ്ടിന്നും വാലിന്നു ശുദ്ധ വെള്ളത്തൂവലും ഉണ്ടു. കാലടിയിലെ തോൽ മരംപോലെ ഉറപ്പുള്ളതാകുന്നു. അതിന്റെ ജീവാധാരം കാലിലാകയാൽ വേട്ടക്കാർ ഉപായത്താലെ പതിയിരുന്നു തരം നോക്കി കാലിന്നു വെടിവെക്കുന്നു. കണ്ണിന്നു എത്രയും നല്ല സൂക്ഷ്മമുണ്ടു. ശത്രുക്കളെ ദൂരത്തിൽനിന്നു കണ്ടറിയും. എങ്കിലും അതു ഓടി

എവിടെ എങ്കിലും മറഞ്ഞാൽ തന്റെ ശത്രുവിനെ കാണുന്നില്ലെങ്കിൽ ശത്രു തന്നെയും കാണുന്നില്ല എന്നൊരു ഭോഷത്വം അതിന്നുണ്ടു.

ഒട്ടകപ്പക്ഷി കോഴിയെ പോലെ ധാന്യങ്ങളും സസ്യങ്ങളുടെ മുളയും മററും തിന്നു ഉപജീവിക്കുന്നു. ചെറുപ്രാണികളെയും കല്ലും മണ്ണും ആണിയും കൂടി തിന്നുകയും ചെയ്യും. അതിന്നു ഒട്ടകത്തെ പോലെ നാലഞ്ചു ദിവസത്തോളം വെള്ളം കുടിക്കാതിരിപ്പാൻ ശക്തിയുണ്ടു. ചിലർ അതിന്നു തീവിഴുങ്ങിപ്പക്ഷി എന്നു പേർ പറയുന്ന സംഗതി അതു തീക്കട്ട കൊത്തി വിഴുങ്ങുന്നതുകൊണ്ടാകുന്നുപോൽ.

ഇളംപ്രായത്തിലിരിക്കുന്ന ഒട്ടകപ്പക്ഷിയെ മനുഷ്യർ തിന്നും. മൂത്താൽ മാംസത്തിന്നു ഉറപ്പും അരുചിയും ആയിപ്പോകും. ഇറച്ചിയെക്കാൾ അതിന്റെ മുട്ട അധികം പ്രയോജനമുള്ളതു. ഒരു മുട്ട ഒരു തേങ്ങയോളം വലിപ്പമുള്ളതും ഇരുപത്തുനാലു കോഴിമുട്ടയുടെ ഘനമുള്ളതും ആയിരിക്കും. അറവികൾ അതു എടുത്തു അതിന്റെ തല ഒരു വശം അല്പം തുറന്നു അങ്ങിനെ തന്നെ നെരിപ്പിന്മേൽ വെച്ചു ഒരു കോൽ കൊണ്ടു ഇളക്കി വേവിക്കും. അതു ഉറെച്ചു കട്ടിയായാൽ എടുത്തു ഭക്ഷിക്കും. ഈ അവസ്ഥയിൽനിന്നു ആ മുട്ടയുടെ തോടു എത്ര ഉറപ്പുള്ളതെന്നു ഊഹിച്ചറിയാമല്ലൊ. അതു ആനക്കൊമ്പു പോലെ വെണ്മയായതും ആകുന്നു. അഫ്രിക്കായിലെ കാഫ്രികൾ മുട്ടത്തോടു ഓട്ടപാത്രം പോലെ പെരുമാറിവരുന്നു. ഒട്ടകപ്പക്ഷിയുടെ തൂവലിന്നു ചില നാടുകളിൽ വളരെ പ്രിയമാകുന്നു. ഒരു റാത്തലിന്നു നൂറുറുപ്പികയോളം വിലയുണ്ടു.

| | | | | | |
|---|---|---|---|---|---|
| പറവ | അതിശീഘ്രം | ചെന്നായി | ഭോഷത്വം | ഒരുവശം | വെണ്മ |
| ദുർല്ലഭം | ജീവാധാരം | വേട്ടക്കാർ | മുള | നെരിപ്പു | പ്രിയം |

## 14. കഴങ്ങും പനയും.



ഈ രാജ്യത്തിൽ തെങ്ങുപോലെ തന്നേ നട്ടുവളൎത്തുന്ന മറെറാരു വൃക്ഷം കഴങ്ങാകുന്നു. ഇതിന്റെ രൂപം തെങ്ങോടൊക്കുമെങ്കിലും മരം അത്ര തടിയുണ്ടാകയില്ല. നീളം അധികവുമായിരിക്കും. നല്ല നനവുള്ള പ്രദേശത്തിൽ മാത്രം ഇതു അധികമായി വളരും. ഇതു കാററത്തു ആടി ഉലയുന്നതു കണ്ടാൽ ശക്തിയില്ലാത്ത ഒരു മരമെന്നു തോന്നുമെങ്കിലും മൂത്ത കഴങ്ങിന്നു എത്രയും നല്ല ശക്തിയുണ്ടു. ഇതിന്റെ ഫലത്തിന്നു അടക്ക എന്നു പേർ. പച്ചയായിരിക്കുമ്പോൾ

ഇതു മുറിച്ചു പുഴുങ്ങി കളിയടക്കയാക്കുകയും പഴുത്താൽ വെള്ളത്തിൽ ഇട്ടു നീററടക്കയാക്കുകയും അല്ലെങ്കിൽ ഉണക്കി കൊട്ടടക്കയാക്കുകയും ചെയ്യും. വെററില മുറുക്കുന്നവർ ഇതെല്ലാ തരവും ഉപയോഗിക്കുന്നു. കഴുങ്ങിന്റെ പട്ടകൊണ്ടു ചൂൽ ഉണ്ടാക്കുകയും പാള വെള്ളം കോരുവാനും മററും ഉപകരിക്കയും ചെയ്യും. ഇതിന്റെ തടിമരം ചീന്തി അലകാക്കിയാലോ മുഴുവനെയോ വീട്ടിന്റെ മേല്പുരെക്കും മററും ഉതകും.

തെങ്ങിന്നും കഴുങ്ങിന്നും എന്ന പോലെ പനെക്കും, നെറുകയിലാകുന്നു ഓല. ഇതിന്നു അധികം നനവു ആവശ്യമില്ല. മററു യാതൊരു വൃക്ഷങ്ങളും വളരാത്ത മണൽപ്രദേശങ്ങളിൽ പോലും ഇതുണ്ടാകും. നമ്മുടെ രാജ്യത്തിൽ വളരുന്നതിനെക്കാൾ ഇതു അധികമായി നമുക്കു എത്രയും തെക്കുള്ള തിരുനെല്വേലിജില്ലയിലാകുന്നു വളരുന്നതു. അവിടെ പ്രധാനമായി ഈ ഒരു വൃക്ഷമേ ഉള്ളു. ചാണാർ എന്ന ജാതിക്കാരിൽ മിക്കവരും ഇതിനാൽ അത്രെ ഉപജീവനം കഴിച്ചുവരുന്നതു. അതു വിചാരിച്ചാൽ ഈ നാട്ടിൽ തെങ്ങു ഏതുപ്രകാരമോ അപ്രകാരം തന്നെ പന ആ നാട്ടിലും എന്നു പറയാമല്ലൊ. പനയിൽ പല ജാതികളുണ്ടു. കരിമ്പന (എഴുത്തോലപ്പന) കുടയോലപ്പന, കണ്ണിപ്പന (ആനപ്പന ഈറമ്പന) എന്നൊക്കെ ഇവെക്കു പേർ. തെങ്ങിൽനിന്നെന്ന പോലെ തന്നെ പനയിൽനിന്നും കള്ളെടുത്തു ചക്കരയും വെല്ലവും ഉണ്ടാക്കുന്നു. പനയോലകൊണ്ടു പുര മേയും. കുടപ്പനയുടെ ഓലകൊണ്ടു കുടയുണ്ടാക്കുന്നു. ആനപ്പനയുടെ ഓല ആനെക്കു എത്രയും പ്രിയമായ ആഹാരം. അതിന്റെ കണ്ണികൊണ്ടു മത്സ്യത്തെ ചൂണ്ടലിട്ടു പിടിക്കാം. എഴുത്തോലപ്പനയുടെ ഓല നേരെ മുറിച്ചു എഴുതുവാനുപയോഗിക്കുന്നു. അതിന്റെ കരിക്കും ഇളനീരും തിന്മാനും കുടിപ്പാനും നല്ലതാകുന്നു. പനങ്കിഴങ്ങാകുന്ന പനങ്കുമ്പും ചില ആളുകൾ തിന്നും.

പനമരം കഴുഞ്ഞുപോലെ തന്നെ ഓരോ പണിക്കുതകും. ഈ നാട്ടിൽ പ്രധാനമായി വെള്ളം ഒഴുകുന്ന പാത്തികൾക്കായി അതെടുക്കുന്നു.

| | | | |
|---|---|---|---|
| ഉലയുന്നു | പട്ട | നെറുക | പാത്തി |
| ഉതകും | അലക | പനങ്കുമ്പു | മത്സ്യം |

## 15. പൎവ്വതങ്ങളും നദികളും.

"മലയരികെ ഉറവു" എന്നൊരു ചൊല്ലുണ്ടു. അതുകൊണ്ടു ഒരു പുഴ കണ്ടാൽ അതു ഉത്ഭവിക്കുന്നതു ഒരു മലയുടെ അടിവാരത്തിൽ എന്നതു നിശ്ചയം. വലിയ മലെക്കു പൎവ്വതം എന്നു പേർ. അതു സമനിലത്തിൽനിന്നു ചാഞ്ഞായോ കിഴക്കാന്തൂക്കമായോ വളരെ ഉയൎന്നിരിക്കും. മേൽഭാഗം കൂമ്പിച്ചുവരുന്നതിന്നു കൊടുമുടി എന്നോ ശിഖരം എന്നോ പേർ പറയുന്നു. അനേകശിഖരങ്ങളായി നീണ്ടുകിടക്കുന്ന മലെക്കു തുടർമല എന്നോ മലനിര എന്നോ പറയും. നമ്മുടെ മലയാളരാജ്യത്തിന്റെ കിഴക്കുഭാഗം നെടുനീളത്തിൽ ഒരു മലനിരയുണ്ടു. മലകൾ താണ പ്രദേശത്തെക്കാൾ തണുപ്പു അധികമുള്ളതായിരിക്കും. അത്യന്തം ഉയരമുള്ള പൎവ്വതങ്ങളുടെ മേൽ ശീതം നിമിത്തം വെള്ളം ഉറച്ചു കട്ടിയായിപ്പോകും. നമ്മുടെഇന്ത്യാരാജ്യത്തിന്നു വടക്കുള്ള മലനിര ഈ ഭൂമിയിലേക്കു വെച്ചു അത്യുന്നതമായതാകുന്നു. അതിന്മേൽ ആണ്ടു മുഴുവനും ഉഷ്ണകാലത്തും കൂടി വെള്ളം ഉരുകാതെ നിത്യം കട്ടിയായി മലയെ മൂടികിടക്കുന്നു. അതുകൊണ്ടു ആ പൎവ്വതത്തിന്നു ഹിമാലയം എന്നു പേർ. ചിലപ്പോൾ അതിന്റെ കീഴോട്ടുള്ള ഹിമം വേനൽക്കാലം ഉരുകും. അപ്പോൾ അതിന്നു സമീപമുള്ള പുഴകൾ കവിഞ്ഞൊഴുകുന്നു. മിക്കവാറും മലകളിൽ വൃക്ഷങ്ങൾ

പലവിധം അടുത്തടുത്തു വളൎന്നു വങ്കാടുകളായിത്തീരുന്നു. അവയിൽ നാനാവിധ കാട്ടുമൃഗങ്ങൾ ജീവിക്കുന്നു.

"നദികൾ ആകാശത്തിൽ ഉരുവായി ഭൂമിയിൽ ജനിക്കുന്നു" എന്നു ഒരു ഗ്രന്ഥകൎത്താവു ഒരിക്കൽ പറഞ്ഞിരിക്കുന്നു. അതിന്റെ സാരം പറയാം. ആകാശത്തിൽ ഉണ്ടാകുന്ന കാൎമ്മേഘങ്ങൾ മഴയായി പൎവ്വതങ്ങളിന്മേൽ പെയ്യുകയും അവ ആ വെള്ളത്തെ കീഴോട്ടു വലിച്ചെടുക്കയും ചെയ്യുന്നു. അങ്ങിനെ ഉൾവലിയുന്ന വെള്ളം മലയുടെ ചരിവുകളിൽനിന്നും അടിവാരത്തിൽനിന്നും ഉറവുകളായി പുറത്തേക്കു പുറപ്പെട്ടു ഇങ്ങിനെ അനേക ഉറവുകളും അരുവികളും ചേൎന്നു ഒഴുകി ഒരു ചെറിയ പുഴയായിത്തീരുകയും വീണ്ടും വഴിക്കൽവെച്ചു പലദിക്കിൽനിന്നും അരുവികളും ചെറുപുഴകളും ഇതിനോടു വന്നു ചേൎന്നു അതു ഒരു വലിയ നദി ആയിത്തീരുകയും ചെയ്യുന്നു. ഒടുവിൽ സമുദ്രത്തിൽ ചെന്നു വീഴുമ്പോൾ ചില നദികൾ അവതന്നെ സമുദ്രംപോലെ ഇരിക്കും. സമുദ്രത്തിന്നു സമീപം പുഴവെള്ളം ഉപ്പുരസമായിരിക്കും. ഉൾനാടുകളിലുള്ള ഭാഗം ശുദ്ധജലമായുമിരിക്കും. പുഴയിലും കടലിലും ഉള്ള മത്സ്യങ്ങൾക്കു കുറെ ഭേദമുണ്ടു. പുഴകളിൽ മത്സ്യങ്ങളല്ലാതെ നീൎനായി, മുതല, മണ്ണൻ മുതലായ ചില ദുഷ്ടജന്തുക്കളുമുണ്ടു. മലകളിൽനിന്നു പുഴകൾ പുറപ്പെട്ടുവരുന്നതുകൊണ്ടു മലകളിന്മേൽ വളരുന്ന വന്മരങ്ങൾ മുറിച്ചു എളുപ്പത്തിൽ പുഴയിൽ കൂടെ ഒഴുക്കി അന്യദിക്കുകളിലേക്കു കൊണ്ടുപോകാം.

അടിവാരം  അത്യുന്നതം  ഉരുവായി  അരുവി

കിഴക്കാന്തൂക്കം  ആണ്ടു  ഗ്രന്ഥകൎത്താവു  അന്യദിക്കുകൾ

നെടുനീളം  ഹിമാലയം

## 16. എരുമയും ആട്ടും.



ഒന്നാം പാഠപുസ്തകത്തിൽ നിങ്ങൾ പശുവിനെ കുറിച്ചു പഠിച്ചിരിക്കുന്നുവല്ലോ. അതിനെപോലെ തന്നെ പ്രയോജനമുള്ള നാട്ടുമൃഗങ്ങളാകുന്നു എരുമയും ആട്ടും. എരുമ പശുവിനെപോലെ കാഴ്ചെക്കു ഭംഗിയില്ല. അതിന്റെ തല എത്രയും വിരൂപവും കൊമ്പുകൾ പരന്നുവളഞ്ഞു നീണ്ടവയും ആകുന്നു. ചളിയിൽ വീണുരുളുവാൻ താല്പൎയ്യപ്പെടുന്നതുകൊണ്ടു ശരീരം എപ്പോഴും മലിനമായിരിക്കും. സ്വഭാവത്തിൽ പശുവിനെക്കാൾ സൌമ്യത കുറയും. ഇതിന്റെ ആൺജാതിക്കു പോത്തു എന്നു പേർ.

എരുമയുടെ പാൽ കുടിക്കയും തൈർ, വെണ്ണ മുതലായതു ഉണ്ടാക്കയും ചെയ്യും. പോത്തിനെ പൂട്ടുവാനും വണ്ടിക്കു കെട്ടുവാനും ഉപയോഗിക്കും. ഈ രാജ്യത്തിൽ ചില സ്ഥലങ്ങളിൽ ഇതിന്റെ മാംസം ഭക്ഷിക്കുന്നവരും ഉണ്ടു. പോത്തിന്റെ കൊമ്പു എത്രയും ബലമുള്ളതാകുന്നു. അതു മിനുസമാക്കി ചീപ്പു, കത്തിപ്പിടി മുതലായവയുണ്ടാക്കും.

ആടുകളിൽ ചെമ്മരിയാടു, കോലാടു എന്ന രണ്ടുവക പ്രധാനം. ഇതു എത്രയും സൌമ്യതയുള്ള ഒരു മൃഗമാകുന്നു. ചെമ്മരിയാടുകൾക്കു എത്രയും കിഴക്കാന്തൂക്കമായ സ്ഥലത്തു



പോലും കാൽ തെററി വീഴാതെ നടപ്പാൻ കഴിയും. കോലാട്ടിന്റെ പാൽ പശുവിൻ പാലിനേക്കാൾ കൊഴുപ്പും രുചിയുമുള്ളതാകുന്നു. ആടു മിക്ക സസ്യങ്ങളും ഭക്ഷിക്കുന്നതു നിമിത്തം അതിന്റെ പാൽ ചില രോഗങ്ങൾക്കു പററിയ ഔഷധവുമാകുന്നു. ചെമ്മരിയാടുകളുടെ രോമം കത്രിച്ചെടുത്തു കമ്പിളിനൂലാക്കി നൂററു അതുകൊണ്ടു എത്രയും മാൎദ്ദവമായ ചകലാസ്സുകളും കമ്പിളികളും നെയ്തുണ്ടാക്കുന്നു. നമ്മുടെ രാജ്യത്തിന്റെ ഏററവും വടക്കുള്ള കാശ്മീരം എന്ന രാജ്യത്തിൽ ഈ പ്രവൃത്തി അധികം നടക്കുന്നതുകൊണ്ടു ചില കമ്പിളിത്തുണികൾക്കു പേർ തന്നെ കാശ്മീരം എന്നാകുന്നു. എങ്കിലും ആ രാജ്യത്തിൽ മുഖ്യമായി ഉണ്ടാക്കുന്നതു ഒരുവിധം സാൽവ ആകുന്നു. അതു കോലാട്ടിന്റെ രോമംകൊണ്ടുണ്ടാക്കുന്നതും അതിന്റെ വിശേഷത ലോകമെങ്ങും പ്രസിദ്ധപ്പെട്ടതും ആകുന്നു.

ആട്ടിന്റെ മാംസം മിക്കജാതിക്കാരും ഭക്ഷിക്കും. ചില രോഗികൾക്കു അതു പത്ഥ്യാഹാരമാകുന്നു. കൊഴുപ്പുകൊണ്ടു മെഴുത്തിരിയുണ്ടാക്കും. തോൽ നല്ല മയമുള്ളതാക്കിത്തീൎത്തു പലകാൎയ്യങ്ങൾക്കായും ഉപയോഗിക്കാം.

| | | | |
|---|---|---|---|
| മലിനം | പൂട്ടുവാൻ | മാൎദ്ദവം | സാൽവ |
| സൌമ്യത | ഔഷധം | ചകലാസ്സ | പത്ഥ്യാഹാരം |

## 17. സ്വയാശ്രയം, സ്വയംസഹായം.

“തന്റെ കയ്യേ തലെക്കു വെപ്പാൻ കഴികയുള്ളൂ” എന്നു മലയാളത്തിൽ ഒരു പഴഞ്ചൊല്ലുണ്ടു. തന്റെ അഹോവൃത്തിക്കോ മറ്റു യാതൊരു കാൎയ്യത്തിന്നോ ആവശ്യമായ സാധനങ്ങൾക്കായി അന്യരെ ആശ്രയിക്കാതെ താന്താൻ തന്നെ അതെല്ലാം സമ്പാദിച്ചുകൊൾവാൻ ശ്രമിക്കേണ്ടതാകുന്നു. അന്യരെ ആശ്രയിക്കേണ്ടിവന്നാൽ അതു തക്കസമയത്തോ ആവശ്യമായത്രയോ കിട്ടിയില്ല എന്നുവന്നേക്കാം.

കുട്ടികൾ ചെറിയവരേ തങ്ങളുടെ ആവശ്യങ്ങൾ നിവൃത്തിപ്പാൻ അഭ്യസിക്കേണം. തങ്ങളുടെ വസ്ത്രങ്ങൾ തങ്ങൾ തന്നെ ധരിക്കുക, മറ്റുള്ളവരുടെ സഹായം കൂടാതെ തേച്ചുകുളിക്കുക എന്നിവ ചെയ്തു ശീലിച്ചാൽ അമ്മയുടെയോ വേലക്കാരുടെയോ സമയം വരുവോളം ഈ കാൎയ്യങ്ങൾക്കായി കാത്തിരിക്കേണ്ടുന്ന ആവശ്യമില്ല. ഇങ്ങിനെ തന്നെ എഴുതുവാനും വായിപ്പാനും കണക്കുകൂട്ടുവാനും മറ്റും ക്ഷണത്തിൽ ഉത്സാഹിച്ചു പഠിച്ചു നിപുണന്മാരായിത്തീൎന്നാൽ തക്കപ്രായത്തിൽ അമ്മയച്ഛന്മാരെ ഭാരപ്പെടുത്താതെ താന്താങ്ങളുടെ ഉപജീവനത്തിന്നു വേണ്ടുന്നതു സമ്പാദിക്കാം എന്നുമാത്രമല്ല തങ്ങളുടെ സ്വന്തം എന്നു പറവാൻ തക്കവണ്ണം ധനം ആൎജ്ജിക്കയും ചെയ്യാം.

ഈ രാജ്യത്തിൽ വളരെ ആളുകൾ ചെറുപ്രായത്തിൽ മടിയന്മാരായിപഠിക്കാതെയോ വല്ല കൈത്തൊഴിലുകൾ ശീലിക്കാതെയോ സമയം വ്യൎത്ഥമാക്കിക്കളയുന്നതിനാൽ ഇരുപത്തഞ്ചു മുപ്പതുവയസ്സു പ്രായമായാൽ പോലും യാതൊരു ഉദ്യോഗവും കിട്ടാതെയും വേല ചെയ്യാതെയും മറ്റുള്ളവരെ ആശ്രയിച്ചു ജീവിക്കയും അവൎക്കു ഭാരമായ്ത്തീരുകയും ചെയ്യുന്നു. അങ്ങിനത്തവരെ വൃക്ഷങ്ങളിന്മേൽ അവറ്റിന്റെ നീർ വലിച്ചു വള

രുന്ന പുല്ലുന്നി അല്ലെങ്കിൽ ഇത്തിക്കണ്ണി എന്നു പറയുന്ന സസ്യത്തോടു ഉപമിക്കാം. ആ സസ്യം അതു വളരുന്ന വൃക്ഷങ്ങളെ എങ്ങിനെ ഞെരുക്കുന്നുവോ അതുപോലെ ഈ മടിയന്മാർ തങ്ങൾക്കു ഭക്ഷണവസ്ത്രാദികൾ നല്കുന്നവരെ മുടിച്ചു കളയുന്നു. അങ്ങിനെ വരാതിരിപ്പാൻ കുട്ടികൾ ചെറിയന്നു തന്നെ അദ്ധ്യാനിച്ചു പഠിക്കയോ പഠിപ്പാൻ ബുദ്ധിയില്ലെങ്കിൽ വല്ല കൈവേല ശീലിക്കയോ ചെയ്യേണ്ടതാകുന്നു.

| | | | |
|---|---|---|---|
| അഹോവൃത്തി | നിപുണൻ | വ്യൎത്ഥം | ഭക്ഷണവസ്ത്രാദികൾ |
| അഭ്യസിക്കേണം | ആൎജ്ജിക്ക | ഞെരുക്കുന്നു | നല്കുന്നവർ |

---

## 18. സ്വാശ്രയം (തുടൎച്ച).

### കഥ.

ഒരു ജന്മിയുടെ മകന്നു പുത്രാവകാശമായി കൊല്ലത്തിൽ രണ്ടായിരം ഉറുപ്പിക വരവുള്ള ഒരു നിലം കിട്ടി. ആ നിലത്തിൽ താൻ തന്നെ കൂലിക്കാരെ ആക്കി കൃഷിപ്പണി നടത്തി വന്നു. എങ്കിലും അല്പസംവത്സരങ്ങൾക്കിടയിൽ അവൻ കടക്കാരനായിത്തീൎന്നു. കടത്തിൽനിന്നു വിടുതൽ പ്രാപിപ്പാനായി ഈ നിലത്തിൽ പകുതിയുടെ ജന്മാവകാശം വില്ക്കേണ്ടിവന്നു. മറേറ പകുതി സാധുവായ ഒരു കുടിയാന്നു പത്തു വൎഷത്തേക്കു പാട്ടത്തിന്നു ചാൎത്തികൊടുത്തു. ആ കുടിയാൻ യാതൊരു വിഴ്ച്ചയും കൂടാതെ അഞ്ചു വൎഷത്തോളം പാട്ടപ്പണം ശരിയായി പുക്കിച്ചുകൊടുത്തു. ആറാംവൎഷത്തിൽ അവൻ ജന്മിയോടു "നിങ്ങൾ ദയവിചാരിച്ചു ഈ നിലം എനിക്കു വില്ക്കുമോ" എന്നു ചോദിച്ചു. ഈ ചോദ്യം കേട്ടു ഉടമസ്ഥൻ അത്യന്തം വിസ്മയിച്ചു "ഞാൻ എന്റെ നിലം മുഴുവൻ കൃഷി ചെയ്ത കാലം കടക്കാരനായിത്തീൎന്നു. ആക്കം പാട്ടം കൊടുപ്പാനും ഉണ്ടായിരുന്നില്ല. നീ എനിക്കു കാലത്താൽ എത്രയോ

വലിയൊരു പാട്ടവും തന്നു നിന്റെ ചെലവും കഴിച്ചു ഇതു വാങ്ങി സ്വന്തമാക്കുവാൻ തക്കവണ്ണം ഇത്ര ഉറുപ്പിക സമ്പാദിച്ചതെങ്ങിനേ?" എന്നു ചോദിച്ചു. അപ്പോൾ കുടിയാൻ ചിരിച്ചുംകൊണ്ടു "അതു വെറും രണ്ടു വാക്കുകൾ തമ്മിലുള്ള വ്യത്യാസം കൊണ്ടു വന്നതാകുന്നു. നിങ്ങൾ 'പോ' എന്നു പറഞ്ഞു. ഞാനോ 'വാ' എന്നു പറഞ്ഞു. ഇതു തന്നെ നാം തമ്മിലുള്ള വ്യത്യാസം" എന്നുത്തരമായി പറഞ്ഞു. "നീ പറയുന്നതിന്റെ അൎത്ഥം എനിക്കു മനസ്സിലാവാത്തതിനാൽ സ്പഷ്ടമായി പറഞ്ഞാൽ കൊള്ളാം" എന്നു ജന്മി പറഞ്ഞപ്പോൾ കുടിയാൻ: "നിങ്ങൾ നിങ്ങളുടെ കിടക്കമേൽ സുഖമായി കിടന്നുംകൊണ്ടു കൂലിക്കാരോടു 'പോയി വയലിൽ പണി എടുക്കുവിൻ' എന്നു കല്പിച്ചു. ഞാൻ അതികാലത്തു എഴുനീറ്റു 'വരുവിൻ നാം പോയി വയലിൽ പണി എടുക്കുക' എന്നു പറഞ്ഞു എല്ലാവരെക്കാളും മുമ്പനായി അവിടെ എത്തി മററവരെ പോലെ തന്നെ പ്രവൃത്തി ചെയ്തുപോന്നു" എന്നു ഉത്തരം പറഞ്ഞു. അതുകൊണ്ടു സ്വയാശ്രയം സൎവ്വസുഖങ്ങൾക്കും അടിസ്ഥാനമാകുന്നു.

"തൻ കാണം തൻ കയ്യിൽ അല്ലാത്തൊന്നു ചൊട്ടു ഒന്നു".

| | | | |
|---|---|---|---|
| പുത്രാവകാശം | ചാൎത്തി | വിസ്മയിച്ചു | അതികാലത്തു |
| ജന്മാവകാശം | പുക്കിച്ചു | സൂക്ഷ്മം | അടിസ്ഥാനം |

## 19. ഉപ്പു.

മണ്ണിൽനിന്നെടുക്കുന്ന വസ്തുക്കളിൽ സൎവ്വമനുഷ്യരും സൎവ്വദാ ഉപയോഗിക്കുന്ന വസ്തു ഉപ്പു തന്നെ. ഉപ്പു ചേൎന്നില്ലെങ്കിൽ നമ്മുടെ ആഹാരത്തിന്നു രുചിയുണ്ടാകയില്ല. നമ്മുടെ ശരീരത്തിന്നു സൌഖ്യവും ശക്തിയും ഉണ്ടാകയുമില്ല. സൎവ്വജ്ഞനായ ദൈവം ഇതു നിമിത്തം ഉപ്പു ധാരാളമായി സൃഷ്ടി



ച്ചിരിക്കുന്നു. അതു സമുദ്രജലത്തിൽ കലൎന്നിട്ടുണ്ടു. ഭൂമിയുടെ അന്തൎഭാഗങ്ങളിൽ പാറകളായിട്ടുമുണ്ടു. ചില സ്ഥലങ്ങളിൽ ഉപ്പുവനങ്ങൾ എന്നു പറയുന്ന പ്രദേശങ്ങളുണ്ടു. അവിടെ പുറമെ തന്നെ മണ്ണിന്മേൽ ഉപ്പു വിളയും. ഇത്രയൊക്കെ ഉപ്പു ഭൂമിയിൽ ഉണ്ടായിട്ടും ദേഹപ്രയത്നം കൂടാതെ അതും

കിട്ടുകയില്ല. ഉപ്പു എടുക്കുന്നതു ഏതെല്ലാം വിധങ്ങളായിട്ടു ആകുന്നു എന്നു പറയാം.

ഈ നാട്ടിൽ ഉപ്പുപടന്ന എന്നു പറയുന്ന ഓരുനിലങ്ങളുണ്ടു. അവിടെ ഒരു കണ്ടം നല്ലവണ്ണം വെടിപ്പാക്കി കടൽവെള്ളമോ പുഴകളിലെ ഉപ്പുവെള്ളമോ ആ കണ്ടത്തിൽ നിറഞ്ഞുവന്നാൽ നാലുപുറവും വരമ്പുകൊണ്ടു ഉറപ്പിക്കും. ഈ വെള്ളം സൂര്യോഷ്ണത്താൽ വററിയാൽ ഉപ്പു അതിൽ ശേഷിച്ചു കാണാം.

കടലിൽനിന്നു വെള്ളം കൊണ്ടുവന്നു അടുപ്പത്തുവെച്ചു കുറുക്കിയാൽ നീർ മുഴുവനെ വററി ഉപ്പു ശേഷിക്കും. അങ്ങിനെതന്നെ ഉപ്പുമണ്ണു വാരിക്കൊണ്ടുവന്നു വെള്ളത്തിലിട്ടാൽ അതിലെ ഉപ്പെല്ലാം വെള്ളത്തിൽ കലന്നു മണ്ണു അടിയിൽ താണിരിക്കും. ഈ വെള്ളം ഊററിയെടുത്തു കുറുക്കിയാൽ വെള്ളം വററിപ്പോകയും ഉപ്പു നല്ല തരിയായി കിട്ടുകയും ചെയ്യും.

ഭൂമിയുടെ അടിയിൽ ചിലേടങ്ങളിൽ ഉപ്പുപാറകളുണ്ടു. ചിത്രത്തിൽ കാണുന്നതു ആ വക പാറകൾ കുഴിച്ചു തറിച്ചു ഉപ്പെടുക്കുന്ന പ്രവൃത്തിയാകുന്നു. ഉപ്പുപാറ കൊത്തിപ്പൊട്ടിച്ചു ഒന്നോന്നരമാസത്തോളം വെള്ളത്തിലിട്ടാൽ ഉപ്പെല്ലാം അലിഞ്ഞു വെള്ളത്തിൽ മിശ്രിതമാകയും കല്ലും മണ്ണും ഊറി അടിയിൽ താഴുകയും ചെയ്യും. പിന്നെ ഈ ഉപ്പുവെള്ളം വലിയ ഇരിമ്പുപാത്തികളിൽ പകന്നു കാച്ചി മേൽപ്പറഞ്ഞ പ്രകാരം ഉപ്പെടുക്കുന്നു. ഈ ഉപ്പുപാറകൾ ഉള്ള സ്ഥലത്തു പുരാതനകാലങ്ങളിൽ വല്ല ഉപ്പുപൊയ്ക്കകളോ മറേറാ ഉണ്ടായിരുന്നു എന്നും അവ എങ്ങിനെയോ മൂടിപ്പോയശേഷം വെള്ളം വററി ഉപ്പു ഉറച്ചു കട്ടയായി എന്നും ചില വിദ്വാന്മാർ അഭിപ്രായപ്പെടുന്നു. ചില ഉപ്പുപാറകളുടെ ഇടയിൽനിന്നു മനുഷ്യരുടെ ആഭരണങ്ങളും ഓരോ ലോഹപാത്രങ്ങളും കണ്ടുകിട്ടീട്ടുണ്ടു. അതത്രെ ഈ ഊഹത്തിന്നു കാരണം.

ഈ രാജ്യത്തിലെ കാടുകളിൽ പാൎക്കുന്ന കാട്ടാളന്മാരിൽ പലരും ഉപ്പുകൂടാതെ ആഹാരം കഴിക്കുന്നതുകൊണ്ടു അവൎക്കു പ്രായം ചെല്ലുമ്പോൾ ഒരു വിധം വല്ലാത്ത ത്വഗ്രോഗം ഉണ്ടാകുന്നു.

| | | | |
|---|---|---|---|
| സൎവ്വദാ | പടന്ന | കറുക്കി | ഊഹം |
| അന്തൎഭാഗം | ഓരുന്നിലം | മിശ്രിതം | ത്വഗ്രോഗം |

---

## 20. സദുപദേശം (തുടൎച്ച).

ഈശ്വരൻതന്നെ സ്തുതിച്ചീടുന്ന നാവുകൊണ്ടു
ദോഷങ്ങളൊരുനാളും ചൊല്ലൊല്ല ബാലന്മാരേ ||
കയ്യിൽനിന്നൊന്നു വീണാൽ എടുക്കാം, വായിൽനിന്നു
പൊയ്യല്ല വീണാലൊന്നതെടുപ്പാൻ കഴിവില്ല ||
ആരോടുമസത്യങ്ങൾ പറഞ്ഞു ചിരിക്കൊല്ല
നേരല്ലാത്തതു ചൊല്ലി വിശ്വസിപ്പിച്ചീടൊല്ല ||
ഏഷണിപറകയും ചെയ്യൊല്ല ശിശുക്കളേ;
ദോഷമുണ്ടതിനെന്നാൽ ദൈവവും ക്ഷമിക്കില്ല ||
ആരാന്റെ പണം കണ്ടാൽ പേരാശ ജനിക്കൊല്ല.
ആരോടും വിരോധത്തെ മനസ്സിൽ വെച്ചീടൊല്ല ||
ലാഭമുണ്ടെന്നു കണ്ടു വഞ്ചന ചെയ്തീടൊല്ല
ശോഭയില്ലാത്ത വാക്കുമാരോടും മിണ്ടീടൊല്ല ||
തന്നെക്കാൾ വലിയോരെ ഹീനരായ് നിനക്കൊല്ല
തന്നെത്താനറിയാതെ വല്ലതും തുടങ്ങൊല്ല ||
വല്ലതും വലിയവർ ചൊല്വതു കേട്ടുകൊണ്ടാൽ
നല്ലതേ വരും നിങ്ങൾക്കില്ല സംശയമേതും ||

| | | | |
|---|---|---|---|
| ദോഷങ്ങൾ | അസത്യം | വഞ്ചന | ഹീനർ |
| പൊയ്യല്ല | പേരാശ | ശോഭ | ചൊല്വതു |

---

## 21. ദുൎജ്ജനസംസൎഗ്ഗം.

യവനരാജ്യത്തിൽ പണ്ടൊരുകാലം ജീവിച്ചിരുന്ന ഒരു തത്വജ്ഞാനി തന്റെ മകൾ ഒരു ദുഷ്ടബാലികയുമായി സഹവാസം ചെയ്യുന്നതു വിരോധിച്ചു. "മകളേ, അവളെക്കൊണ്ടു ആരും ഒരു നന്മയും പറയുന്നതു ഞാൻ കേട്ടിട്ടില്ല. അന്വേഷിച്ചു നോക്കിയപ്പോൾ കാൎയ്യവും വാസ്തവം തന്നെ എന്നു ഞാൻ അറിഞ്ഞിരിക്കുന്നു. നീയും അവളെപ്പോലെ ആയിത്തീരായ്വാൻ അവളുടെ സംസൎഗ്ഗം ത്യജിക്ക നല്ലതു" എന്നു പറഞ്ഞു. മകൾ അതു കേട്ടു: "അച്ഛാ, അവൾ എന്നോടു യാതൊരു കുററവും ചെയ്തില്ലല്ലോ. ഞാൻ എങ്ങിനെ അവളെ വെറുക്കേണ്ടു? അവൾക്കു വല്ല ദുൎഗ്ഗുണങ്ങൾ ഉണ്ടെങ്കിൽ ഞാൻ അതു കണ്ടു പഠിക്കുമോ? എനിക്കത്ര ബുദ്ധിയില്ലയോ?" എന്നും മററും ചോദിച്ചു. അച്ഛൻ അപ്പോൾ ഒന്നും ഉത്തരം പറഞ്ഞില്ല. അന്നു സന്ധ്യക്കു അവൾ കുളിച്ചു ശുദ്ധവെള്ളവസ്ത്രം ധരിച്ചു അച്ഛനോടും കൂടെ തോട്ടത്തിൽ നടന്നുംകൊണ്ടിരിക്കുമ്പോൾ, ആ തത്വജ്ഞാനി അവിടെ മുമ്പു കൂട്ടി കൊണ്ടു വെച്ചിരുന്ന ഒരു കൊട്ടയിൽനിന്നു ഒരു പിടി കരിക്കട്ട വാരി അവളുടെ കയ്യിൽ കൊടുത്തു: "ഇതാ ഇതു തീക്കനലായിരിക്കുമ്പോൾ പൊള്ളുമല്ലോ ഇപ്പോൾ എത്ര തണുത്തുപോയിരിക്കുന്നെന്നു നോക്കു" എന്നു പറഞ്ഞു. അവൾ അതു വാങ്ങി കൊട്ടയിൽ ഇട്ട ഉടനെ തന്റെ കയ്യിലും വസ്ത്രത്തിലും കരി പിരണ്ടതു കണ്ടു വളരെ വിഷാദിച്ചു. ഉടനെ ആ തരം നോക്കി അച്ഛൻ അവളോടു: "മകളേ! രാവിലെ ഞാൻ നിന്നോടു പറഞ്ഞ കാൎയ്യത്തിന്നും ഇതിന്നും തമ്മിൽ നല്ല സാദൃശ്യമുണ്ടു. ഈ കരിക്കട്ടകൊണ്ടു നിന്റെ കൈ വെന്തുപോയില്ലെങ്കിലും അഴുക്കായി വസ്ത്രവും മലിനപ്പെട്ടുവല്ലോ. അപ്രകാരം തന്നെ അവളുടെ സംസൎഗ്ഗത്താൽ നീ ദുൎഗ്ഗുണവതിയായ്ത്തീൎന്നില്ലെങ്കിലും

ജനങ്ങൾ നിന്നെ അവളെപ്പോലെ തന്നെ വിചാരിക്കയും നിന്റെ മാനത്തിന്നും സൽകീൎത്തിക്കും അതുനിമിത്തം ഭംഗം വരികയും ചെയ്യും" എന്നു പറഞ്ഞു.

ഈ രാജ്യത്തിലെ ഒരു വിദ്വാൻ ദുൎജ്ജനങ്ങളെ നായ്ക്കളെ പോലെ വിചാരിക്കേണമെന്നു പറഞ്ഞിരിക്കുന്നു. നായോടു ഇഷ്ടമായിരുന്നാൽ അതു ഓടി ചാടി ദേഹത്തിന്മേൽ കയറി വസ്ത്രങ്ങൾ അഴുക്കാക്കും. അതിനോടു വിരോധഭാവം കാണിച്ചെങ്കിൽ അതു കടിക്കയും ചെയ്യും. അപ്രകാരം തന്നെ ദുൎജ്ജനങ്ങളോടു ഇടപെട്ടു ഇഷ്ടമായിരുന്നാൽ നമ്മെ വഷളാക്കുകയോ നമ്മുടെ നല്ല പേരിനെ കെടുത്തുകളകയോ ചെയ്യും. അവരോടു വിരോധത്തിന്നു പോയാൽ അവർ നമുക്കു വല്ല ദോഷവും ചെയ്തുകളയും. അതുകൊണ്ടു ഇഷ്ടത്തിന്നും അനിഷ്ടത്തിന്നും പോകാതിരിക്ക നല്ലതു.

ചാരിയാൽ ചാരിയതു മണക്കും.

| | | | | |
|---|---|---|---|---|
| തത്വജ്ഞാനി | സംസൎഗ്ഗം | സന്ധ്യ | സാദൃശ്യം | സൽകീൎത്തി |
| ദുഷ്ടബാലിക | ത്യജിക്ക | വിഷാദിച്ചു | ദുൎഗ്ഗുണവതി | ഭംഗം |

---

## 22. ഇഴജാതികൾ.

ഉരസ്സുകൊണ്ടോ നന്നചെറിയ കാലുകൾകൊണ്ടോ നിലത്തിഴഞ്ഞു നടക്കുന്ന ജീവികൾക്കു ഇഴജാതികൾ എന്നു പേർ പറയുന്നു.

ഉരസ്സുകൊണ്ടു നടക്കുന്നതു പ്രധാനമായി പാമ്പുകൾ തന്നെ. അതുകൊണ്ടു അവെക്കു ഉരഗം എന്നു പേർ. കടലിലും അത്യന്തം വലുതായ പലമാതിരി പാമ്പുകൾ ഉണ്ടു. അവ മിക്കതും വിഷജന്തുക്കളാകുന്നു. കരയിലെ പാമ്പുകളിൽ പല വകയും വിഷമുള്ളവയാകുന്നു. മനുഷ്യനെ അവ കടിച്ചാൽ

വിഷം ഇറക്കിയില്ലെങ്കിൽ ചത്തുപോകും. ഇതിൽ മുഖ്യമായതു സൎപ്പം. ഇതിന്റെ വിഷത്തിന്നു തക്കതായൊരു പ്രത്യൌഷധം ഇതുവരെക്കും ആരും കണ്ടുപിടിച്ചിട്ടില്ല. ഹിന്തുക്കളുടെ ഇടയിലുള്ള ചില വിഷഹാരികൾക്കു ഇതിന്നു പററിയ ഔഷധം



അറിയാമെന്നു പറയുന്നു. **അണലി** എന്ന പാമ്പും വളരെ വിഷകരമായതാകുന്നു. **മണ്ഡലി** മനുഷ്യനെ നായ് കടിക്കും പ്രകാരം കടിച്ചു ഇറച്ചി പറിച്ചുകളയും. ഇതിൽ രുധിരമണ്ഡലി എന്ന ജാതി കടിച്ചാൽ വിഷമിറങ്ങുവാൻ പ്രയാസം. രോമകൂപങ്ങളിൽ കൂടി രക്തം വന്നു മരിച്ചുപോകും. ഇവ കൂടാ

തെ അനവധി മാതിരി പാമ്പുകൾ വിഷമേറിയതും വിഷം കുറഞ്ഞതും ഉണ്ടു.

മലങ്കാട്ടുകളിൽ വലുതായ പെരിമ്പാമ്പുകൾ നാനാവിധമുണ്ടു. പെരിമ്പാമ്പിന്റെ നെയി ഔഷധമായി ഉപയോഗിച്ചുവരുന്നു. അതു കടിച്ചാൽ വിഷമില്ല. സാധാരണയായി അതു കടിക്കയുമില്ല. വലിയ മൃഗങ്ങളെ അതു ചുററിച്ചുറഞ്ഞു ഞെരുക്കി വിഴുങ്ങിക്കളയും. അതു ഒരു മരത്തിന്മേൽ കയറി താഴോട്ടു തൂങ്ങിയിരിക്കും. മാൻ, പോത്തു മുതലായ മൃഗങ്ങൾ സമീപത്തു കൂടി കടന്നുപോകുമ്പോൾ ചുറഞ്ഞുകളയും.

ചെറുകാലുള്ള ഇഴജന്തുക്കളിൽ ഏററവും വലിയതു മുതലയും മണ്ണനും ആകുന്നു. ഇവ സാധാരണയായി പുഴകളിൽ ജീവിക്കുന്നു. കരയിൽ അരണ, ഓന്തു, പല്ലി, തേൾ, കരിങ്ങാണി (പഴുതാര) എന്നിവ പ്രധാനം. ഇവറെറക്കൊണ്ടു നാട്ടുകാരുടെ ഇടയിൽ പല അബദ്ധവിശ്വാസങ്ങളുണ്ടു. “അരണ കടിച്ചാൽ ഉടനെ മരണം” എന്നു പറയുന്നു. അതു സത്യമല്ല. എങ്കിലും അരണയുടെ ശരീരത്തിന്മേലുള്ള നെയി വല്ല തീൻപണ്ടങ്ങളിലും തട്ടിപ്പോയാൽ അവ വിഷകരമായിത്തീരും. ഓന്തു മനുഷ്യനെ നോക്കിനിന്നു ചോര കുടിച്ചുകളയും എന്നു ചിലർ പറയുന്നതു ശുദ്ധമേ അബദ്ധം. പല്ലിക്കു ഗൌളി എന്നും പേരുണ്ടു. അതിന്റെ കരച്ചൽകൊണ്ടു ഹിന്തുക്കൾ ശകുനം നോക്കി ലക്ഷണം പറയുന്നു. ആ ശാസ്ത്രത്തിന്നു ഗൌളിശാസ്ത്രമെന്നു പേർ.

| | | | |
|---|---|---|---|
| ഉരസ്സു | പ്രത്യൌഷധം | രുധിരം | അബദ്ധം |
| വിഷകരം | വിഷഹാരി | രോമകൂപം | തീൻപണ്ടങ്ങൾ |

## 23. കുതിര.



നാല്ക്കാലികളിൽ വെച്ചു ഭംഗി, ധീരത, വേഗത എന്നീ ഗുണങ്ങൾ തികവായി കാണുന്നതു കുതിരക്കാകുന്നു. അതിന്റെ വിശ്വസ്തതയും യജമാനപ്രീതിയും നോക്കിയാൽ നായും ആനയും മാത്രം അതിന്നു സമം. അതിന്നു സാധാരണയായി അഞ്ചടി ഉയരവും ആറടി നീളവും ഉണ്ടാകും. കുതിരെക്കു കൊമ്പില്ല. ചെവികൾ തലയുടെ ഇരുപുറവും കൊമ്പു പോലെ ഉയൎന്നു നില്ക്കുന്നു. കണ്ണുകൾ വലിയവയും ബഹുവീൎയ്യമുള്ളവയുമാകുന്നു. ശരീരം മൃദുവായ ചെറുരോമംകൊണ്ടു നിറഞ്ഞിരിക്കുന്നെങ്കിലും വാലിന്നും കഴുത്തിലും വളരെ നീളവും ശോഭയും ഉള്ള രോമങ്ങൾ ഉണ്ടു. കഴുത്തിലേ രോമത്തിന്നു ചിലർ കുഞ്ചിരോമം എന്നു പേർ പറയുന്നു. കാലുകൾ വളരെ ശക്തിയുള്ളവയാകുന്നു. അതിന്റെ ആയുധം പിൻകാലാകുന്നു. അതുകൊണ്ടു ചവിട്ടി ദുഷ്ടമൃഗങ്ങളെ ആട്ടിക്കളയും. കോപിച്ചാൽ മനുഷ്യരെയും കടിക്കുകയും ചവിട്ടുകയും ചെയ്യും. കാലിന്റെ കുളമ്പു പശു മുതലായവ

യുടെ കുളമ്പു പോലെ പിളൎന്നിട്ടല്ല ഒററക്കുളമ്പായിട്ടാകുന്നു. നടക്കുമ്പോൾ തേഞ്ഞു പോകാതിരിപ്പാൻ ഇതിന്നു ലാടം കെട്ടിക്കുന്നു. കുതിര ഇരുപതു വയസ്സോളം ജീവിക്കും.

കുതിരയുടെ സാധാരണ തീൻ പുല്ലും വൈക്കോലും തന്നെ. എങ്കിലും ശക്തിയുണ്ടാവാനായി മുതിര പുഴുങ്ങിക്കൊടുക്കേണ്ടതാവശ്യം.

കുതിരയിൽ പലജാതിയുണ്ടു. ഇതിൽ അറബിക്കുതിര അത്യുത്തമം. ബൎമ്മരാജ്യത്തിലെ പേഗു എന്ന ദേശത്തിൽനിന്നു വരുന്ന ഒരുവിധം ചെറുവക കുതിരയുണ്ടു. അതിന്നു തട്ടുകുതിര എന്നു പേർ. അതു അതിശീഘ്രത്തിൽ ഓടും എന്നു തന്നെയല്ല മരിക്കുവോളം നില്ക്കാതെ ഓടും എന്നും പറയുന്നു. ഇതിനെ അധികമായും വണ്ടിക്കു കെട്ടുവാനാകുന്നു ഉപയോഗിക്കുന്നതു. ഔസ്ത്രാല്യയിൽനിന്നു വരുന്നതു വലിയ കുതിരകളാകുന്നു. ഇതും അറബിക്കുതിരയും സവാരിക്കു വിശേഷം.

കുതിരയെ കയറി സവാരി ചെയ്വാനും വണ്ടി വലിക്കുവാനും പ്രധാനമായി ഉപയോഗിക്കുന്നു. നായാട്ടിലും യുദ്ധത്തിലും ഇതു ഏററവും പ്രയോജനമുള്ള ഒരു മൃഗം. വിലാത്തിയിൽ കൃഷിക്കാർ നാം ഈ നാട്ടിൽ കാളകളെ കരിക്കു പൂട്ടും പ്രകാരം കുതിരയെ പൂട്ടി നിലം ഉഴുന്നു. അറബികളും അവരുടെ അയൽവാസികളും കുതിരയെ എത്രയും പ്രീതിയോടെ സ്വന്തമക്കളെ എന്ന പോലെ പോററിവരുന്നു. ഭാരം ചുമന്നു കൊണ്ടുപോവാൻ അവർ ഇതിനെ മുഖ്യമായി ഉപയോഗിക്കുന്നു.

| | | | | |
|---|---|---|---|---|
| ധീരത | പിളൎന്ന | സവാരി | പൂട്ടുക | പ്രീതി |
| വീൎയ്യം | അത്യുത്തമം | കരി | ഉഴുന്നു | ഭാരം |

## 24. കുതിര (തുടൎച്ച).

### കഥ.

കുതിരയുടെ ബുദ്ധിവിശേഷതയും കൃതജ്ഞതയും പ്രത്യക്ഷമാക്കുന്നതായ അനവധി സംഭവങ്ങളിൽ ഒന്നു രണ്ടു പറയാം.

1. പരന്ത്രീസ്സുകാരുടെ ചക്രവൎത്തിയായിരുന്ന ഒന്നാം നപ്പോലിയോന്റെ ഒരു യുദ്ധത്തിൽ ഒരു കുതിരച്ചേവകൻ വെടികൊണ്ടു വീണുമരിച്ചപ്പോൾ അവന്റെ കുതിര അനങ്ങാതെ ശവത്തിന്നരികെ തന്നെ നിന്നു. പട തീൎന്ന ശേഷം ആളുകൾ വന്നു അതിനെ പിടിച്ചു കൊണ്ടുപോവാൻ എത്ര ശ്രമിച്ചിട്ടും അതിനെ പിടിപ്പാൻ സാധിച്ചില്ല. പിന്നെ അവർ ശവം എടുത്തു മറവു ചെയ്ത ഉടനെ കുതിര സാവധാനമായി നടന്നു സമീപത്തുണ്ടായിരുന്ന ഒരു പുഴക്കരികെ ചെന്നു അതിൽ ചാടി ജീവനാശം ചെയ്തുകളഞ്ഞു.

2. കുറെ അറബിച്ചോരന്മാർ ഒരിക്കൽ തങ്ങൾ കവൎച്ച ചെയ്ത ദ്രവ്യം പങ്കിടുമ്പോൾ ഒരു കൂട്ടം തുൎക്കിപ്പടയാളികൾ അവരെ ചുററിവളഞ്ഞു പിടിച്ചു തടവുകാരാക്കി. ആ കള്ളന്മാരുടെ ഇടയിൽ ഹസ്സൻ എന്നു പേരായ ഒരുവൻ ഉണ്ടായിരുന്നു. അവനും അവന്റെ ഏററവും പ്രിയപ്പെട്ട കുതിരയും തുൎക്കരുടെ വശം അകപ്പെട്ടു. ഹസ്സനെ അവർ കൈകാലുകൾക്കു വിലങ്ങിട്ടു ഒരു തമ്പിൽ കിടത്തി. കുതിരയെ പിൻകാലിന്നു ഒരു തോൽവാർ കെട്ടി ആ തമ്പിന്റെ പുറത്തു ഒരു കുററിയോടു ബന്ധിച്ചിരുന്നു. രാത്രിയായപ്പോൾ ഹസ്സൻ പതുക്കെ ഇഴഞ്ഞിഴഞ്ഞു കുതിരയുടെ അടുക്കൽ ചെന്നു കരഞ്ഞുംകൊണ്ടു ഒരു മനുഷ്യനോടെന്ന പോലെ അവന്റെ സങ്കടം പറവാൻ തുടങ്ങി: "അയ്യോ, എന്റെ പ്രിയ കുതിരയേ! ഈ തുൎക്കർ നിന്നെ നല്ല വണ്ണം രക്ഷിച്ചു പരിപാലിക്കുമോ?

ഞാൻ സ്നേഹിച്ച പോലെ അവർ നിന്നെ സ്നേഹിക്കുമോ? ഇല്ല, നിശ്ചയം. അതുകൊണ്ടു നീ ഓടിപ്പോയി എന്റെ വീട്ടിൽ തന്നെ ചെന്നു എന്റെ ഭാൎയ്യയോടു അവളും എന്നെ ഇനിമേലാൽ കാണുകയില്ലെന്നു പറക" എന്നു പറഞ്ഞുംകൊണ്ടു കുതിരയുടെ കെട്ടു പ്രയാസേന അഴിച്ചു വിട്ടു. കുതിര താൻ സ്വാതന്ത്ര്യം പ്രാപിച്ചു എന്നും തന്റെ യജമാനൻ ബദ്ധനായി നിലത്തു കിടക്കുന്നു എന്നും കണ്ടു ഉടനെ അവന്റെ അരയിൽ കെട്ടിയിരുന്ന തോൽപട്ട കടിച്ചുംകൊണ്ടു അവനെ അങ്ങിനെ തന്നെ പൊന്തിച്ചു വായുവേഗേന ഓടി വനവും കാടും കടന്നു അനേകകാതം ദൂരേ സ്വന്തഭവനത്തിൽ എത്തി ഭാൎയ്യയുടെ കാല്ക്കൽ അവനെ കൊണ്ടുവെച്ചു അവിടെ തന്നെ വീണു പ്രാണൻ വിട്ടു. അതു ഓടി എത്രയും തളൎന്നുപോയതിനാലായിരുന്നു ചത്തുപോയതു.

| | | | |
|---|---|---|---|
| കൃതജ്ഞത | മറവുചെയ്ക | ദ്രവ്യം | പരിപാലിക്ക |
| പ്രത്യക്ഷം | ചോരന്മാർ | വിലങ്ങു | ബദ്ധൻ |
| കുതിരച്ചേവകൻ | കവൎച്ചചെയ്ക | ബന്ധിച്ചു | വായുവേഗേന |

---

## 25. അഗ്നിപൎവ്വതങ്ങളും ചൂട്ടറവുകളും.

വിലാത്തിയിൽ ഇതാല്യരാജ്യത്തിന്റെ തെക്കു വെസ്സൂവിയസ് എന്നു പേരായ ഒരു അഗ്നിപൎവ്വതമുണ്ടു. അതു ഒരുകുമ്പാരംപോലെ കൂൎത്തും നാലായിരം അടി ഉയരമുള്ളതും ആകുന്നു. അതിന്റെ കൊടുമുടിയുടെ ഒത്തനടുവിൽനിന്നു ഒരു തീച്ചൂള എപ്പോഴും പുകഞ്ഞുകൊണ്ടിരിക്കുന്നതു കാണാം. ചുരം മിക്കവാറും പാഴായിക്കിടക്കുന്നതിനാൽ ചിലേടത്തു മാത്രം മുന്തിരിങ്ങാത്തോട്ടങ്ങളും പറമ്പുകളും കാണാം. എങ്കിലും അതിന്റെ അടിവാരത്തിൽ അനേകം നഗരങ്ങളും ഗ്രാമങ്ങളും ഉണ്ടു. ഭൂലോകത്തിലെങ്ങുംവെച്ചു അതിമേത്തരം വീഞ്ഞു



അവിടത്തെ മുന്തിരിങ്ങാത്തോട്ടങ്ങളിൽനിന്നുണ്ടാകുന്നു. എങ്കിലും അവിടെ ഈ മലയുടെ ഉള്ളിൽ അഗാധത്തിൽ ഉള്ള അഗ്നിയുടെ ഊഷ്മാവിനാൽ ഭൂമി പലപ്പോഴും കുലുങ്ങിപ്പോകാറുണ്ടു. ഈ കുലുക്കത്തിന്നു ഭൂകമ്പം എന്നു പേർ. ചിലപ്പോൾ ചൂളയുടെ വായിൽനിന്നു കരിയും, ചാരവും, കത്തി ഉരുകിയ ദ്രവങ്ങളും പുറത്തേക്കു പൊന്തിവന്നു അയൽപ്രദേശങ്ങളിൽ വീണു ജീവികൾക്കും കൃഷിക്കും മഹാനാശം ചെയ്യും. ആയിരത്തെണ്ണൂറ്റിൽ ചില്വാനം വൎഷങ്ങൾക്കു മുമ്പെ ഉണ്ടായ ഒരു ഭൂകമ്പസമയം ആ അഗ്നിപൎവ്വതത്തിൽനിന്നു വന്ന ദ്രവസാധനങ്ങളാൽ രണ്ടു നഗരങ്ങൾ മുഴുവനെ മൂടിപ്പോയി. അവിടത്തെ ജനങ്ങളെല്ലാവരും അശേഷം വിചാരിയാത്ത നാഴികയിൽ നശിച്ചുപോയി. എഴുപതു സംവത്സരങ്ങൾക്കു മുമ്പെ അതേ പൎവ്വതത്തിന്റെ വായിൽനിന്നു പുറത്തേക്കു വന്ന കരിമാരിയാൽ അടുത്ത നഗരങ്ങളിലെല്ലാം പകൽ രാത്രിപോലെ ഇരുണ്ടുപോയി. കത്തി ഉരുകിയ ദ്രവം പന്ത്രണ്ടടി ആഴമുള്ള പുഴയായി രണ്ടു മൂന്നു നാഴിക ദൂരത്തോളം ഒഴുകി.

ചില ധീരന്മാർ അതിന്നു അധികം ചൂടില്ലാത്ത കാലത്തിൽ അതിന്നകത്തിറങ്ങി ആഴം അളന്നു ൩൦൦ അടി ആഴമേ ഉള്ളൂ എന്നു കണ്ടുപിടിച്ചിരിക്കുന്നു. ഇങ്ങിനെ തന്നെ അനേകം അഗ്നിപർവ്വതങ്ങൾ ലോകത്തിൽ പലേടങ്ങളിലുമുണ്ടു.

ചില രാജ്യങ്ങളിൽ ഇങ്ങിനെ തന്നെ ഉഷ്ണജലം പുറപ്പെടിക്കുന്ന ഒരുവക ഉറവുകളുണ്ടു. അതു പുഴയുടെ ഉറവുകളെപോലെ ചെറുതല്ല. നിലത്തു പെട്ടെന്നു ഒരു ദ്വാരമുണ്ടായി അനേക അടി ഉയരത്തിൽ മേലോട്ടു പതക്കുന്ന വെള്ളം പൊന്തി നിലത്തു വീണു ഒഴുകിക്കൊണ്ടിരിക്കും. അമേരിക്കാ ഭൂഖണ്ഡത്തിന്റെ സമീപത്തുനിന്നു സമുദ്രത്തിൽ കൂടി വിലാത്തിയിലോട്ടു ഒരു ഉഷ്ണജലപ്പുഴ ഒഴുകുന്നുണ്ടു. ഇതു പ്രകൃതിയിലെ വലിയൊരു അത്ഭുതം തന്നെ.

| | | | | |
|---|---|---|---|---|
| കൂമ്പാരം | തീച്ചൂള | മേത്തരം | ഊഷ്മാവു | കരിമാരി |
| കൊടുമുടി | ചുരം | അഗാധം | വേങ്ങൾ | പ്രകൃതി |

---

## 26. മാവും പിലാവും.

മാവു് വലുതായി വളരുന്ന ഒരു ഫലവൃക്ഷമാകുന്നു. അതു സാധാരണയായി അണ്ടി നട്ടു മുളപ്പിച്ചുണ്ടാക്കുന്നതാണെങ്കിലും ഇപ്പോൾ അതിന്റെ കൊമ്പു മുറിച്ചു വേരിറക്കി നട്ടുണ്ടാക്കുന്ന ഒരു സൂത്രം നടപ്പുണ്ടു. എന്നാൽ അതു എല്ലാവക്കും കഴികയില്ല. അതിന്നായി പ്രത്യേകം ചില സൂത്രങ്ങൾ ആവശ്യമാകുന്നു. മാമ്പഴം പലതരങ്ങളുണ്ടു. പച്ചയായിരിക്കുമ്പോൾ മിക്കതും വളരെ പുളിയുള്ളതായിരിക്കും. ചിലതു പഴുത്താലും പുളിക്കും. ഈ നാട്ടിൽ തറമാങ്ങ അല്ലെങ്കിൽ നാട്ടുമാങ്ങ എന്നു പറഞ്ഞുവരുന്നതു എത്രയും ചെറിയതാണെങ്കിലും അതിന്റെ മരമാകുന്നു മറ്റെല്ലാതരം മാവിനെക്കാളും

വലിപ്പത്തിൽ വളരുന്നതു. അതിൻെറ തടിമരത്തിന്നു അമ്പതു അറുപതു അടി ഉയരവും ആറേഴടി വണ്ണവും ഉണ്ടാകും.

മാവു വളരെ ഉറപ്പും ഭംഗിയും വിലയും ഉള്ള മരമല്ല. എങ്കിലും അതു ഈൎന്നു ഓരോ സാമാനങ്ങൾക്കായും വാതിൽപലകകൾക്കായും മററും ഉപയോഗിച്ചുവരുന്നു. മാവിൻെറ തോൽ ചില ഔഷധങ്ങൾക്കായി എടുക്കാറുണ്ടു.

പിലാവിൽ പഴം, വരിക്ക എന്നു രണ്ടു ജാതിയുണ്ടു. ഇതിലും പല തരഭേദങ്ങളുണ്ടു. എങ്കിലും അതൊക്കെ ഫലത്തിൽ മാത്രം കാണും. മരം ഏകദേശം എല്ലാം ഒരുപോലെ തന്നെ. വിലാത്തിക്കാൎക്കു മാങ്ങ എത്രയും പത്ഥ്യാഹാരമാണെങ്കിലും ചക്ക അവൎക്കു പ്രിയമല്ല. അതിൻെറ ഗന്ധം മിക്ക വിലാത്തിക്കാൎക്കും അസഹ്യമത്രെ. ഏതാനും ചിലൎക്കു അതു വൎജ്ജ്യമല്ലതാനും.

പിലാവു മാവിനെക്കാൾ പ്രയോജനമുള്ള ഒരു വൃക്ഷമാകുന്നു. അതിൻെറ ഇല ആട്ടുകൾ വളരെ രുചിയോടെ തിന്നും. നാട്ടുകാർ കഞ്ഞി കുടിപ്പാൻ തവിക്കു പകരം ഈ ഇല ഉപയോഗിക്കുന്നു. ചക്ക പച്ചയായിരിക്കുമ്പോൾ പലവിധമായ കറികൾ വെച്ചുണ്ടാക്കും. പഴുത്താൽ സ്വതവേയോ പലഹാരങ്ങളാക്കിയോ ഭക്ഷിക്കും. എങ്കിലും അതു അധികം തിന്നുന്നതു സുഖക്കേടിന്നു ഹേതുവായിത്തീരും. നല്ല മൂപ്പെത്തിയ മരം പണിത്തരങ്ങൾക്കു അത്യുത്തമം തന്നെ. മഞ്ഞവൎണ്ണത്തിൽ ഇതു വളരെ ഭംഗിയുള്ള ഒരു മരമാകയാൽ കസേല, മേശ, കട്ടിൽ, പെട്ടി മുതലായ പല സാമാനങ്ങളും ഇതുകൊണ്ടുണ്ടാക്കാം. ഇതു മാവിനെക്കാൾ എത്രയും ഉറപ്പുള്ളതും വളരെ ഈടു നില്ക്കുന്നതും ആകുന്നു.

| | | | |
|---|---|---|---|
| മാമ്പഴം | പത്ഥ്യാഹാരം | അസഹ്യം | തവി |
| തരഭേദങ്ങൾ | ഗന്ധം | വൎജ്ജ്യം | ഈടു |

## 27. ഗൂഢനിക്ഷേപം.

പാൎസ്യരാജ്യത്തിൽ ഒരിക്കൽ രാജാവായിരുന്ന ഷാ അബ്ബാസ് ഒരു ദിവസം നായാട്ടിന്നു പോയപ്പോൾ ഒരു ആട്ടിടയച്ചെറുക്കൻ അതിരസമായ രാഗത്തിൽ ഒരു കുഴൽ ഊതുന്നതു കണ്ടു. അവനുമായി കുറെനേരം സംഭാഷിച്ചപ്പോൾ അവന്റെ



ബുദ്ധിമാഹാത്മ്യം കണ്ടു രാജാവു അത്ഭുതപ്പെട്ടു അവനെ തന്റെ അരമനയിലേക്കു കൂട്ടിക്കൊണ്ടു പോയി വിദ്യാഭ്യാസം ചെയ്യിപ്പാനായി വിദഗ്ദ്ധരായ ചില പണ്ഡിതന്മാൎവശം ഭരമേല്പിച്ചു. എല്ലാവരും അതിശയിക്കത്തക്കവണ്ണം അവൻ സ്വ

ല്പകാലം കൊണ്ടു സൎവ്വവിദ്യയിലും അതിനിപുണനായി ത്തീൎന്നു. രാജാവു അവന്നു മുഹമ്മത്തു ആലിബേയി എന്ന പേരും കൊടുത്തു അവനെ തന്റെ ഭണ്ഡാരവിചാരിപ്പുകാരനാക്കി. അവന്റെ നേരും വിശ്വസ്തതയും രാജാവിന്നു ബോദ്ധ്യമായിരുന്നതിനാലും അവൻ കൈക്കൂലി വാങ്ങുകയില്ലെന്നു പൂൎണ്ണവിശ്വാസമുണ്ടായിരുന്നതിനാലും ഒരു അയൽ രാജ്യത്തിലെ ചക്രവൎത്തിയോടു ഒരു ഉടമ്പടി ചെയ്യാനായി രാജാവു അവനെ രണ്ടു തവണ ദൂതനായി നിയോഗിച്ചയച്ചു. അവൻ ചെയ്ത കരാർ രാജാവിന്നു പൂൎണ്ണതൃപ്തിയാകയും ചെയ്തു. രാജാവിന്നു അവനോടു നാൾക്കുനാൾ വാത്സല്യം വൎദ്ധിച്ചതിനാൽ അവിടത്തെ അസൂയക്കുടുക്കകൾക്കു അവന്റെ മേൽ ഈൎഷ്യ തോന്നി. എങ്കിലും ഒന്നും ചെയ്വാൻ കഴിഞ്ഞില്ല.

ഈ രാജാവു അന്തരിച്ചശേഷം ചെറുപ്രായക്കാരനായ സീമന്തപുത്രൻ രാജാസനമേറി. ബുദ്ധികുറഞ്ഞവനായിരുന്നതിനാൽ മുഹമ്മതിന്റെ ശത്രുക്കൾ അവൻ ഭണ്ഡാരമുതൽ മോഷ്ടിച്ചിട്ടുണ്ടായിരിക്കേണം എന്നു ഏഷണി പറഞ്ഞപ്പോൾ രാജാവു ഉടനെ വിശ്വസിച്ചു അവനോടു പണകാൎയ്യമായ സൎവ്വകണക്കുകളും പതിനഞ്ചു ദിവസങ്ങൾക്കുള്ളിൽ ഏല്പിച്ചു കൊടുക്കേണം എന്നു കല്പിച്ചു. വിശ്വസ്തനായ ആ ഭണ്ഡാരകൎത്താവു ഈ കല്പന കേട്ട ഉടനെ, "രാജാവേ! നാളെ തന്നെ' കണക്കു പരിശോധിച്ചുകൊൾവിൻ!" എന്നു പറഞ്ഞു. അപ്രകാരം തന്നെ പിറേറ ദിവസം രാജാവു ഭണ്ഡാരം പരിശോധിപ്പാൻ പോയപ്പോൾ ഒരു കാശിന്റെ വ്യത്യാസമോ ഏറക്കുറവോ കണ്ടില്ല. അതിൽ പിന്നെ അവന്റെ വീടു ശോധന ചെയ്വാൻ നിശ്ചയിച്ചു രാജാവു അവിടേക്കു ചെന്നു. വലിയൊരുദ്യോഗസ്ഥനെങ്കിലും അവന്റെ ഭവനത്തിന്റെ എളിമത്തരം കണ്ടു രാജാവു ആശ്ചൎയ്യപ്പെട്ടു. ആ സമയം തന്നെ ഒരു ഏഷണിക്കാരൻ രാജാവിന്നു ഒരു പൂട്ടിയിട്ട അറ




കാണിച്ചുകൊടുത്തു. അതിൽ എന്തുണ്ടെന്നു തുറന്നു കാണിക്കേണം എന്നു രാജാവു പറഞ്ഞപ്പോൾ മുഹമ്മതു "തമ്പുരാനേ! എന്റെ സൎവ്വനിക്ഷേപവും ഇതിൽ ആകുന്നു ഉള്ളതു. വേണമെങ്കിൽ കാട്ടിത്തരാം" എന്നു പറഞ്ഞു തന്റെ കൈ

കൽ തന്നെ ഉണ്ടായിരുന്ന ഒരു താക്കോൽകൊണ്ടു അതു തുറന്നു കാണിച്ചു. അതിൽ അവൻ ആട്ടിടയനായിരുന്ന കാലത്തു ഉപയോഗിച്ചിരുന്ന വടിയും പൊക്കണവും കുഴലും അന്നു ധരിച്ചിരുന്ന വസ്ത്രവും ചുവരിന്മേൽ തൂക്കിയിരുന്നു. അതു ചൂണ്ടിക്കാണിച്ചു അവൻ രാജാവിനോടു "ഇതാ ഇവിടെ വരുന്നതിന്നു മുമ്പേ എനിക്കുണ്ടായിരുന്ന സമ്പത്തു. എന്നെ ഇവിടെനിന്നു അയപ്പാനാകുന്നു വിചാരമെങ്കിൽ ഇതും കൊണ്ടു എന്റെ പഴയ പണിക്കു തന്നെ പോവാൻ അനുവാദം തരേണം" എന്നു പറഞ്ഞു. ദൂഷണക്കാരെ വിശ്വസിച്ച രാജാവു തന്റെ ഭോഷത്വത്തെ കുറിച്ചു ലജ്ജിച്ചുംകൊണ്ടു ബഹുമാനചിഹ്നമായി തന്റെ വസ്ത്രം ഊരി അവന്റെ മേൽ ഇട്ടു. അതുമുതൽ മരണംവരെ അവൻ ആ പണി തന്നെ ചെയ്തു.

| | | | |
|---|---|---|---|
| സംഭാഷിച്ചു | വിദഗ്ദ്ധർ | വിചാരിപ്പുകാരൻ | മോഷ്ടിക്ക |
| മാഹാത്മ്യം | പണ്ഡിതർ | ഈർഷ്യ | പൊക്കണം |
| അരമന | ഭണ്ഡാരം | അന്തരിച്ചു | ചിഹ്നം |

---

## 28. ആന (കരി, ഗജം, ഹസ്തി).

ആന പ്രകൃത്യാ ഒരു കാട്ടുമൃഗമാകുന്നുവെങ്കിലും അതിനെ മെരുക്കി ഒരു ഭവനമൃഗമാക്കി മനുഷ്യർ പല വേലക്കായും ഉപയോഗിക്കുന്നു. കരമേൽ സഞ്ചരിക്കുന്ന എല്ലാ മൃഗങ്ങളിലും വെച്ചു ആന ഏററവും വലിയതാകുന്നു. അതിന്റെ തടിച്ച ശരീരം താങ്ങുവാനായി വണ്ണമേറിയ നാലു കാലുകളും ഉണ്ടു. കാലുകൾക്കു കുളമ്പില്ല നഖങ്ങളാകുന്നു ഉള്ളതു. എത്രയും വലിയ തലയെ താങ്ങുന്നതു തടിച്ചു കുറുതായ കഴുത്താകുന്നു. കഴുത്തിന്റെ ഹ്രസ്വത നിമിത്തം കുനിയുവാൻ പാടില്ല. അതുകൊണ്ടു അതിന്റെ വായിൽ വല്ലതും എടുത്തുകൊണ്ടു

ചെല്ലുവാനും മറ്റോരോ പണിക്കും വേണ്ടി ദൈവം അതിന്നു ഒരു വിശിഷ്ട ആയുധം കൊടുത്തിരിക്കുന്നു. അതിന്നു തുമ്പിക്കൈ എന്നു പേർ. തുമ്പിക്കൈക്കു തന്നെ നാസാദ്വാരങ്ങളും ഉണ്ടു. അതിന്റെ അറ്റത്തു വിരൽപോലെ കൂർത്തിരിക്കുന്ന ഒരു സാധനം ഉണ്ടു. അതിനെക്കൊണ്ടു നിലത്തുനിന്നു എത്രയും ചെറിയ ഒരു സാധനം പോലും പെറുക്കി എടുക്കാം. തുമ്പിക്കൈകൊണ്ടു തന്നെ മരങ്ങൾ വേരോടെ പറിച്ചെടുക്കയും ചെയ്യും. ആനയുടെ കണ്ണുകൾ ഏറ്റവും ചെറുതും ചെവി വളരെ വലിയതും ആകുന്നു. വായിൽ വലുതായ പല്ലുകൾ ഉണ്ടു. ആണാനെക്കു രണ്ടു വലിയ തേറ്റകൾ, അല്ലെങ്കിൽ കൊമ്പുകൾ വായിൽനിന്നു പുറത്തേക്കു വളൎന്നു നീണ്ടു കിടക്കുന്നു. അതുകൊണ്ടു ആണാനെക്കു കൊമ്പൻ എന്നു പേർ. (പെണ്ണിന്നു പിടി എന്നും പേർ). ആനയുടെ വാൽ കുറിയതും അറ്റത്തുമാത്രം രോമമുള്ളതുമാകുന്നു.

ആന തെങ്ങു, പന മുതലായവയുടെ ഓലയും പലവിധ സസ്യങ്ങളും കിഴങ്ങുകളും തിന്നും. നാട്ടാന ചോറും തിന്നും. അതിന്നു വെള്ളത്തിൽ കളിപ്പാൻ വളരെ താല്പൎയ്യമുണ്ടു.

ആനയെ മെരുക്കി പലവിധപ്രവൃത്തികൾ പഠിപ്പിക്കാം. അതിന്നു വളരെ ബുദ്ധിയും നന്ദിയുമുണ്ടു. ഭാരം ചുമക്കുവാനും കാട്ടിൽനിന്നു വന്മരങ്ങൾ വലിച്ചു പുഴകളിലേക്കു കൊണ്ടുപോവാനും അവറ്റെ അധികമായി ഉപയോഗിക്കുന്നു. പുരാണകാലത്തിൽ യുദ്ധത്തിന്നായി ആനകളെ കൊണ്ടുപോകാറുണ്ടായിരുന്നു. ഇപ്പോൾ പോൎക്കളത്തിൽ യുദ്ധസംഭാരങ്ങൾ കൊണ്ടുപോവാനും മലകളിന്മേൽ പീരങ്കിത്തോക്കു കൊണ്ടുപോവാനും ഉപയോഗിക്കാറുണ്ടു. നാട്ടുരാജാക്കന്മാർ ആനെക്കു നെറ്റിപ്പട്ടവും അമ്പാരിയും കെട്ടി അതിന്മേൽ കയറി നടപ്പാൻ കൊള്ളിക്കുന്നു.

"ആന ജീവിച്ചാലും ചത്താലും പന്തീരായിരം ഉറുപ്പിക" എന്നു ഒരു ചൊല്ലുണ്ടു. അതിന്റെ അൎത്ഥം അതിന്നു അത്ര വിലയുണ്ടെന്നല്ല. ചത്താലും അതിന്റെ അസ്ഥിക്കും കൊമ്പിന്നും പിടിപ്പതു വില ഉള്ളതുകൊണ്ടാകുന്നു അങ്ങിനെ പറയുന്നതു. ആനക്കൊമ്പുകൊണ്ടു വിചിത്രമായ ചെറു പെട്ടികളും കത്തിപ്പിടി, ചീപ്പു മുതലായവയും ഉണ്ടാക്കും. അസ്ഥികൊണ്ടും കത്തിപ്പിടിയും മററും ഉണ്ടാക്കാറുണ്ടു.

| | | | |
|---|---|---|---|
| മെരുക്കി | വിശിഷ്ടം | നെററിപ്പട്ടം | വിചിത്രം |
| കരുത്തു | നാസാദ്വാരങ്ങൾ | അമ്പാരി | പിടിപ്പതു |
| | ഹ്രസ്വത | സംഭാരങ്ങൾ | |

## 29. ആന (തുടൎച്ച).

### കഥ.



1. ഇന്ത്യാരാജ്യത്തിന്റെ ഉത്തരപ്രദേശങ്ങളിലുള്ള ഒരു ജാതിക്കാരോടു ഇംഗ്ലീഷുകാർ ഒരിക്കൽ യുദ്ധം ചെയ്തിരുന്നു. അപ്പോൾ പീരങ്കിത്തോക്കു മലകളിന്മേൽ വലിച്ചു കയററിയതു ആനകളായിരുന്നു. അനേകം വണ്ടികളും ആനകളും വഴിക്കു

വഴിയായി പോയിക്കൊണ്ടിരിക്കുമ്പോൾ ഒരു കാളന്തോക്കിന്മേൽ ഇരുന്നിരുന്ന ഒരു പടയാളി എങ്ങിനെയോ നിലതെറ്റി താഴെ വീണുപോയി. അവൻ ഇരുന്നിരുന്ന വണ്ടിയുടെ ചക്രം അതിഘനമുള്ള തോക്കിന്റെ ഭാരത്തോടും കൂടെ അവന്റെ മേൽ കയറിയിരുന്നെങ്കിൽ അവൻ ചതഞ്ഞുപോകുമായിരുന്നു. എങ്കിലും ഈ അപകടസ്ഥിതി പിന്നിലേ വണ്ടി വലിച്ചു ഒരു കൊമ്പനാന കണ്ടു തുമ്പിക്കൈകൊണ്ടു അവനെ ചക്രത്തിൻമാർഗ്ഗത്തിൽനിന്നു നീക്കുവാൻ എത്താഞ്ഞതിനാൽ അരനിമിഷം പോലും താമസിക്കാതെ മഹാബലത്തോടും കൂടെ ആ ചക്രം തുമ്പിക്കൈയാൽ നിലത്തുനിന്നു പൊക്കി അവനെ കടത്തി താഴെ തന്നെ വെക്കയും കാൽകൊണ്ടു അവനെ തട്ടി ഒരു അരുവിൽ ആക്കുകയും ചെയ്തു. ആനയുടെ ബുദ്ധിക്കും തൽക്കാലവിവേകത്തിന്നും കായബലത്തിന്നും ഇതു നല്ലൊരു ദൃഷ്ടാന്തമാകുന്നു.

2. ആനയുടെ കൃതജ്ഞതയെ കാണിക്കുന്ന ഒരു സംഭവം പറയാം.

ഒരു അങ്ങാടിയിൽ ഒരു സ്ത്രീ പച്ചക്കറി സാധനങ്ങൾ വിറ്റുവന്നിരുന്നു. അവളുടെ പീടികയുടെ മുൻഭാഗത്തു കൂടി നിത്യം കടന്നുപോയിരുന്ന ഒരു ആനെക്കു അവൾ ദിവസേന ഒരു പിടി ചീര കൊടുക്കാറുണ്ടായിരുന്നു. ആനകൾക്കു ചിലപ്പോൾ മദം പിടിക്ക എന്നൊരുവിധം രോഗം പിടിപെടും. അപ്പോൾ അവ കഥയില്ലാതെ ഓടി കണ്ണിൽ കണ്ടവരെ എല്ലാം കുത്തിയും ചവിട്ടിയും കൊന്നുകളയും. ഒരു ദിവസം ഈ ആനെക്കു മദം പിടിച്ചു വീഥിയിൽ കൂടെ ഓടിത്തുടങ്ങി. അങ്ങാടിയിൽ ഉണ്ടായിരുന്നവരെല്ലാം പ്രാണരക്ഷക്കായി മണ്ടി ഓരോ സ്ഥലത്തു സങ്കേതം പ്രാപിച്ചു. കൂട്ടത്തിൽ തക്കാരി വിറ്റിരുന്ന സ്ത്രീയും തന്റെ പീടികയിൽനിന്നു പാഞ്ഞുപോയി. ആ ധൃതിയിൽ അവൾ തന്റെ ചെറു പൈത

ലിനെ നിരത്തിന്മേൽ വിട്ടേച്ച മറന്നുപോയി. ആന ആ വഴിയായി വരുമ്പോൾ കുട്ടിയെ കണ്ടു ഉടനെ തനിക്കു ചിര കൊടുത്തിരുന്ന സ്ത്രീയുടെ ശിശുവാകുന്നു എന്നറിഞ്ഞു തുമ്പിക്കൈകൊണ്ടു അതിനെ എടുത്തു യാതൊരു ഹാനിയും വരുത്താതെ അവളുടെ പീടികയുടെ കോലായിൽ കൊണ്ടുവെച്ച തന്റെ വഴിക്കുപോയി.

| | | | |
|---|---|---|---|
| വഴിക്കുവഴിയായി | മാൎഗ്ഗം | കായബലം | തക്കാരി |
| കാളന്തോക്കു | അരനിമിഷം | ദൃഷ്ടാന്തം | സങ്കേതം |
| | നിലതെറ്റി | പൊക്കി | |

---

## 30. ഉത്സാഹം.

ഉറുമ്പുതന്നെ നോക്കീട്ടുത്സാഹം ശീലിച്ചാലും
കുറുമ്പുലേശം പോലും കാട്ടൊല്ല ബാലന്മാരേ ||
നോക്കുവിൻ മടിയെന്നതുറുമ്പിനില്ലതെല്ലും
നോക്കുത്തു വിശേഷിച്ചും വേണ്ടതല്ലൊന്നുകൊണ്ടും ||
മടിയോടിരുന്നാൽ നാം പഠിയാ പാഠമൊന്നും
വടികൊണ്ടൊന്നോ രണ്ടോ കിട്ടിയെന്നും വരും ||
മനസ്സും ശരീരവും സ്വസ്ഥമല്ലാതെ പിന്നെ
തനിക്കു ദുഃഖമൊന്നേ മേൽക്കുമേൽ ഉണ്ടായീട്ടു ||
ഉത്സാഹമുണ്ടായീടിൽ ബുദ്ധിയില്ലാത്തവനും
വത്സരേ! സമൎത്ഥരായ്വന്നീടാമറിഞ്ഞാലും ||
നാമൊരു നിമിഷവും വെറുതെ കളയാതെ
കാമമോടുത്സാഹവും കൈക്കൊണ്ടു പഠിച്ചീടിൽ ||
കാമിതം സാധിച്ചുകൊണ്ടെല്ലാരെക്കാളുമേറെ
കേമനായിരുന്നീടാമീശ്വരകൃപയാലെ ||
ഉത്സാഹിതന്നെ ദൈവം കാത്തുകൊണ്ടീടും ഭക്ത
വത്സലൻ ദൈവമെന്നതറിഞ്ഞു പ്രവൃത്തിപ്പിൻ ||

| | | | |
|---|---|---|---|
| കുറുമ്പ | നോക്കുന്നു | മേൽക്കുമേൽ | കാമം |
| തെല്ലും | പറിയാ | വത്സരേ | കാമിതം |

ഭക്തവത്സലൻ

---

## 31. കൈത്തൊഴിൽ.

ഈ നാട്ടുകാർ കൈത്തൊഴിൽ ഹീനതരമായി വിചാരിക്കുന്നു. ഒരു ഉയൎന്ന ജാതിക്കാരൻ ദരിദ്രനായിപ്പോയാൽ അവന്നു ഒരു തോൽകൊല്ലന്റെ വേല ചെയ്വാൻ പാടില്ല.



എങ്കിലും ഒരു ചെരിപ്പുകുത്തിയോടു ധൎമ്മം ചോദിക്കുന്നതിന്നും വാങ്ങുന്നതിന്നും യാതൊരു ലജ്ജയും ഇല്ല. ഇതിലും വലുതായൊരു ഭോഷത്വമുണ്ടോ? സാക്ഷാൽ ലജ്ജാകരമായ കാൎയ്യമെന്താണെന്നു അങ്ങിനത്തേവൎക്കു ബോദ്ധ്യമായിട്ടില്ലെന്നു പറയേണം. ഒരു മനുഷ്യൻ പരാധീനം കൂടാതെ തന്റെ ശക്തിക്കും പ്രാപ്തിക്കും തക്ക പ്രവൃത്തി ചെയ്കയാകുന്നു വേ

ണ്ടതു. പരമാൎത്ഥമായ മാൎഗ്ഗത്തിൽ അഹോവൃത്തി കഴിപ്പാനായി എന്തുവേല ചെയ്താലും അതു അപമാനകരമല്ല. അന്യരെ ആശ്രയിച്ചും ഭിക്ഷ യാചിച്ചും നടക്കുന്നതു മഹാ മാനക്കുറവായി കരുതേണ്ടതാകുന്നു.

ധനവാന്മാർ സുഖമനുഭവിക്കുന്നതും പ്രതാപം നടിക്കുന്നതും കൈവേലക്കാരുടെ സഹായത്താലാകുന്നു. ആശാരി, മൂശാരി, തട്ടാൻ, കൊല്ലൻ, ചെരിപ്പുകുത്തി, തുന്നക്കാരൻ മുതലായവർ അദ്ധ്വാനിക്കുന്നതിനാലത്രെ അവർ സുഖിച്ചിരിക്കുന്നതു. തന്റെ സുഖസന്തോഷാദികൾക്കു കാരണഭൂതന്മാരായ ഈ കൈവേലക്കാരെ ഹീനരായി വിചാരിക്കുന്നതു ഒരു ധനവാനു അശേഷം യോഗ്യമല്ല എന്നു മാത്രമല്ല ലോകത്തിലുള്ള ധനികന്മാരിൽ അധികംപേരും അവരവരുടെയോ അല്ലെങ്കിൽ അവരുടെ പൂൎവ്വന്മാരുടെയോ ദേഹാദ്ധ്വാനത്താൽ ആ സ്ഥിതിയിൽ എത്തിയവരാകുന്നു. ഈ കാൎയ്യം ഓൎമ്മവെച്ചാൽ കൈത്തൊഴിൽ ആരും അപമാനഹേതുവായി എണ്ണുകയില്ല.

ഈ രാജ്യത്തിൽ ഓരോ തൊഴിലിന്നു ഓരോ ജാതിക്കാരുള്ളതുകൊണ്ടത്രെ ഇതിൽ ഒരു അപമാനം വിചാരിച്ചുവരുന്നതു. ഈ ഇന്ത്യാരാജ്യത്തിലല്ലാതെ മററു ഭൂമിയിൽ ഒരേടത്തും ജാതിഭേദമില്ല. വിലാത്തിയിൽ ഒരു അച്ഛന്റെ മക്കളിൽ തന്നെ ഒരുത്തൻ ഒരു രാജമന്ത്രിയും ഒരുത്തൻ ഒരു ആശാരിയും മറെറാരുത്തൻ ഒരു ചെരിപ്പുകുത്തിയും ആയിരിക്കാം. അതിൽ യാതൊരു അപമാനവുമില്ല. കട്ടും കളവു പറഞ്ഞും വഞ്ചിച്ചും ഇരന്നും പണമുണ്ടാക്കുന്നതു മാത്രമേ അവർ അപമാനകരമായി വിചാരിക്കുന്നുള്ളു. നമ്മുടെ നാട്ടിലും ആളുകൾക്കു ഈ പരമാൎത്ഥമായ അഭിമാനം തിരിച്ചറിവാൻ കഴിവു വന്നെങ്കിൽ മാത്രമേ ജനങ്ങൾക്കു ശ്രേയസ്സും രാജ്യത്തിൽ സുഭിക്ഷവും വൎദ്ധിക്കുകയുള്ളൂ.

പരാധീനം മൂശാരി അഭിമാനം സുഭിക്ഷം മന്ത്രി
ലജ്ജാകരം പ്രതാപം കാരണഭൂതന്മാർ ശ്രേയസ്സു

---

## 32. കൈത്തൊഴിൽ (തുടൎച്ച).

ഒരു ദ്വീപിൽ ഒരു ധനികനും അവന്റെ അയൽവക്കത്തു ദരിദ്രനായ ഒരു ചൂരൽപണിക്കാരനും ഉണ്ടായിരുന്നു. ആ ദരിദ്രൻ തന്റെ പ്രവൃത്തിക്കായി രക്ഷിച്ചു വളൎത്തിയിരുന്ന ഒരു ചൂരൽക്കാടു ധനവാനു അസഹ്യമായി തോന്നിയതിനാൽ അതൊക്കെ മുറിച്ചു നീക്കുവാൻ കല്പിച്ചു. തന്റെ അഹോവൃത്തിക്കുള്ള വസ്തു നശിപ്പിപ്പാൻ പാടില്ലെന്നു അവൻ പറഞ്ഞതിനാൽ ധനവാൻ കോപിച്ചു അതു മുഴുവനെ തീ വെച്ചു ചുട്ടുഭസ്മമാക്കിക്കളഞ്ഞു. ദരിദ്രൻ ഇതു നിമിത്തം അവനെ ആക്ഷേപിച്ചതുകൊണ്ടു അവൻ ക്രുദ്ധിച്ചു ദരിദ്രനെ കഠിനമായി അടിച്ചു ദേഹം മുഴുവനെ പരുക്കേല്പിച്ചു. അപ്പോൾ അവൻ ഓടി നഗരത്തിലേക്കു ചെന്നു രാജാവോടു അന്യായം ബോധിപ്പിച്ചു. നീതിമാനായ രാജാവു ധനവാനെ വരുത്തി ഈ ക്രൂരകൎമ്മത്തിന്റെ സംഗതി ചോദിച്ചപ്പോൾ അവൻ മഹാ പൊങ്ങച്ചത്തോടെ "രാജാവേ! ഈ ഹീനനും ദരിദ്രനുമായ കൈത്തൊഴിൽക്കാരൻ ധനവാനായ എന്നെ വേണ്ടുംവണ്ണം ബഹുമാനിച്ചില്ല" എന്നു ഉത്തരം പറഞ്ഞു. രാജാവു ഇതു കേട്ടു അവനോടു "എടോ! തന്റെ മൂത്തച്ഛൻ ഒരു കൈവേലക്കാരനായിരുന്നു എന്നും അദ്ദേഹത്തിന്റെ സാമൎത്ഥ്യത്താൽ എന്റെ അച്ഛന്റെ പ്രസാദം സമ്പാദിച്ചു ഉന്നതസ്ഥിതി പ്രാപിച്ചതാകുന്നു എന്നും താൻ മറന്നുപോയോ? കൈവേലക്കാരന്റെ പൌത്രനായ നീ ഇപ്പോൾ സാധുരക്ഷ ചെയ്യുന്നതിന്നു പകരം അവരെ ദ്രോഹിക്കുന്നുവോ?" എന്നു പറഞ്ഞു അവന്നു തക്കതായ ഒരു പാഠം കൊടുക്കേണം എന്നു ഉദ്ദേശ

ത്തിന്മേൽ അന്യായക്കാരനെയും പ്രതിയെയും ദൂരെ കാട്ടാളർ പാൎക്കുന്ന ഒരു ദ്വീപിലേക്കു നാടുകടത്തിക്കളഞ്ഞു. അവിടെയും ചൂരൽ അനവധിയുണ്ടായിരുന്നു. നരഭോക്താക്കളായ കാട്ടാളർ ഇവരെ കണ്ട ഉടനെ കൊല്ലുവാൻ ഭാവിച്ചപ്പോൾ ചൂരൽക്കാരൻ ആംഗ്യം കാട്ടി കുറെ ചൂരൽ മുറിച്ചു ഒരു വിചിത്ര കിരീടം മടഞ്ഞു അവരുടെ പ്രധാനിയുടെ തലമേൽ വെച്ചു. അതു കണ്ടു അവർ സന്തോഷിച്ചു അവരെല്ലാവരും അവൎക്കു ആ മാതിരി ഓരോന്നുണ്ടാക്കി കൊടുപ്പാനപേക്ഷിച്ചു. ഒന്നും അറിഞ്ഞുകൂടാത്ത ധനികനെ മററവനു ചൂരൽ മുറിച്ചു കൊണ്ടുകൊടുക്കുന്ന പണിക്കാരനാക്കി. ഇങ്ങിനെ ധനികൻ തന്റെ ശത്രുവിന്റെ സാമൎത്ഥ്യത്താൽ ജീവരക്ഷ പ്രാപിച്ചു, പിന്നെ അവന്റെ പണിക്കാരനാകയും ചെയ്തു. സൽസ്വഭാവിയായ ദരിദ്രനോടു അവൻ കരഞ്ഞുംകൊണ്ടു ക്ഷമ ചോദിച്ചു, മനുഷ്യന്നു സാക്ഷാൽ മാനകാരണം പണമല്ല, യോഗ്യത ഒന്നു തന്നെ എന്നു ഗ്രഹിക്കയും ചെയ്തു. രാജാവു ഈ വിവരം കേട്ട ശേഷം ഇരുവരെയും സ്വരാജ്യത്തിലേക്കു വരുത്തി. അതുമുതൽ ധനികൻ ദരിദ്രനെ ഏററവും ബഹുമാനിച്ചുപോന്നു.

| | | | | |
|---|---|---|---|---|
| ഭസ്മം | ക്രുദ്ധിച്ചു | ക്രൂരകൎമ്മം | ഉന്നതസ്ഥിതി | ഉദ്ദേശം |
| ആക്ഷേപിച്ചു | പരുക്കു | പൊങ്ങച്ചം | പൌത്രൻ | നരഭോക്താക്കൾ |

---

## 33. ഒട്ടകം.

ഒട്ടകത്തിന്നു ആനയോളം വലിപ്പമില്ലെങ്കിലും അതിനെക്കാൾ ഉയരമുണ്ടു. ചെറിയ തലയും വളരെ വലിയ കഴുത്തും നീണ്ടു കൃശമായ കാലുകളും മുതുകത്തു ഒരു കൂനുമായി, ഒട്ടകം എത്രയും വിരൂപമായ ഒരു മൃഗമാകുന്നു. വൎണ്ണവും മൺനിറ

മാകുന്നു. എങ്കിലും ഇതു വളരെ പ്രയോജനമുള്ള ഒരു മൃഗം. അറബി അഫ്രിക്ക എന്നീരാജ്യങ്ങളിൽ സമുദ്രംപോലെ വിസ്തീൎണ്ണമായി കിടക്കുന്ന മരുഭൂമികളിൽ കൂടി സഞ്ചരിപ്പാൻ ഈ മൃഗമില്ലെങ്കിൽ മനുഷ്യൎക്കു കഴികയില്ലയായിരുന്നു. ഈ കാൎയ്യ



ത്തിന്നുതകുന്നതു നിമിത്തം ഒട്ടകത്തിന്നു "വനകപ്പൽ" എന്നു പേർ പറയുന്നു. സമുദ്രസഞ്ചാരത്തിന്നു കപ്പൽ ഏതുപ്രകാരം ഉതകുന്നുവോ അതേപ്രകാരം മണലാരണ്യത്തിൽ സഞ്ചരിപ്പാൻ ഒട്ടകം ഉതകുന്നു. സൂൎയ്യോഷ്ണത്താൽ തപിക്കുന്ന മണലിൽ ഇതിന്റെ കാൽ പൂണ്ടു പൊള്ളിപ്പോകാതിരിപ്പാൻ കാൽ നിലത്തു വെക്കുമ്പോൾ പരന്നുപോകുന്ന ഒരു ഗുണം അതിന്നു ദൈവം കൊടുത്തിരിക്കുന്നു. ഇതു കൂടാതെ വനങ്ങളിൽ അനേകദിവസത്തെ വഴി ചെന്നാൽ മാത്രമേ കുറെ വൃക്ഷങ്ങളും പച്ചസസ്യങ്ങളും ഉള്ള ഓരോ ചെറുസ്ഥലങ്ങൾ കാണുക

യുള്ളൂ. അവിടെനിന്നു മാത്രം അതിന്നു വെള്ളം കുടിച്ചാൽ മതി. മറെറല്ലാദിവസവും ദാഹം കൂടാതെ അതു സഞ്ചരിച്ചുകൊള്ളും.

ഒട്ടകത്തിൽ രണ്ടുവകയുണ്ടു. ഒരു ജാതിക്കു ഒററക്കൂൻ (പൂഞ്ഞ) മാത്രമേ ഉള്ളൂ. മറേറതിന്നു രണ്ടുണ്ടു.

അറബികൾ ഒട്ടകത്തിന്നു നല്ല പച്ചപ്പുല്ലും ഈത്തപ്പഴം യവം കോതമ്പു ഇതു മൂന്നും കൂട്ടിയുണ്ടാക്കിയ ഉണ്ടയും തിന്മാൻ കൊടുക്കുന്നു. ദാഹം സഹിക്കുംപോലെ തന്നെ ഒട്ടകത്തിന്നു വിശപ്പും സഹിപ്പാൻ കഴിയും.

ഒട്ടകം ഭാരം ചുമപ്പാനും കയറി നടപ്പാനും ഉതകുന്നു. അതു ദിവസത്തിൽ അമ്പതു നാഴിക മുതൽ നൂററമ്പതു നാഴികവരെ നടക്കും. ശീഘ്രം നടക്കേണമെങ്കിൽ അതിനെ അടിപ്പാൻ പാടില്ല. പാട്ടുപാടിക്കേൾപ്പിക്കയാകുന്നു വേണ്ടതു. പാട്ടിൻെറ താളം എത്ര വേഗമോ അത്ര വേഗത്തിൽ അതും പാട്ടിൽ രസിച്ചുംകൊണ്ടു നടക്കും. ചിലപ്പോൾ മരുഭൂമിയിൽ സഞ്ചരിക്കുന്ന ജനങ്ങൾ ദാഹത്താൽ വലഞ്ഞാൽ ഒട്ടകത്തെ അറുത്തു വയററകത്തുള്ള നീൎക്കുടൽ എടുത്തു അതിലെ വെള്ളം കുടിച്ചു ദാഹം തീൎക്കും. വെള്ളവും പുല്ലും ഉള്ള സ്ഥലം ഇരുനൂറു നാഴിക ദൂരത്തുള്ളപ്പോൾ തന്നെ ഒട്ടകം മണത്തറിഞ്ഞു ഉത്സാഹിച്ചു നടക്കുകയും അങ്ങിനെ യാത്രക്കാൎക്കു ആശ്വാസം നല്കുകയും ചെയ്യും. പാൎസിരാജ്യക്കാർ ചെറുപീരങ്കികൾ ഒട്ടകത്തിൻപുറത്തു കയററി പോൎക്കളത്തിൽ കൊണ്ടുപോകുന്നു. വെടി തുടങ്ങുമ്പോൾ അവ തലതാഴ്ത്തി മൌനമായി നില്ക്കുംപോൽ. അറബികൾ ഒട്ടകത്തിൻെറ പാൽ കുടിക്കയും മാംസം ഭക്ഷിക്കയും രോമംകൊണ്ടു ഒരുവിധം കമ്പിളി നെയ്യുണ്ടാക്കുകയും ചെയ്യുന്നു. അവരുടെ നാട്ടിൽ വിറകു ദുൎല്ലഭമാകയാൽ അതിൻെറ ചാണകം ഉണക്കി കത്തിപ്പാൻ ഉപയോഗിക്കുന്നു.

| | | | |
|---|---|---|---|
| കൃശമായ | മണലാരണ്യം | താളം | മൌനമായി |
| മരുഭൂമി | തപിക്കുന്നു | നീക്കുടൽ | ഉപയോഗിക്കുന്നു |

---

## 34. വനം (മരുഭൂമി, മണലാരണ്യം).

ഈ ലോകത്തിൽ ഉണങ്ങിയ നിലങ്ങളിൽ തന്നെ യാതൊരു വൃക്ഷങ്ങളും വളരാത്തതും വളരുവാൻ പാടില്ലാത്തതുമായ ഭൂമികളുണ്ടു. അവ സമുദ്രംപോലെ ബഹു വിസ്തീൎണ്ണമായി



പരന്നു കിടക്കുന്നു എന്നു കഴിഞ്ഞ പാഠത്തിൽ കേട്ടുവല്ലൊ. സമുദ്രത്തിൽ വെള്ളം ഏതു പ്രകാരമോ അപ്രകാരം ഈ സ്ഥലങ്ങളിൽ മണൽ നിറഞ്ഞിരിക്കുന്നു. അതുകൊണ്ടത്രെ വൃക്ഷ

ങ്ങൾ അവിടെ വളരാത്തതു. മഴയും അവിടെ അധികമായി
ഉണ്ടാകാറില്ല. വഴിയാത്രക്കാൎക്ക സഞ്ചരിപ്പാൻ തക്ക ചെത്തു
വഴികളോ ഊട്ടുവഴികളോ യാതൊന്നുമില്ല. കഠോരമായ സൂ
ൎയ്യോഷ്ണത്തിൽനിന്നു സങ്കേതം പ്രാപിപ്പാൻ തക്ക യാതൊരു
തണലും ഇല്ല. ചില ഇടങ്ങളിൽ വഴിയാത്രക്കാൎക്ക വിശ്രമിക്ക
ത്തക്കവണ്ണം ഓരോ ഉറവും അതിന്നു ചുററും ചെറുതായ
ഒരു ഫലപുഷ്ടിയുള്ള പ്രദേശവും കാണാം. സമുദ്രത്തിൽ
അവിടവിടെ ദ്വീപുകൾ ഉള്ളപ്രകാരം ഇവ വനത്തിൽ നി
ല്ക്കുന്നു. ഇതു ഒന്നു കഴിഞ്ഞാൽ പിന്നെ വേറെ ഒന്നു കാണേ
ണമെങ്കിൽ അസംഖ്യം കാതം വഴിദൂരം പോകേണം. ഇപ്ര
കാരമുള്ള ഘോരവനങ്ങളിൽ സഞ്ചരിപ്പാൻ തക്കവണ്ണം ഒട്ടകം
എന്ന മൃഗത്തെ ദൈവം സൃഷ്ടിച്ചതു അവന്റെ വലിയ ദയ
തന്നെ.

ഈ വനങ്ങളിൽ ചിലപ്പോൾ ഭയങ്കരമായ ഒരുവിധം
കൊടുങ്കാററടിക്കാറുണ്ടു. അപ്പോൾ മണൽ ആകാശത്തി
ലേക്ക മഹാഗോപുരങ്ങൾ പോലെ ഉയൎന്നു പാറി മറെറാരു
ദിക്കിൽ പോയി വീഴും. ഇങ്ങിനെയുള്ള കാററടിക്കുമ്പോൾ
വഴിയാത്രക്കാർ ശ്വാസം മുട്ടി മരിച്ചുപോകാതിരിപ്പാൻ വേ
ണ്ടി നിലത്തു കവിണ്ണുകിടക്കും. പൂഴിയുടെ പാറലും കാററി
ന്റെ കാഠിന്യവും അസാരം നിലച്ചാൽ മാത്രം എഴുനീററു
വീണ്ടും നടക്കും. എങ്കിലും ചിലപ്പോൾ അവർ അങ്ങിനെ
കിടക്കുന്ന സ്ഥിതിയിൽ അവരുടെ മേൽ പൂഴി വളരെ ഉയര
ത്തിൽ മേല്ക്കുമേലായി വീണു അവർ അതിന്നുള്ളിൽ മരിച്ചു
പോകയും ചെയ്യാറുണ്ടു.

ഇങ്ങിനെയുള്ള വനങ്ങളിൽ കച്ചവടക്കാരും വഴിയാത്ര
ക്കാരും ഏകാകികളായി സഞ്ചരിക്കയില്ല. വലിയ കൂട്ടങ്ങളായി
മാത്രമേ പോകയുള്ളു. ഇതിന്നു രണ്ടു കാരണങ്ങളുണ്ടു. ഒന്നാ
മതു ദുൎഗ്ഗടമായ മാൎഗ്ഗങ്ങളിൽ അന്യോന്യം സഹായവും ഉപ

കാരവും ഉണ്ടാവാനത്രെ. രണ്ടാമത്തു അവിടങ്ങളിൽ ഒരുവക നിഷ്ഠുരന്മാരായ കവൎച്ചക്കാരുണ്ടു. അവർ വലിയ കൂട്ടമായി വന്നു വഴിയാത്രക്കാരെ കൊള്ളയിടും. അങ്ങിനെയുള്ളവരോടു എതിൎത്തുനിന്നു തങ്ങളുടെ ദേഹങ്ങളെയും പൊരുളുകളെയും രക്ഷിക്കേണ്ടതിന്നാകുന്നു.

| | | | |
|---|---|---|---|
| ചെത്തുവഴി | ഫലപുഷ്ടിയുള്ള | നിലച്ചാൽ | നിഷ്ഠുരന്മാർ |
| ഊടുവഴി | അസംഖ്യം | ഏകാകികൾ | കൊള്ളയിടുക |
| കഠോരം | ഗോപുരം | ദുൎഘടം | പൊരുളുകൾ |

## 35. ഇരിമ്പു.

ദിക്സഞ്ചാരികളിൽ കീൎത്തിമാനായ ഒരാൾ മിസ്രരാജാവായിരുന്ന മുഹമ്മദാലിയോടു ഒരിക്കൽ "നിങ്ങൾ ഇത്ര വലിയൊരു രാജാവായതെങ്ങിനെ?" എന്നു ചോദിച്ചപ്പോൾ രാജാവു വലങ്കൈകൊണ്ടു ഒരു വാളും ഇടങ്കൈകൊണ്ടു പൊൻനാണ്യങ്ങൾ നിറഞ്ഞ ഒരു സഞ്ചിയും തൊട്ടു: "ഇതാ, ഇരിമ്പുകൊണ്ടു പൊന്നു സമ്പാദിച്ച ശേഷം പൊന്നുകൊണ്ടു എനിക്കു ഇരിമ്പായുധപാണികളെ കിട്ടി. അങ്ങിനെ ഞാൻ രാജാവായി" എന്നുത്തരം പറഞ്ഞു. മനുഷ്യൎക്കു ഇരിമ്പു പൊന്നിനെക്കാൾ പ്രയോജനകരമായ ഒരു ലോഹം എന്നു ഈ കഥയിൽനിന്നു കാണുന്നുവല്ലൊ. ഇരിമ്പെന്ന ലോഹം ശരിയായി പ്രയോഗിക്കുവാനറിയുന്നവന്നു ലോകത്തിൽ ശക്തിയും പ്രബലതയും വൎദ്ധിക്കും എന്നും കാണുന്നു. ഇപ്പോൾ ലോകത്തിലെങ്ങും ശ്രുതിപ്പെട്ടവരും നമ്മുടെ രാജ്യം കീഴടക്കി ഭരിച്ചുവരുന്നവരുമായ ഇംഗ്ലീഷുകാൎക്കു ധനം, ശക്തി, അധികാരം മുതലായവയൊക്കെയും അവരുടെ ചെറുദ്വീപിൽ നിറഞ്ഞു കിടക്കുന്ന ഇരിമ്പിനാൽ ഉണ്ടാവുന്നു.




ഒരു മഹാവിദ്വാന്റെ ഗണിതപ്രകാരം ഭൂമിയുടെ അമ്പതിലൊരംശം ഇരിമ്പാകുന്നു. മിക്കരാജ്യങ്ങളിലും ഇരിമ്പുണ്ടു. നമ്മുടെ ഇന്ത്യാരാജ്യത്തിൽനിന്നു നേരെ വളരെ വടക്കോട്ടു പോയാൽ സൈബീര്യ എന്നൊരു നാട്ടിലെത്തും. അവിടെയുള്ളൊരു വന്മല ഏകദേശം ഇരിമ്പുതന്നെയാകുന്നു എന്നു പറയാം.

ഈ ലോഹം ഭൂമിയിൽനിന്നു കുഴിച്ചെടുക്കുന്നു. എടുക്കുമ്പോൾ മണ്ണോടു കലൎന്നിരിക്കും. അപ്പോൾ അതിന്നു അയിർ

എന്നു പേർ. ഈ അയിർ കഷണങ്ങളായി നുറുക്കി കരിപ്പൊടി ചേൎത്തു ഇതിന്നായുണ്ടാക്കുന്ന ഒരു പ്രത്യേകതരം ചൂളയിൽ ഇടുന്നു. പിന്നെ ചില യന്ത്രങ്ങളാൽ തടിച്ച കുഴൽമാൎഗ്ഗമായി കാററൂതി തീ എരിച്ചുകൊണ്ടിരിക്കുമ്പോൾ അയിർ ഉരുകി വെള്ളംപോലെ ആകും. കല്ലും മണ്ണും മററും ഈ വെള്ളത്തിന്മീതെ കിട്ടമായി പൊന്തുമ്പോൾ ഒരു മാന്തികൊണ്ടു അതു കോരി നീക്കിക്കളയും.

പച്ച ഇരിമ്പു എന്നു ആളുകൾ സാധാരണയായി പറഞ്ഞുവരുന്ന ലോഹം പതമുള്ളതാകയാൽ മൂൎച്ചയുള്ള ആയുധങ്ങൾ ഉണ്ടാക്കുവാൻ അതു കൊള്ളുകയില്ല. ആ ഇരിമ്പു വീണ്ടും ഉരുക്കി അതിൽ ചേൎന്ന കരി കുറെ നീക്കിക്കളഞ്ഞാൽ അതിന്നു ഉറപ്പുവെക്കും. അതിന്നു ഉരുക്കു എന്നു പേർ. ചുട്ടു പഴുപ്പിച്ച ഉരുക്കു ഉടനെ വെള്ളത്തിൽ മുക്കിയാൽ എത്രയും ഉറപ്പും കട്ടപ്പും ഉള്ളതായി തീരും. അതിനെ കൊണ്ടു അരം തമരു സൂചി മുതലായവ തീൎക്കുന്നു.

| | | | |
|---|---|---|---|
| ദിക്സഞ്ചാരി | പ്രബലത | കിട്ടം | അരം |
| ആയുധപാണി | ഗണിതം | മാന്തി | തമരു |

---

## 36. പ്രത്യുൽപന്നമതി (താൽക്കാലികബുദ്ധി).

നാം കല്പിച്ചുകൂട്ടി ഒരാപത്തിൽ ചെന്നു ചാടുന്നതു മൂഢതയാകുന്നു. എങ്കിലും വല്ലൊരാപത്തും സംഭവിച്ചുപോയാൽ ധൈൎയ്യത്തോടും ശാന്തമായും അതിൽനിന്നുദ്ധാരണം പ്രാപിപ്പാൻ നാം ശ്രമിക്കേണ്ടതാകുന്നു. എത്ര തന്നെ സൂക്ഷിച്ചാലും ചിലപ്പോൾ നാം വിചാരിയാത്തതായ വല്ല കഷ്ടം നമുക്കു പെട്ടെന്നു വന്നു ഭവിച്ചേക്കാം. അങ്ങിനെയുള്ള അവസരങ്ങളിൽ നാം ബുദ്ധിയോടും വിവേകത്തോടും കൂടെ നമ്മുടെ രക്ഷക്കുള്ള മാൎഗ്ഗം നോക്കിയാൽ നമുക്കു അത്യാപത്തു

പിണയുകയില്ല. പെട്ടെന്നു പിടിപെടുന്ന ആപത്തിന്നു ഉടനെ ഒരു നിവാരണമാൎഗ്ഗം കാണുന്ന ബുദ്ധിക്കു പ്രത്യുൽപന്നമതി എന്നു പേർ പറയുന്നു. ഇതിന്നു ചില ദൃഷ്ടാന്തങ്ങൾ പറയാം.

ഒരു കുട്ടിയുടെ വസ്ത്രത്തിന്നു യദൃച്ഛയാ തീ പിടിച്ചെന്നു വിചാരിക്ക. ആ കുട്ടി ഉടനെ ഭയപ്പെട്ടു ഓടുവാൻ തുടങ്ങിയെന്നുവരികിൽ തീ പാളിക്കത്തുകേ ഉള്ളു. അങ്ങിനെ തന്നെ നിന്നുകളഞ്ഞാലും തീ മേലോട്ടു കത്തിക്കയറും. എങ്കിലും തീ പററിയ ഉടനെ നിലത്തു കിടന്നു ഉരുണ്ടുരുണ്ടുകൊണ്ടിരുന്നാൽ തീ കെട്ടുപോകും. സംഭവിക്കാവുന്ന ഹാനി നിസ്സാരമായിരിക്കയും ചെയ്യും.

വെള്ളത്തിൽ വീണുപോയാൽ കൈകാലുകൾ ഇട്ടടിച്ചെങ്കിൽ ക്ഷണം മുങ്ങിപ്പോകും. ശ്വാസം മുട്ടിച്ചു അനങ്ങാതിരുന്നാൽ ശരീരം പൊന്തിവരും. വായി വെള്ളത്തിന്മീതെ ആയ ഉടനെ ശ്വാസം കഴിക്കയും ഒന്നു രണ്ടു നിലവിളിക്കയും ചെയ്യാം. ഇങ്ങിനെ രണ്ടു മൂന്നു പ്രാവശ്യം ചെയ്താൽ രക്ഷിപ്പാൻ തക്ക ആളുകൾ സമീപത്തുണ്ടെങ്കിൽ രക്ഷപ്രാപിക്കാം.

ഒരു വീട്ടിലേക്കു ചെല്ലുമ്പോൾ അവിടെനിന്നു ഒരു നായി കടിപ്പാൻ തക്കവണ്ണം വരുമ്പോൾ പിന്തിരിഞ്ഞു ഓടിയാൽ നായി നിശ്ചയമായി പിന്നാലെ മണ്ടി എത്തി കടിക്കും. അതിനെ മുഖത്തു തന്നെ തുറിച്ചുനോക്കിക്കൊണ്ടു എതിർത്തു നിന്നാൽ അതു കുരച്ചുംകൊണ്ടു ദൂരേ നില്ക്കേ ഉള്ളു. നായെ അടിപ്പാനായി കയ്യിലുള്ള വടി പൊന്തിച്ചാൽ അതു ചാടി കടിക്കും. എങ്കിലും ആ വടി തന്നെ താഴ്ത്തി അതിന്റെ കാലിന്നു അടിപ്പാൻ ഓങ്ങിക്കൊണ്ടു കുനിഞ്ഞു നിന്നാൽ മിക്ക നായ്ക്കളും ഭയപ്പെട്ടു പോകും. തിരിഞ്ഞു മണ്ടിക്കളവാനും മതി. കാരണം നായ്ക്കൾക്കു കാലിന്നു അടി കിട്ടിയാൽ സഹിച്ചുകൂടാത്ത വേദനയുണ്ടാകും.

ഇങ്ങിനെ പല അപായങ്ങളിലും തൽക്കാലം ഓരോ നിവാരണമാൎഗ്ഗം കാണ്മാൻ പ്രാപ്തിയുള്ളവരായിരിക്കേണം. എന്നാൽ ഹാനി കൂടാതെ അവററിൽനിന്നു ഒഴിഞ്ഞു പോകാം.

"അപായങ്ങൾ വന്നാൽ ഉപായങ്ങൾ വേണം."

| | | | |
|---|---|---|---|
| കല്പിച്ചുകൂട്ടി | ഉടനെ | യദൃച്ഛയാ | തുറിച്ചുനോക്ക |
| അവസരങ്ങൾ | നിവാരണം | മണ്ടി | എതിൎത്തുനില്ക്ക |

---

## 37. പ്രത്യുൽപന്നമതി (തുടൎച്ച).

### കഥ.

1. ചില വൎഷങ്ങൾക്കു മുമ്പെ മദിരാശിയിൽ ഒരു കാഴ്ച്ചയുണ്ടായിരുന്നു. അതിന്നായി നടുവിൽ വിശാലമായ ഒരു വൃത്താകാരമുററവുമായി ചുററും പന്തലുകൾ കെട്ടിയിരുന്നു. ഈ മുററത്തിൽ ഏകദേശം ആയിരം ആളുകൾക്കു സുഖ




മായി നില്പാനും നടപ്പാനും സ്ഥലമുണ്ടായിരുന്നു. എങ്കിലും ഗതാഗതത്തിന്നായി പന്തലുകളുടെ ഇടയിൽകൂടി ഒരു ഒററ കണ്ടിവാതിൽ മാത്രമേ ഉണ്ടായിരുന്നുള്ളു. ഒരു ദിവസം

സന്ധ്യക്കു ഓലപ്പുരകളിൽ ഒന്നിന്നു പെട്ടെന്നു തീ പിടിച്ചു. ക്ഷണനേരംകൊണ്ടു അതു നാലുപുറവും വ്യാപിപ്പാൻ തുടങ്ങി. നടുമുററത്തു നാട്ടുകാരും വിലാത്തിക്കാരുമായി അഞ്ഞൂററിൽ പരം ജനങ്ങളുണ്ടായിരുന്നു. തീ കണ്ടു ഉടനെ നാട്ടുകാർ പരിഭ്രമിച്ചു കൂട്ടമായി തിക്കിത്തിരക്കി ആ ഇടുങ്ങിയ കണ്ടിവാതില്ക്കലേക്കു ഓടി മേല്ക്കുമേൽ വീണും ചവിട്ടിയും ശ്വാസം മുട്ടിയും ഇരുനൂറോളം ജനങ്ങൾ മരിച്ചുപോയി. അതിൽ കാലോഹരി മാത്രം തീയിൽ വെന്തു മരിച്ചു എന്നു പറയാം. അതേ സമയം തന്നെ അതിന്നകത്തുണ്ടായിരുന്ന വിലാത്തിക്കാർ പരിഭ്രമവും ധൃതിയും കൂടാതെ ഒത്ത നടുവിൽ ഒരിടത്തു ശാന്തമായി നിന്നതിനാൽ അവരെല്ലാവരും രക്ഷപ്പെട്ടു.

2. നമ്മുടെ ശരീരത്തിൽ ചെറുതും വലുതുമായ അസംഖ്യം കുഴലുകളുണ്ടു. അവയിൽക്കൂടെ രക്തം ഒഴുകി ശരീരമെങ്ങും വ്യാപിക്കുന്നു. ഈ കുഴലുകൾക്കു രക്തനാഡി എന്നു പേർ. ഇതിൽ വലിയവയിൽ ഒന്നെങ്ങാൻ ഒരു കത്തികൊണ്ടോ മറേറാ മുറിഞ്ഞുപോയാൽ രക്തം വളരെ ദൂരത്തിൽ തെറിച്ചു അസ്ത്രം എയ്യുന്ന വിധത്തിൽ വീഴും. ഒരിക്കൽ ഒരു കൃഷിക്കാരൻ നെല്ലു കൊയ്തുകൊണ്ടിരിക്കുമ്പോൾ അരിവാൾ തട്ടി ഇടങ്കൈയുടെ ഒരു രക്തനാഡി മുറിഞ്ഞുപോയി. രക്തം അതിഭയങ്കരമായി ഒഴുകിത്തുടങ്ങി. സമീപസ്ഥരായ സ്ത്രീപുരുഷന്മാർ ചിലർ അങ്ങും ഇങ്ങും ഓടുകയും മററുള്ളവർ സ്തംഭിച്ചു നില്ക്കയും ചെയ്തതല്ലാതെ ഇതിന്നു എന്തു പ്രതിശാന്തി ചെയ്യേണം എന്നു ആർക്കും തോന്നിയില്ല. എങ്കിലും തല്ക്കാലബുദ്ധി ധാരാളം ഉണ്ടായിരുന്ന ഒരു പെങ്കുട്ടി ഓടിവന്നു ഒരു ചരടെടുത്തു ആ മുറിക്കു മീതെ മുറുകെ വരിഞ്ഞു കെട്ടിയപ്പോൾ ചോര നിന്നുപോയി. ആ പെങ്കുട്ടി ആ പ്രവൃത്തി ചെയ്തിരുന്നില്ലെങ്കിൽ വൈദ്യൻ എത്തുന്നതിന്നു മുമ്പെ അവൻ മരിച്ചുപോകുമായിരുന്നു.

| | | | | |
|---|---|---|---|---|
| കാഴ്ച്ചന്ത | ഗതാഗതം | ഇടുങ്ങിയ | ധൃതി | സ്തംഭിച്ച |
| സുമാറു | കണ്ടിവാതിൽ | പരിഭ്രമം | അസ്ത്രം | പ്രതിശാന്തി |

---

## 38. കാപ്പിയും ചായയിലയും.

നിങ്ങൾ കാപ്പിയും ചായയും കുടിക്കാറുണ്ടായിരിക്കാം. അതുകൊണ്ടു അവറ്റെ പറ്റി വല്ലതും അറിഞ്ഞിരിക്കുന്നതു നല്ലതാകുന്നു. കാപ്പിക്കൃഷി മലയാളത്തിൽ പ്രധാനമായി



വയനാട്ടിൽ നടക്കുന്നു. എങ്കിലും സാമാന്യം മിക്ക ദിക്കുകളിലും അതു കുറേശ്ശയായി കൃഷിചെയ്തു വരാറുണ്ടു. ഇതിന്റെ സ്വന്തരാജ്യം അഫ്രിക്കാഭൂഖണ്ഡമാകുന്നു. അവിടെനിന്നു

അറബിയിലും ക്രമേണ ഇങ്ങോട്ടും അതു പരന്നുവന്നു. കാപ്പിച്ചെടി മുപ്പതടി ഉയരത്തോളം വളരുമെങ്കിലും അധികമായി ഫലം തരേണമെങ്കിൽ അതു ആഞ്ഞു ചെറുതാക്കി ഏഴെട്ടടിയിലധികം ഉയരുവാൻ സമ്മതിക്കാതിരിക്കേണം. അപ്പോൾ അതു പടൎന്നു വളൎന്നു കൊമ്പുകളിൽ കനക്കെ കായി പിടിക്കും. ഇതിന്നു മറ്റു വൃക്ഷങ്ങൾക്കെന്ന പോലെ മുരട്ടു വളം ഇട്ടുകൂടാ. നിരനിരയായും അണിഅണിയായും ഉള്ള ചെടികളുടെ ഇടയിൽ കുഴി കുഴിച്ചു ചാണകം, അസ്ഥിപ്പൊടി മുതലായവ ഇട്ടാൽ അവയുടെ വേർ ഇതിന്റെ സത്തു വലിച്ചെടുത്തു കൊള്ളും. പഴുത്ത ശേഷം എടുക്കുന്ന കാപ്പിയത്രെ അത്യുത്തമം. എങ്കിലും സാധാരണയായി മൂപ്പെത്തിയാൽ അതു പറിച്ചുണക്കി മേൽത്തൊലി കളഞ്ഞു അതിന്റെ പരിപ്പെടുത്തു ഉപയോഗത്തിന്നു ശരിയാക്കുന്നു. അറബിയിൽ മൊക്കാ എന്ന ദേശത്തിൽ വിളയുന്ന കാപ്പി വളരെ കാലത്തോളം ഒന്നാന്തരമായി വിലമതിച്ചു വന്നിരുന്നു. എങ്കിലും ഇപ്പോൾ മറ്റു ചില ദിക്കുകളിലും അതിന്നു തുല്യമായതുണ്ടാകുന്നു.

ചായയിലച്ചെടിയുടെ സ്വന്തരാജ്യം ചീനയാകുന്നു. ഇപ്പോൾ ഇന്ത്യാരാജ്യത്തിന്റെ വടക്കൻദിക്കുകളിലും നീലഗിരിയിലും ധാരാളം കൃഷിചെയ്തുവരുന്നു. ഈ ചെടിയും തനിയെ വളൎന്നാൽ മുപ്പതടിയോളം ഉയരം വെക്കും. എങ്കിലും നാലടിയിൽ അധികംവളരുവാൻ സമ്മതിക്കാറില്ല. ചെടിക്കു മൂന്നു വൎഷം പ്രായമായാൽ ഇല നുള്ളുവാൻ തുടങ്ങാം. ഇളഞ്ചെടികളുടെ ഇലകൾ അതിവിശേഷം. എന്നു തന്നെയല്ല അവ ക്ഷണം തെഴുക്കുന്നതിനാൽ ആണ്ടിൽ മൂന്നു തവണ ഇല നുള്ളിയെടുക്കാം. അങ്ങിനെ എടുക്കുന്ന ഇല വെയിലത്തിട്ടോ ഇരിമ്പുചട്ടിയിൽ ചൂടാക്കിയോ ഉണക്കും. അതിന്റെ ശേഷം അതു തണലത്തു ആറ്റി ചുരുട്ടി ഒരിക്കൽ കൂടെ അസാരനേരം ചൂടുചട്ടിയിൽ വറുത്തു സൂക്ഷിക്കും. അതിൽ



പിന്നെ അതിന്നു കാററു തട്ടുന്നതു നന്നല്ല. കാരണം അതിന്റെ വിശേഷവാസനയും വീൎയ്യവും പോയ്പോകും.

കാപ്പിയും ചായയും ശരീരത്തിന്നു ഉണൎച്ചകൊടുക്കും. തലനോവിന്നും ചിലവിധം പനിക്കും അവ നല്ല ഔഷധമാകുന്നു.

| | | | | |
|---|---|---|---|---|
| സാമാന്യം | ആഞ്ഞു | സത്തു | തവണ | വീൎയ്യം |
| ഭൂഖണ്ഡം | കനക്കേ | ഇളഞ്ചെടി | ആററി | അണി |

## 39. അല്പകാൎയ്യങ്ങൾ.

മനുഷ്യർ വകവെക്കാതെ നിസ്സാരമെന്നു വിചാരിക്കുന്ന പലകാൎയ്യങ്ങളുണ്ടു. എങ്കിലും സൂക്ഷിച്ചുനോക്കിയാൽമാത്രമേ അവററിന്റെ സാക്ഷാൽ പ്രാധാന്യത അറിവാൻ പാടുള്ളു.

ഒരുനിമിഷം എന്നതു ചില കുട്ടികൾ അല്പകാൎയ്യമായി വിചാരിക്കുന്നു. നാളെ പഠിപ്പാനുള്ള പാഠങ്ങൾ ഇന്നു പഠി

കയില്ല. അല്പം കളിക്കട്ടെ. കാൽമണിക്കൂർ കളിച്ചിട്ടു പിന്നെ പഠിക്കാം എന്നു കരുതും. കളിപ്പാൻ തുടങ്ങിയാൽ കാൽമണിക്കൂർ ഒരു മണിക്കൂർ ആകും. ദിവസേന കാൽമണിക്കൂർ ഒരു കുട്ടി നഷ്ടമാക്കിയാൽ തന്നെ ഒരു സംവത്സരത്തിൽ തൊണ്ണൂററിൽ ചില്വാനം മണിക്കൂറാകുമല്ലൊ. ഈ നഷ്ടമായ മണിക്കൂറുകൾ ആയുഷ്കാലത്തിൽ പിന്നൊരിക്കൽ കിട്ടുമോ?

ഒരു പൈ (കാശു) എന്നതു ചില കുട്ടികൾ നിസ്സാരമായി വിചാരിക്കുന്നു. എങ്കിലും ഒരുറുപ്പികയിൽനിന്നു ഒരു പൈ കുറഞ്ഞു പോയാൽ അതു പിന്നെ ഒരു മുഴുവൻ ഉറുപ്പികയല്ല എന്നോൎത്താൽ ഒരു പൈയുടെ വില അറിയാമല്ലൊ. അനേകം തുള്ളിവെള്ളം കൂടി ഒരു സമുദ്രമാകുന്നതുപോലെ അനേകം പൈ കൂടി ഒരു ധനവാൻെറ സമ്പത്തായിത്തീരുന്നു. നിണക്കു നിൻെറ അച്ഛൻ ആഴ്ചതോറും ഒരു പൈ തരുന്നെന്നു വിചാരിക്ക. നീ അതു നിസ്സാരമായി വിചാരിക്കുന്നെങ്കിൽ അതു ഒരു സ്ഥലത്തു സൂക്ഷിച്ചു വെച്ചു നോക്കുക. ഒരു കൊല്ലത്തിൽ അതു ൫൨ പൈയായിത്തീരും. ൫൨ പൈക്കു നൂററിൽ ചില്വാനം പായി കടലാസ്സു കിട്ടും. അല്ലെങ്കിൽ അതുകൊണ്ടു രണ്ടുമൂന്നു നല്ല പുസ്തകങ്ങൾ വാങ്ങാം. പക്ഷെ രണ്ടിടങ്ങഴി അരി വാങ്ങി പത്തു പതിനാറു ഭിക്ഷക്കാൎക്കു ഓരോ നേരത്തെ ഭക്ഷണത്തിന്നു തക്കവണ്ണം കൊടുക്കാം. അതു ദൈവാനുഗ്രഹത്തിന്നുള്ള ഒരു വഴിയായിരിക്കും.

കുതിരയുടെ കുളമ്പിന്നു ലാടം തറക്കും എന്നു മുമ്പെ ഒരു പാഠത്തിൽ വായിച്ചിരിക്കുന്നുവല്ലൊ. ഒരിക്കൽ ഒരു സൈന്യാധിപൻെറ കുതിരയുടെ ലാടത്തിന്നു തറച്ചിരുന്ന ഒരു ആണി പോൎക്കളത്തിൽവെച്ചു പോയ്പോയി. ഒരു ആണിയല്ലേ? അതു സാരമാക്കുവാനില്ല എന്നു ആ പടനായകൻ വിചാരിച്ചു. യുദ്ധത്തിന്നു പോയപ്പോൾ ആണി ഇല്ലായ്കനിമിത്തം ലാടം വീണുപോയി. ലാടം പോയതിനാൽ കുതിരയുടെ കാൽ

മുറിഞ്ഞു. അതു നിമിത്തം സൈന്യാധിപൻ കുതിരയോടു കൂടെ നിലത്തു വീണു മരിച്ചുപോയി. മൂപ്പൻ ചത്താൽ പടയില്ലല്ലൊ". തങ്ങളുടെ നായകൻ മരിച്ചതിനാൽ സൈന്യം ഓടിപ്പോയി. അതു നിമിത്തം ശത്രുക്കൾ ജയം പ്രാപിച്ചു രാജ്യം ശത്രുവശമായി ചമഞ്ഞു. ഇതിന്റെ മൂലഹേതു എന്തെന്നു ഓൎത്തുനോക്കിയാൽ സാരമില്ലാത്തൊരു ആണി തന്നെ.

അതു കൊണ്ടു നിസ്സാരകാൎയ്യം എന്നു നാം പലപ്പോഴും വിചാരിക്കുന്നവയുടെ സാക്ഷാൽ വില നാം ആലോചിച്ചു നോക്കി പ്രവൃത്തിക്കേണ്ടതാകുന്നു.

| | | | | |
|---|---|---|---|---|
| പ്രാധാന്യത | നിമിഷം | ഭിക്ഷക്കാർ | നായകൻ | മൂലഹേതു |
| വകവെക്ക | ആയുസ്സു | സൈന്യാധിപൻ | ശത്രുവശം | നിസ്സാരകാൎയ്യം |

---

## 40. അല്പകാൎയ്യങ്ങൾ (തുടൎച്ച).

സാരമില്ലെന്നു നിങ്ങൾ മനസ്സിൽ നിനക്കുന്ന
കാരിയമേറെ സാരമുള്ളതാം ശിശുക്കളേ ||
വെള്ളമിന്നൊരുതുള്ളി കാണുമ്പോൾ നമുക്കൊട്ടും
ഉള്ളിലില്ലതു നമുക്കുപകാരമാമെന്നു ||
തുള്ളിയാമവയൊരു ആറോളം കൂടി ദാഹ
മുള്ളോരാൾ കണ്ടീടുകിലെത്രതാൻ സന്തോഷിക്കും ||
ഇങ്ങിനെ തുള്ളിയായതേറിട്ടല്ലയോ പിന്നെ
ഗംഗായാംനദിയായതോൎക്കുവിൻ ബാലന്മാരേ ||
കാശുകൾ കുറേ കൂട്ടിമാറിയാൽ വെള്ളിക്കാശാം
കുശലില്ലതു മാറി പൊൻകാശും വാങ്ങാമല്ലൊ ||
ഇങ്ങിനെ നിങ്ങൾക്കുള്ള സമയം ചെറുതെന്നു
നിങ്ങളോ നിനക്കേണ്ട മണിക്കൂറാകുമതു ||
മണിക്കൂർ കുറെ ചേൎന്നാൽ ദിവസമാകുമതു
കണക്കാക്കുറേ ചെന്നാൽ മാസകൊല്ലങ്ങളുണ്ടാം ||

കൊല്ലുമിങ്ങിനെയൊരുനൂറായിരത്തീരും മുമ്പെ
നല്ല നമ്മുടെ ദേഹം മണ്ണാകുമറിഞ്ഞാലും ||

| | | |
|---|---|---|
| ഗംഗാ | ക്രൂശൽ | ചെന്നാൽ |
| കാരിയം | മാറി | ദേഹം |

---

## 41. അത്യാഗ്രഹം (ദുർമ്മോഹം).

"തങ്ങൾക്കുള്ളതിൽ തൃപ്തിയുള്ളവരെക്കാൾ ധനികന്മാരായവർ ഈ ഭൂമിയിൽ ആരുമില്ല" എന്നു ഒരു വിദ്വാൻ പറഞ്ഞിരിക്കുന്നു. "അലംഭാവത്തോടു കൂടിയ ദൈവഭക്തി തന്നെ ഏറ്റവും വലിയ ലാഭം" എന്നു ഒരു വിശുദ്ധപുരുഷനും പറഞ്ഞിരിക്കുന്നു. മനുഷ്യൻ തന്റെ ജ്ഞാനവും ബുദ്ധിയും വർദ്ധിപ്പിപ്പാനും തന്റെ നടപ്പും സ്വഭാവവും അധികമധികം വിശിഷ്ടമാക്കുവാനും ജീവകാലം മുഴുവൻ യത്നിക്കേണ്ടതാകുന്നു. ഈ സൽഗുണങ്ങൾ പോരാ എന്നു വിചാരിക്കുന്നതു ദുർമ്മോഹമല്ല. ഇപ്രകാരം തന്നെ പരാധീനം കൂടാതെ അഹോവൃത്തി കഴിപ്പാനായി, ധനം ആർജ്ജിപ്പാൻ ആഗ്രഹിക്കുന്നതും ദോഷമല്ല. ഒരുത്തൻ തനിക്കും തന്റെ സന്താനങ്ങൾക്കും വേണ്ടി ധനം കരുതിവെക്കേണ്ടതു ആവശ്യം തന്നേ. എങ്കിലും കിട്ടിയതൊന്നിലും തൃപ്തിപ്പെടാതെ ഒരു ലക്ഷപ്രഭുവോ കോടീശ്വരനോ ആയിത്തീൎന്ന ശേഷംപോലും പിന്നെയും ധനത്തിന്നായി ആൎത്തി ഉണ്ടാകുന്നതു എത്രയും അയോഗ്യമായ സ്വഭാവമാകുന്നു. അങ്ങിനത്തെ ആളുകൾ ഈ ലോകത്തിൽ അനേകം പേർ ഉണ്ടു.

ലണ്ടൻപട്ടണത്തിൽ പണ്ടൊരു കാലം ജീവിച്ചിരുന്ന ജോൺ അയർ എന്നവനു മൂന്നു ലക്ഷം ഉറുപ്പികയുടെ ആസ്തി ഉണ്ടായിരുന്നെങ്കിലും അത്യാഗ്രഹിയായ അവൻ കുറെ കടലാസ്സു കക്കുമ്പോൾ ആളുകൾ അവനെ കണ്ടു



പിടിച്ചു ആ മഹാ ഹീനപ്രവൃത്തിക്കായി അവൻ തടവു ശിക്ഷ അനുഭവിക്കേണ്ടിവന്നു.

ചില ധനവാന്മാർ തങ്ങൾക്കുള്ള മുതൽ എല്ലാം വെച്ചു ദരിദ്രരായവരെ ദ്രോഹിച്ചു അവരുടെ അല്പസമ്പത്തു കൈക്ക

ലാക്കുവാൻ യത്നിക്കാറുണ്ടു. ഒരിക്കൽ ഒരു രാജാവു തന്റെ പ്രജകളിൽ ഒരുത്തന്റെ മുന്തിരിങ്ങാത്തോട്ടം കണ്ടു മോഹിച്ചു അതിന്നായി അവനോടു ചോദിച്ചു. അവന്നു ആ തോട്ടം തന്റെ പൂൎവ്വന്മാരിൽനിന്നു കിട്ടിയ വസ്തുവായിരുന്നതിനാൽ രാജാവിന്നു കൊടുത്തില്ല. അതു ഹേതുവായി രാജാവു അവന്റെ മേൽ ഒരു കള്ളക്കുററം ചുമത്തി അവനെ വിസ്തരിപ്പിച്ചു കള്ളസ്സാക്ഷികൾ മുഖാന്തരം കുററം തെളിയിച്ചു ആ സാധുവിനെ കൊല്ലിച്ചു. അങ്ങിനെ ആ തോട്ടം ദുരാഗ്രഹിയായ രാജാവു കൈവശമാക്കി. എങ്കിലും ഏറക്കാലം രാജാവിന്നു അതു അനുഭവിപ്പാൻ കഴിഞ്ഞില്ല. കാരണം രാജാവു ഒരു യുദ്ധത്തിന്നു പോകേണ്ടിവന്നു. അതിൽ ഒരു അസ്ത്രംകൊണ്ടു മരിച്ചുപോയി.

ധനവാന്മാർ മാത്രമല്ല ദരിദ്രരും കൂടെ പണമുണ്ടാക്കുവാൻ വേണ്ടി അന്യായമായ മാൎഗ്ഗങ്ങൾ യാതൊന്നും പ്രയോഗിക്കരുതു.

| | | | | |
|---|---|---|---|---|
| അലംഭാവം | ദ്രവ്യമോഹം | സന്താനങ്ങൾ | കോടീശ്വരൻ | ആസ്തി |
| യത്നിക്ക | പരാധീനം | ലക്ഷപ്രഭു | ആൎത്തി | ദുരാഗ്രഹി |

---

## 42. ദ്രവ്യമോഹം (തുടൎച്ച).

കഴിഞ്ഞ പാഠത്തിൽ പറഞ്ഞ ജോൺഅയർ എന്നവന്റെ അത്യാഗ്രഹത്തെ കുറിച്ചു മറെറാരു കഥയുണ്ടു.

അവന്നു ഏററവും അടുത്ത ബന്ധുവായി ധനവാനായ ഒരു സായ്വുണ്ടായിരുന്നു. ആ സായ്വിന്നു പ്രാണസ്നേഹിതനായി ഒരു പാതിരിയുമുണ്ടായിരുന്നു. ജോൺഅയർ വലിയ ആസ്തിക്കാരനും ഈ പാതിരി സാധുവുമായിരുന്നതിനാൽ ആ സായ്വു തന്റെ മുതലെല്ലാം തന്റെ മരണശേഷം ഈ പാതിരിക്കു കൊടുക്കേണ്ടതാകുന്നു എന്നു ഒരു മരണപത്രിക എഴുതി ആ

പത്രിക പാതിരിക്ക കൊടുത്തു. എങ്കിലും മരിക്കുന്നതിന്നു ചില ദിവസങ്ങൾക്ക മുമ്പെ താൻ മനസ്സുമാററി തന്റെ വസ്തുവിൽ അയ്യായിരം ഉറുപ്പിക സ്നേഹിതന്നും ശിഷ്ടം മുഴുവനും അയറിന്നും ചെല്ലേണം എന്നു എഴുതി അതു അയറിന്റെ കൈക്കൽ കൊടുത്തു. ഇവരിരുവക്കും താന്താങ്ങളുടെ കൈവശം കിട്ടിയ പത്രികയെ കുറിച്ചുമാത്രമേ അറിവുണ്ടായിരുന്നുള്ളു.

ആ സായ്പു മരിച്ചു ഉടനെ വേറെ അടുത്ത അവകാശികളാരുമില്ലാത്തതിനാൽ ജോൺ അയർ വസ്തുമുഴുവനെ കൈക്കലാക്കി. പാതിരിക്ക അയ്യായിരം ഉറുപ്പിക കൊടുക്കാതെ കഴിക്കേണം എന്നു കരുതി മരണപത്രിക തീയിൽ ഇട്ടു ചുട്ടുകളഞ്ഞു. കുറെ ദിവസം കഴിഞ്ഞശേഷം ആ പാതിരി അയറിന്റെ അടുക്കൽ ചെന്നു "എന്റെ സ്നേഹിതൻ മരിക്കുമ്പോൾ വല്ല മരണപത്രികയും എഴുതിത്തന്നിരുന്നുവോ?" എന്നു ചോദിച്ചതിന്നു "ഒന്നും എഴുതീട്ടില്ല. ഞാൻ ഏക അവകാശി ആകയാൽ ഒരു പത്രികകൊണ്ടു ആവശ്യമില്ലല്ലൊ" എന്നു അയർ ഉത്തരം പറഞ്ഞു. അപ്പോൾ പാതിരി സന്തോഷിച്ചു തന്റെ കീശയിൽനിന്നു ഒരു കടലാസ്സ് വലിച്ചെടുത്തു അവന്നു കാണിച്ചു: "ഇതാ നിന്റെ ബന്ധു മരിക്കുന്നതിന്നു കുറെ കാലം മുമ്പെ ഇതു എനിക്ക എഴുതിത്തന്നതാകുന്നു. ഇതിന്റെ ശേഷം യാതൊന്നും എഴുതീട്ടില്ലെങ്കിൽ ഇതു ദുർബ്ബലപ്പെട്ടിട്ടില്ല നിശ്ചയം" എന്നു പറഞ്ഞു. അയർ ഇതു കേട്ട ഉടനെ ഇടിവെട്ടിയ മരംപോലെ ആയിപ്പോയി. അയ്യായിരം ഉറുപ്പികകൊടുപ്പാനുള്ള മടിനിമിത്തം ഒടുവിലത്തെ പത്രിക ദഹിപ്പിച്ചു കളഞ്ഞതുകൊണ്ടു ഈ പഴയ പത്രിക ദുർബ്ബലപ്പെടുത്തുവാൻ അവന്നു യാതൊരുനിവൃത്തിയുമില്ലാതെ പോയി. "ചെട്ടിക്ക കള്ളപ്പണം കിട്ടിയപോലെ" തനിക്ക പിണഞ്ഞ വിഡ്ഢിത്വത്തെ കൊണ്ടു ഒരക്ഷരം പോലും മിണ്ടാതെ മുതൽ

മുഴുവനും അതികുണ്ഠിതത്തോടും മഹാലജ്ജയോടും കൂടെ ആ പാതിരികളെ ഏല്പിച്ചുകൊടുക്കേണ്ടിവന്നു.

"അതിമോഹം ചക്രം ചവിട്ടും. അത്യാൎത്തിക്കനൎത്ഥം. ആശക്കളവില്ല."

പ്രാണസ്നേഹിതൻ ശിക്ഷ്ടം ബന്ധു ദുൎബ്ബലം
മരണപത്രിക ഏകാവകാശി മഹിപ്പിച്ച നിൎവ്വാഹം
കുണ്ഠിതം ഒട്ടുവിലത്തെ

## 43. ജലചരങ്ങൾ.

### തിമിംഗലം.



ഭൂമിയിൽ ഉള്ള പ്രകാരം തന്നെ സമുദ്രങ്ങളിലും പുഴകളിലും പലവിധജന്തുക്കളുണ്ടു. എത്രയും ചെറുതായ പരൽ

മീനുകൾമുതൽ ഒരു വീടോളം വലിപ്പമുള്ള തിമിംഗലം വരെയുള്ള മത്സ്യങ്ങളും അത്യന്തം ദീൎഘമുള്ള പാമ്പുകൾ, മുതല, മണ്ണൻ, ആമ മുതലായ ഇഴജന്തുക്കളും, കടലാന, കടൽപ്പന്നി, നീൎനായി, നീൎക്കുതിര മുതലായ നാല്ക്കാലികളും വെള്ളത്തിൽ ജീവിക്കുന്നു.

നമുക്കു വെള്ളത്തിന്നടിയിൽനിന്നു ശ്വാസം കഴിപ്പാൻ പാടില്ല. എങ്കിലും മത്സ്യങ്ങൾക്കു ശ്വാസോച്ഛ്വാസം ചെയ്വാൻ കഴിയും. സംഗതി, നമുക്കു ശ്വാസം കഴിപ്പാനുള്ള കരണവും അവററിന്നു അതിന്നായിട്ടുള്ള കരണവും തമ്മിൽ വ്യത്യാസമുള്ളതുകൊണ്ടാകുന്നു. മീനുകൾ ചെളുക്കയിൽക്കൂടി ശ്വസിക്കുന്നു.

എങ്കിലും ജലചരങ്ങളിൽവെച്ചു എത്രയും വലുതായ തിമിംഗലം നമ്മെപ്പോലെ ശ്വാസം കഴിക്കുന്ന ജന്തുവാകുന്നു. ശ്വാസം കഴിപ്പാനായി അതു ഓരോരിക്കൽ വെള്ളത്തിന്മീതെ പൊങ്ങിവരും. തിമിംഗലം നാല്പതു മുതൽ അറുപതടിയോളം ദീൎഘം വളരും. ഈ നീളത്തിൽ മൂന്നിലൊരംശം തലയാകയാൽ അതിന്റെ ചെറുകണ്ണുകൾ ശരീരത്തിന്റെ നടുവിലാകുന്നു എന്നു തോന്നിപ്പോകും. അതിന്റെ നാസാദ്വാരങ്ങൾ തലയുടെ മീതെ ആകുന്നു. കഴുത്തു എത്രയും കുറിയതും വയർ ഒരു വലിയ മുറിപോലെ വലിപ്പമുള്ളതുമാകുന്നു. വാൽ ഇരുപതിരുപത്തഞ്ചടി നീളമുണ്ടാകും. വായിൽ പല്ലില്ല. വായി നല്ലവണ്ണം തുറന്നാൽ ഒരു ചെറു തോണിയും ആളുകളും മുഴുവനെ അതിൽ അടങ്ങിപ്പോകും. എങ്കിലും തൊണ്ട ഇടുങ്ങിയതാകയാൽ വിഴുങ്ങുവാൻ കഴികയില്ല. അതുനിമിത്തം തിമിംഗലം ചെറു മീനുകളെ മാത്രം തിന്നുന്നു. അതു വായി തുറന്നുംകൊണ്ടു വെള്ളത്തിന്നുള്ളിൽക്കൂടെ അതിവേഗത്തിൽ നീന്തും. അപ്പോൾ അതിൽ അകപ്പെട്ടുപോകുന്ന ചെറുമീനുകളെ എല്ലാം അതു വിഴുങ്ങിക്കളയും. വായി

ഊട്ടിയ ഉടനെ വായുടെ രണ്ടു വശത്തുമുള്ള അരിപ്പകളിൽ കൂടെ വെള്ളം പുറത്തേക്ക പോയ്പോകും.

തിമിംഗലത്തെ പിടിപ്പാൻ വളരെ പ്രയാസമുണ്ടു. അതിനെ ഒരു വിധം ചാട്ടുളികൊണ്ടു എറിഞ്ഞു മുറി ഏല്പിച്ചും ഓടിച്ചും ക്ഷീണിപ്പിച്ചും വേണം പിടിക്കുവാൻ. തോണി അതിനോടു അധികം അടുത്തുപോയാൽ വാൽകൊണ്ടു ഒരടി കൊടുത്തെങ്കിൽ തോണിയും അതിലുള്ളവരും കൂടി ആകാശത്തിലേക്ക പത്തിരുപതടി പൊന്തി വീണ്ടും കടലിൽ വീണു മുങ്ങിപ്പോകും.

തിമിംഗലത്തിന്റെ കൊഴുപ്പിൽനിന്നു ഒരു വിധം എണ്ണയെടുക്കുന്നു. വടക്കൻരാജ്യക്കാർ ഇതിന്റെ മാംസം ഭക്ഷിക്കും. എല്ലുകൊണ്ടു കുടയുടെ ഇല്ലിയും മറേറാരോ സാധനങ്ങളും ഉണ്ടാക്കുന്നു.

| | | | |
|---|---|---|---|
| വലിപ്പം | ശ്വാസോച്ഛ്വാസം | അരിപ്പ | ക്ഷീണിപ്പിച്ചും |
| നീർനായി | ജലചരങ്ങൾ | ചാട്ടുളി | അകപ്പെട്ടു |

---

## 44. പരുത്തിയും പട്ടും.

നാം ധരിക്കുന്ന വസ്ത്രങ്ങൾ മുഖ്യമായി മൂന്നു തരമാകുന്നു. നൂൽകൊണ്ടു നെയ്യുന്ന തുണിയാൽ ഉണ്ടാക്കുന്നവയും രോമം കൊണ്ടുള്ളവയും പട്ടുതുണികൊണ്ടുള്ളവയും തന്നെ. രോമം കൊണ്ടു തുണിയുണ്ടാക്കുന്ന വിവരം മുമ്പെ ചില പാഠങ്ങളിൽ നിങ്ങൾ കേട്ടിരിക്കുന്നുവല്ലോ. നൂൽത്തുണിയുടെ മൂലസാധനം പരുത്തിച്ചെടിയാകുന്നു.

പരുത്തി മലയാളരാജ്യത്തിൽ അധികമായി വളരുന്നില്ലെങ്കിലും അടുത്ത ചില ജില്ലകളിൽ അതു ധാരാളം കൃഷി ചെയ്യുന്നുണ്ടു. മണ്ണലോടു സമ്മിശ്രമായ ഒരു വക കറുപ്പുമണ്ണു


VII
VI
V
I
IV
III a
II
III b
IX
VIII
X

ഇതിന്നു പററിയ ഭൂമിയാകുന്നു. പരുത്തി വലിയൊരു മരമായി വളരുന്നില്ല. എട്ടുപത്തടി ഉയരത്തിൽ വളരുന്ന ഒരു ചെടിയത്രെ. ഇതിന്റെ കായി ഒരു ചെറിയ അടക്കയോളം പോരും. ആ കായ്ക്കകത്തുള്ള വിത്തിനെ പൊതിഞ്ഞിരിക്കുന്ന ഒരു വക രോമമത്രെ പരുത്തി. കായുണങ്ങുമ്പോൾ അതിന്നകത്തുനിന്നു ഈ രോമവും ഉണങ്ങി വികസിക്കുന്നതിനാൽ അതിന്റെ തോടു് പിളർന്നു പോകുന്നു. അപ്പോൾ അതിവെണ്മയായ പരുത്തി പുറത്തു കാണാം. തോടു കളഞ്ഞു ഈ പരുത്തി ഒക്കെ എടുത്ത ശേഷം അതിനോടു എത്രയും ബലമായി പററിയിരിക്കുന്ന കുരു വേറാക്കുവാനാകുന്നു തെല്ലു വിഷമമുള്ളതു. ഈ നാട്ടിലെ തന്തുവായന്മാർ ഒരു വക വില്ലുകൊണ്ടു എക്കി കുരു വേറാക്കുന്നു. അതിന്റെ ശേഷം അതു റാട്ടിലിട്ടു നൂല്ക്കും. വിലാത്തിക്കാൎക്കു ഇതിന്നൊക്കെ വിശേഷമായ യന്ത്രങ്ങളുണ്ടു. മലയാളദേശത്തിൽ കോഴിക്കോട്ടിൽ പരുത്തി നൂല്ക്കുന്ന ഒരു വമ്പിച്ച യന്ത്രശാലയുമുണ്ടു. വെളുത്ത നൂൽ പലവൎണ്ണമുള്ള ചായങ്ങളിൽ മുക്കി തുണി നെയ്യുന്നു. പരുത്തിക്കുരു കാളകൾക്കും പശുക്കൾക്കും ശക്തിയും പുഷ്ടിയും വൎദ്ധിക്കേണ്ടതിന്നു തിന്മാൻ കൊടുക്കും.

പട്ടു എന്നതു സാക്ഷാൽ ഒരു പുഴുവിന്റെ കൂടാകുന്നു. ആ പുഴുവിന്റെ ഉത്പത്തിസ്ഥാനം ചീനരാജ്യമത്രെ. അതുകൊണ്ടു പട്ടുപുഴുവിനെ പോററുവാനും പട്ടുനൂൽ ഉണ്ടാക്കുവാനും ഇപ്പോഴും ചീനക്കാർ തന്നെ മഹാമിടുക്കന്മാർ. ഭൂഖണ്ഡങ്ങളുടെ ദക്ഷിണദിക്കുകളിൽ മിക്ക ഇടങ്ങളിലും ഇപ്പോൾ ഈ പുഴുവെ വളൎത്താറുണ്ടു. ആദ്യം കടുവിന്റെ പരിമാണത്തിലുള്ള ഒരു ചെറു മുട്ടയിൽനിന്നു പിരിഞ്ഞു വരുന്ന പുഴുവിനെ അമാറത്തിയില കൊടുത്തു പോററും. അതു വലുതായാൽ തനിയേ ഒരു ചില്ലിക്കൊമ്പിന്മേലോ മറേറാ കയറി ഒരു കൂടു കെട്ടി അതിന്നുള്ളിൽ ഒരു വക അണ്ഡമായിപ്പോകും. അങ്ങി

ന്നെ കുറെ ദിവസം കഴിഞ്ഞാൽ ആ അണ്ഡത്തിന്നുള്ളിൽ നിന്നു ഒരു വിശേഷമായ (പാററ) പാപ്പാത്തി പുറത്തു വരും. എന്നാൽ കൂടായിരിക്കുമ്പോൾ തന്നെ അതെടുത്തു ചൂടുവെള്ളത്തിലിട്ടു ആ ജീവിയെ കൊന്നു, ആ കൂടു നൂററു പട്ടുനൂലാക്കുന്നു. പട്ടുനൂൽ വളരെ മൃദുവായി കാണുന്നുവെങ്കിലും എത്രയും ഉറപ്പുള്ളതാകുന്നു.

| | | | | |
|---|---|---|---|---|
| മൂലസാധനം | വികസിക്കുന്നു | എക്കി | യന്ത്രശാല | ഉത്പത്തി |
| സമ്മിശ്രം | തന്തുവായൻ | റാട്ടു | പുഷ്ടി | ഭക്ഷണം |
| | പരിമാണം | | അമാററി | |

---

## 45. സ്ഥിരോത്സാഹം.

അദ്ധ്വാനവും പ്രയത്നവും ഈ ലോകത്തിൽ ദൈവം മനുഷ്യൎക്കു വിധിച്ചതാകുന്നു എന്നു മുമ്പൊരു പാഠത്തിൽ പറഞ്ഞുവല്ലൊ. നാം എത്ര അധികം അദ്ധ്വാനിക്കുന്നുവോ അത്ര അധികം ഫലവും കാണും. എങ്കിലും ചിലപ്പോൾ നമ്മുടെ പ്രയത്നത്തിന്നു തൽകാലസാഫല്യം കാണുകയില്ല. അപ്പോൾ മനസ്സു വെടിഞ്ഞുപോകരുതു. ഒരു പ്രവൃത്തി ആരംഭിച്ചാൽ അതു പൂൎത്തിയാക്കാത്തവർ അധമന്മാരാകുന്നു. ഉത്തമന്മാർ എത്രവൎഷം അദ്ധ്വാനിക്കേണ്ടിവന്നാലും വേണ്ടതില്ല തങ്ങളുടെ ഉദ്ദേശം സാധിക്കേണ്ടതിന്നു പരിശ്രമിച്ചുകൊണ്ടു തന്നെ ഇരിക്കും. എല്ലാമനുഷ്യരും ഒരുപോലെ ഭീരുത്വം കാണിക്കുന്നവരായിരുന്നെങ്കിൽ ഇന്നു ഭൂമിയിൽ നാം കാണുന്ന അനവധി അത്ഭുതവസ്തുക്കൾ ഉണ്ടാവാനിടവരികയില്ലയായിരുന്നു. മുമ്പു ചിലപാഠങ്ങളിൽ കേട്ടപ്രകാരം പുതിയ രാജ്യങ്ങളും ദ്വീപുകളും മററും കണ്ടുപിടിച്ചതു ചില അതിധീരന്മാരുടെ സ്ഥിരോത്സാഹം കൊണ്ടാകുന്നു. നൂൽ നൂല്ക്കുകയും കപ്പലോടിക്കയും മററും ചെയ്യുന്ന യന്ത്രങ്ങൾ കണ്ടു

പിടിപ്പാൻ ബുദ്ധിമാന്മാരായ ചില ആളുകൾ തങ്ങളുടെ ആയുഷ്കാലം മുഴുവൻ പ്രയത്നിക്കേണ്ടിവന്നിരുന്നു. അതിന്നിടയിൽ അവരുടെ ശ്രമങ്ങൾ പലപ്പോഴും നിഷ്ഫലമാകയും അനവധിദ്രവ്യം നഷ്ടമാകയും പല ജനങ്ങളുടെയും പരിഹാസം അവർ അനുഭവിക്കേണ്ടിവരികയും ചെയ്തു. എങ്കിലും ദീൎഘക്ഷാന്തി, ധൈൎയ്യം, ആശ മുതലായവ വിട്ടുപോകാതെ തളൎച്ച എന്നിയെ അവർ തങ്ങളുടെ കാൎയ്യം സാദ്ധ്യമാവോളം പ്രയത്നിച്ചു. അഗാധഖനികളിൽ കിഴിഞ്ഞു ലോഹം കിളച്ചെടുപ്പാനും ഉന്നതങ്ങളിലിരിക്കുന്ന സൂൎയ്യചന്ദ്രനക്ഷത്രാദികളുടെ സ്വഭാവതത്വങ്ങൾ ഗ്രഹിപ്പാനും സമുദ്രത്തിന്നുള്ളിൽ മുങ്ങി ആണ്ടുപോയ കപ്പലുകളും മറ്റും പൊന്തിച്ചുകൊണ്ടു വരുവാനും ഭൂമിയുടെ ഒരറ്റത്തുനിന്നു മറ്റൊരറ്റത്തിലേക്കു ചിലനിമിഷങ്ങൾക്കുള്ളിൽ വൎത്തമാനങ്ങളെത്തിപ്പാനും തക്ക നാനാവിധസൂത്രങ്ങൾ പത്തും ഇരുപതും ദിവസങ്ങളുടെ അദ്ധ്വാനംകൊണ്ടു സാധിച്ചതാകുന്നു എന്നു വിചാരിക്കേണ്ട. അനേകജനങ്ങൾ എത്രയോ വൎഷങ്ങളോളം ക്ഷമയോടെ പ്രയത്നിച്ചു കണ്ടുപിടിച്ചതാകുന്നു. ആകാശപ്പന്തിൽ കയറി രണ്ടു മൂന്നു നാഴിക മേലോട്ടു പാറന്ന ശേഷം അവിടെനിന്നു ഒരു വിധം കുട തുറന്നു താഴോട്ടു ചാടി യാതൊരു ഹാനിയും കൂടാതെ നിലത്തുവന്നു നില്ക്കുവാനും സൂൎയ്യരശ്മിയുടെ സഹായത്താൽ മനുഷ്യരുടെ തത്സ്വരൂപം ചിത്രിക്കുവാനും ശരീരത്തിന്നുള്ളിലുള്ള വികടങ്ങൾ അറിഞ്ഞു അതിന്നു ചികിത്സ ചെയ്യാനും വിദ്വാന്മാർ സ്ഥിരോത്സാഹത്താൽ നിവൃത്തിച്ച വൻ കാൎയ്യങ്ങളാകുന്നു.

മനസ്സുവെടിഞ്ഞു  അധമൻ  പരിശ്രമിക്ക  എന്നിയെ
പൂൎത്തിയാക്ക  ഉത്തമൻ  ദീൎഘക്ഷാന്തി  അഗാധഖനി
ആകാശപ്പന്തു  തത്സ്വരൂപം

---

## 46. സ്ഥിരോത്സാഹം (തുടൎച്ച).

### കഥ.

കഴിഞ്ഞ പാഠത്തിൽ പറഞ്ഞ അധമന്മാരുടെ സ്ഥിതിയിലുള്ള അനേകം കുട്ടികളുണ്ടു. അവർ ഒരു പാഠം പഠിപ്പാനാരംഭിക്കും. ഉടനെ മനസ്സിലായില്ലെങ്കിൽ നിരാശന്മാരാ



യിത്തീരും. ഒരു കണക്കു ചെയ്വാൻ തുടങ്ങും. ഒന്നാം പ്രാവശ്യം തന്നെ ഉത്തരം ശരിയായില്ലെങ്കിൽ പിന്നെ അതു ചെയ്വാൻ തുനിയുകയുമില്ല. ഇതു വലിയൊരു ദോഷത്വം ആകുന്നു എന്നോൎക്കേണം. ചെറുപ്രായത്തിൽ തന്നെ ഇങ്ങിനെ ശീലിച്ചാൽ വലുതാകുമ്പോൾ ഈ ഭൂമിയിൽ നേരിടുവാനുള്ള വലിയ പ്രയാസങ്ങളോടു മല്ലുകെട്ടുവാൻ കഴികയില്ല.

അമേരിക്കാഖണ്ഡത്തിലുൾപ്പെട്ട ഐക്യമത്യസംസ്ഥാനം ഭരിച്ചിരുന്ന ജോൺ ആദാം എന്ന ആൾ തന്നെക്കൊണ്ടു തന്നെ ഒരിക്കൽ പറഞ്ഞ ഒരു കഥ എന്തെന്നാൽ:—

"ഞാൻ കുട്ടിയായിരുന്നപ്പോൾ എനിക്കു വ്യാകരണം പഠിക്കുന്നതു വളരെ പ്രയാസമായി തോന്നി. ഞാൻ പഠിച്ചു നിപുണനായിത്തീരേണമെന്നായിരുന്നു എന്റെ അച്ഛൻ ആഗ്രഹിച്ചതു. എങ്കിലും ഞാൻ അച്ഛനോടു എനിക്കു പഠിപ്പാൻ പ്രയാസമാകയാൽ എന്നെ വേറെ എന്തെങ്കിലും ഒരു പണി

ക്കു ആകേണമെന്നു അപേക്ഷിച്ചു. ഈ അഭിപ്രായം അച്ഛന്റെ അഭീഷ്ടത്തിന്നു പ്രതികൂലമാകയാൽ അച്ഛൻ എന്നോടു ഉടനെ തന്നെ 'നിണക്കു പഠിപ്പാൻ കഴികയില്ലെങ്കിൽ കൈക്കോട്ടുപണിയാകുന്നു പറ്റിയതു. എന്റെ വയലിന്നു ചുറ്റും ഒരു വരമ്പു ആവശ്യമുണ്ടു. അതു പോയി കിളെക്കു' എന്നു പറഞ്ഞു. എനിക്കു ഇതിൽ എത്രയും സന്തോഷം തോന്നി. ഞാൻ ഒരു കൈക്കോട്ടുമായി പോയി കിളപ്പാൻ തുടങ്ങി. എങ്കിലും ഒരു മണിക്കൂർ കഴിയുംമുമ്പെ എനിക്കു കിളക്കുന്നതിനെക്കാൾ വ്യാകരണം പഠിക്കുന്നതു എളുപ്പമായി തോന്നി. എന്നാൽ അഭിമാനം വിചാരിച്ചു ഒന്നും മിണ്ടാതെ സന്ധ്യവരെ ആ പണി എടുത്തു ക്ഷീണിച്ചു വലഞ്ഞു വീട്ടിലേക്കു ചെന്നു. പിറ്റെ ദിവസവും ആ പണിക്കു തന്നെ പോയി. അന്നു അതിലും അധികം ക്ഷീണം തട്ടി. രാത്രിയായപ്പോൾ വ്യാകരണവും കൈക്കോട്ടും തമ്മിൽ ഒത്തുനോക്കി പഠിക്കുന്നതു തന്നെ എളുപ്പവും സുഖവും എന്നു തീൎച്ചപ്പെടുത്തി. പിറ്റേന്നു മുതൽ രണ്ടാമതും പഠിപ്പാൻ തന്നെ പോയി. മുമ്പേത്തതിലും കുറെ അധികം മനസ്സുവെച്ചു ഉത്സാഹിച്ചു പഠിച്ചു. അതു മുതൽ എനിക്കു വ്യാകരണത്തിൽ താത്പൎയ്യവും അഭിരുചിയും ഉണ്ടായിവന്നു. രണ്ടു ദിവസം ഞാൻ കിളപ്പാൻ പോയിരുന്നില്ലെങ്കിൽ അങ്ങിനെ വരികയില്ലയായിരുന്നു".

ഈ കഥയിൽനിന്നു കുട്ടികൾക്കു പല പാഠങ്ങൾ പഠിക്കാം. ചെറിയ കുട്ടികൾ പഠിക്കുന്നതു കഠിനഭാരമായി വിചാരിക്കുന്നു. അമ്മയച്ഛന്മാർ ദാരിദ്ര്യത്തിൽനിന്നു അവരുടെ വിദ്യാഭ്യാസത്തിന്നായി പണം ചെലവഴിച്ചാൽപോലും അവർ പഠിക്കാതെ സമയവും പണവും നഷ്ടമാക്കിക്കളയുന്നു. അതു ചെയ്യരുതു. അതു കൂടാതെ, കുട്ടികൾ തങ്ങളുടെ അമ്മയച്ഛന്മാൎക്കു തങ്ങളെക്കാൾ അറിവുണ്ടെന്നു വിചാരിക്കേണ്ടതാകുന്നു. ജോൺ ആദാം അച്ഛന്റെ ഇഷ്ടത്തിന്നു വഴിപ്പെടാതെ കൈ

കോട്ടപണിക്ക പോയിരുന്നെങ്കിൽ ലോകവിശ്രുതനായൊരു നാടുവാഴിയായിത്തീരുകയില്ലയായിരുന്നു.

| | | | | |
|---|---|---|---|---|
| നിരാശ | ഐകമത്യം | പ്രതികൂലം | അഭിരുചി | നാടുവാഴി |
| മല്ലുകെട്ടുക | അഭീഷ്ടം | അഭിമാനം | ലോകവിശ്രുതൻ | വഴിപ്പെടുക |

---

## 47. നരി (പുലി, വ്യാഘ്രം).

നരി നമ്മുടെ രാജ്യത്തിലെ മഹാമൃഗജന്തുവാകുന്നു. ഒരിക്കലും മനുഷ്യരോടു ഇണങ്ങുകയോ അവൎക്ക ഒതുങ്ങുകയോ ചെയ്യുകയില്ല. സ്വഭാവികമായി ഇതു ദുഷ്ടതയും ക്രൂരതയും കപടവും ഉള്ള ഒരു ജന്തുവാകുന്നു.

നരിയിൽ പല ജാതിയുണ്ടു. വരിയൻ, പുള്ളി എന്നി രണ്ടു പ്രധാനം. രൂപസ്വഭാവങ്ങളിൽ നരി പൂച്ചെക്ക തുല്യം. എങ്കിലും ഉയരവും ദീൎഘവും ഭയങ്കരതയും എത്രയും അധികമാകുന്നു. വളൎച്ച തികഞ്ഞ ഒരു നരിക്ക മൂക്ക മുതൽ വാലിന്നഗ്രംവരെ പതിനാലടി ദീൎഘമുണ്ടാകും. ഉയരം നാലടിയിലധികമുണ്ടാകയില്ല. പിൻകാലുകൾക്ക അഞ്ചും മുൻകാലുകൾക്ക നന്നാലും വിരലുകളും അവെക്ക നീണ്ടു കൂൎത്തു മഹാശക്തിയുള്ള നഖങ്ങളും ഉണ്ടു. അതു ആനകളെ പിൻപുറത്തുനിന്നു അടിച്ചു നഖങ്ങൾകൊണ്ടു വലിയ മാംസഖണ്ഡങ്ങൾ പറിച്ചെടുത്തുകളയാറുണ്ടു. രാത്രിയിൽ നരിയുടെ കണ്ണു കണ്ടാൽ പൂച്ചയുടെ കണ്ണുപോലെ തന്നെ തീക്കനലെന്നു തോന്നും. അതു ആകപ്പാടെ കാഴ്ചെക്ക ഭംഗിയുള്ള ഒരു ജന്തുവാകുന്നു. ഇത്ര ഭംഗിയുള്ള ഒരു ജന്തുവിന്റെ സ്വഭാവം എത്രയോ നിൎദ്ദയത്വമുള്ളതാകയാൽ പുറമെ കാണുന്ന കാഴ്ച കൊണ്ടു ആരുടെയും ഉള്ളറിവാൻ പാടില്ലെന്നു നമുക്ക പഠിക്കാം.

ആട്ട പശു മാൻ മുതലായ മൃഗങ്ങളെ നരി അധികമായി പിടിച്ചു തിന്നുന്നു. ഒരു പൂച്ച എലിയെ ചാടി പിടിക്കും പോലെ തന്നെ നരിയും ഈ സാധുമൃഗങ്ങളെ ഒരടിയും ഒരു കടിയുംകൊണ്ടു കൊന്നു ചോര കുടിക്കും. പിന്നെ അതിന്റെ ഇറച്ചിയും തിന്നും. ചില നരികൾ മനുഷ്യരെ കൊന്നു തിന്നുകളയും. അവെക്കു മനുഷ്യനെ തിന്നി എന്നു പേർ. ഇന്ത്യയുടെ വടക്കുള്ള ഒരു ദേശത്തിൽവെച്ചു ഒരു ഒററ മനുഷ്യനെത്തിന്നി .ഓരോരിക്കലായി മുന്നൂററിൽ പരം ആളുകളെ കൊന്നു തിന്നപ്രകാരം സൎക്കാർകണക്കുണ്ടു.

നരിക്കു സിംഹത്തോളം ധൈൎയ്യമില്ല. എട്ടു വയസ്സുള്ള ഒരു ചെറുക്കൻ ഒരു ദിവസം ആട്ടിനെ മേച്ചുകൊണ്ടിരിക്കുമ്പോൾ അവന്റെ കരിമ്പടം ഒരു സഞ്ചിപോലെ പുറത്തിട്ടുംകൊണ്ടു പുഴക്കരെ ചെന്നു കുനിഞ്ഞു ഞാങ്ങണ പൊട്ടിച്ചു അതിലിട്ടുകയായിരുന്നു. ആ ഞാങ്ങണക്കെട്ടു കണ്ടു ആടാകുന്നെന്നു കരുതിയിട്ടായിരിക്കണം ഒരു നരി ചാടി ആ ചെറുക്കന്റെ നട്ടുപ്പുറത്തു ഒരടി കൊടുത്തു. അടി ആ ചുമടിനു കൊണ്ടു നരിയുടെ നഖം കരിമ്പടത്തിൽ കുടുങ്ങിപ്പോകയും ചെറുക്കൻ ചാടി പുഴയിലേക്കു വീഴുകയും ചെയ്തു. നരി അതു കണ്ടു ഭ്രമിച്ചു തിരിഞ്ഞും മറിഞ്ഞും നോക്കാതെ അതിവേഗത്തിൽ ഓടിപ്പോയ്ക്കളഞ്ഞു.

നരിക്കുട്ടികളെ കാണ്മാൻ വളരെ ഭംഗിയുണ്ടാകും. വലിയ നരികൾക്കുള്ളതായ ദുസ്സ്വഭാവം അവററിന്നു അശേഷമുണ്ടാകയുമില്ല.

| | | | |
|---|---|---|---|
| മൃഗജന്തു | സ്വാഭാവികം | നിൎദ്ദയത്വം | ഞാങ്ങണ |
| ഒതുങ്ങുക | അഗ്രം | സൎക്കാർ | ദുസ്സ്വഭാവം |

## 48. നരി (തുടൎച്ച).



ഗംഗാനദിയുടെ പേർ നിങ്ങൾ കേട്ടിരിക്കുന്നുവല്ലൊ. അതിന്റെ അഴിമുഖത്തിന്നു സമീപം വങ്കാടുകൾ നിറഞ്ഞ അനവധി ചെറു ദ്വീപുകളും തുരുത്തുകളുമുണ്ടു. ഒരിക്കൽ അതിൽ ഒന്നിലേക്കു നാലാളുകളും ഒരു കുട്ടിയും കൂടി തേൻ എടുപ്പാൻ പോയി. [അവിടത്തെ കാടുകളിൽ തേനീച്ചകൾ അസംഖ്യമായി കൂടുകെട്ടി തേൻ ശേഖരിക്കാറുണ്ടു]. അവർ ദ്വീപിൽ എത്തിയപ്പോൾ കുട്ടിയെ തോണി കാക്കുവാനാക്കി നാലുപേരും കൂടി കാട്ടിലേക്കു പോയി. ആ തോണിക്കു ഒരു ചെറിയ മേൽത്തട്ടുണ്ടായിരുന്നു. ആ നിൎജ്ജനപ്രദേശം എത്രയും നിശ്ശബ്ദമായിരുന്നതിനാൽ കുട്ടി മററവർ എപ്പോൾ വരും എന്നു വിചാരിച്ചുംകൊണ്ടു ആ തട്ടിന്മേൽ തന്നെ ഇരുന്നു. പെട്ടെന്നു അവൻ തന്റെ മുമ്പിൽ ഒരു നരി നില്ക്കുന്നതും തന്റെ മേൽ ചാടി വീഴുവാൻ തക്കവണ്ണം നിലത്തോക്കു പതുങ്ങുന്നതും കണ്ടു. അവൻ തൽക്കാലബുദ്ധിയുള്ളവനായിരുന്നതിനാൽ മതിമറന്നുപോകാതെ ഒരു നിമിഷനേരം കൊണ്ടു തട്ടിന്റെ ഉള്ളിൽ ചാടി ഒളിച്ചു. തത്സമയം തന്നെ നരിയും തോണിയിലേക്കു ചാടി. ചാട്ടത്തിന്റെ ഊക്കു നിമിത്തം ഒരു കാൽ ആ തട്ടിന്മേലുണ്ടായിരുന്ന ഒരു ദ്വാരത്തിൽ അക

പ്പെട്ടുപോയി. എത്ര വലിച്ചിട്ടും പുറത്തേക്ക കിട്ടുവാൻ കഴിഞ്ഞില്ല. ചെറുക്കൻ അപ്പോഴും വളരെ ശാന്തമായി നരി അവിടുന്ന പിടുത്തം വിട്ടാൽ അകത്തു കടന്നുവരും എന്ന ഓൎത്തു ഒരു കയറെടുത്തു കാലിൻെറ പടത്തിന്ന മീതെ ഭദ്രമായി ചുററി കെട്ടി തോണിയുടെ അകത്തുണ്ടായിരുന്ന ഒരു കുററിയോടു ചുറച്ചു പിടിച്ചു. നരിക്ക കാലിന്ന ഇങ്ങിനെ രണ്ടു വേദന കുടുങ്ങിയതിനാൽ അതു അവിടെ തന്നെ അനങ്ങാതെ കിടന്നു. കുറയനേരം കഴിഞ്ഞപ്പോൾ തേനിന്ന പോയവർ എത്തി. തോണിയുടെ മീതെ ഒരു നരി കിടക്കുന്നതു കണ്ടപ്പോൾ ചെറുക്കനെ കൊന്നു തിന്നു വിശ്രമിക്കയാകുന്നു എന്ന വിചാരിച്ചു നാലുപേരും കൂടെ ഉറക്കെ നിലവിളിച്ചു. നരി ഭീരുവാണെന്നു കഴിഞ്ഞ പാഠത്തിൽ കേട്ടിരിക്കുന്നുവല്ലൊ. നിലവിളികേട്ടപ്പോൾ നരി പ്രാണഭയത്തോടെ ഒരു വലിയാൽ അതിൻെറ കാൽ ദ്വാരത്തിൽനിന്നു വിടുവിച്ചു താഴെ കുതിച്ചു. എങ്കിലും അവിടെ വളരെ ചളിയുണ്ടായിരുന്നതിനാൽ നാലുകാലും ഉടൽവരെ ചളിയിൽ ആണ്ടുപോയി. ഉടനെ തന്നെ ആ നാലാളുകൾ ഓടി ചെന്നു തങ്ങളുടെ കൈക്കലുണ്ടായിരുന്ന ശദകൾകൊണ്ടു അതിനെ തല്ലി കൊന്നുകളഞ്ഞു. അപ്പോൾ തന്നെ കുട്ടി പുറത്തേക്ക വന്നതു അവർ കണ്ടു ഏററവും സന്തോഷിച്ചു, ആ നാലാരിൽ ഒരുവൻ ഇവൻെറ അച്ഛനും മറെറാരുവൻ അമ്മാമനും ആയിരുന്നു. ഫക്കീർ മുഹമ്മതു എന്ന പേരായ ഈ ചെറുക്കൻ വളൎന്ന ശേഷം ശക്തനും ധൈൎയ്യശാലിയുമായ ഒരു നായാട്ടുകാരനായിത്തീൎന്നു സ്വന്തകൈകൊണ്ടു ആറു നരികളെ കൊന്നു. വിഷൂചികയാൽ അവൻ മരിച്ചിട്ടു ഇപ്പോൾ പതിമൂന്നു വൎഷങ്ങളേ ആയിട്ടുള്ളു.

| | | | | |
|---|---|---|---|---|
| അഴിമുഖം | നിശ്ശബ്ദം | വിശ്രമിക്ക | കുതിച്ചു | ധൈൎയ്യശാലി |
| നിമ്നപ്രദേശം | പടം | ഭീരു | ശദ | വിഷൂചിക |

## 49. രാജ്യങ്ങളും ജനങ്ങളും.

ഈ ഭൂമി ഒരു ഗോളമാകുന്നു എന്നു നമുക്കു അറിവുണ്ടെങ്കിലും ഇതിന്റെ എല്ലാഭാഗങ്ങളും ഇതുവരെക്കും ആരും കണ്ടുപിടിച്ചിട്ടില്ല. നമുക്കു എതിരായിട്ടുള്ള അമേരിക്കാരാജ്യം കണ്ടിട്ടു ഇപ്പോൾ നാനൂറു സംവത്സരങ്ങൾ മാത്രമേ ആയിട്ടുള്ളു. ഇനിയും ഭൂഗോളത്തിന്റെ തെക്കേയും വടക്കേയും അററങ്ങൾ ആരും കണ്ടിട്ടില്ല. അറിഞ്ഞേടത്തോളം ഭൂഖണ്ഡങ്ങളുടെ ചിലഭാഗങ്ങൾ തന്നെ വനാന്തരങ്ങൾ നിമിത്തവും വിശാലമായ മണൽപ്രദേശങ്ങൾ നിമിത്തവും ദുൎഘടമായ മലകൾ നിമിത്തവും ആൎക്കും കാണ്മാൻ കഴിഞ്ഞിട്ടില്ല. വിദ്വാന്മാർ അതിനായി നിത്യം പ്രയത്നിച്ചുവരുന്നുണ്ടു.

ഭൂമിയുടെ എല്ലാഭാഗങ്ങളും ഒരുപോലെയല്ല. ചിലസ്ഥലങ്ങളിൽ അത്യുഷ്ണവും ചിലേടങ്ങളിൽ അത്യന്തം ശൈത്യവും മററു സ്ഥലങ്ങളിൽ ശീതവും ഉഷ്ണവും മിതമായും ആകുന്നു. അങ്ങിനെ തന്നെ ചിലരാജ്യങ്ങൾ സുഖകരവും മററു ചില നാടുകൾ മനുഷ്യൎക്കു പാൎപ്പാനും ജീവിപ്പാനും തക്ക സുഖം ഇല്ലാത്തവയും ആകുന്നു. ഈ വ്യത്യാസങ്ങൾക്കനുസരിച്ചും സമുദ്രങ്ങൾ, പൎവ്വതനിരകൾ, നദികൾ എന്നിവയാൽ പ്രകൃത്യായുള്ള വിഭാഗം പോലെയും ഭൂമി പല ഖണ്ഡങ്ങളായും ഖണ്ഡങ്ങൾ രാജ്യങ്ങളായും രാജ്യങ്ങൾ സംസ്ഥാനങ്ങളായും മററും അംശിക്കപ്പെട്ടിരിക്കുന്നു.

അതാതു രാജ്യത്തിന്റെ ദേശഗുണവ്യത്യാസംപോലെ ജനങ്ങൾക്കും വ്യത്യാസമുണ്ടു. ശീതരാജ്യനിവാസികൾക്കു ഉഷ്ണദിക്കുകൾ പററുകയില്ല. അങ്ങിനെ തന്നെ ഉഷ്ണരാജ്യക്കാൎക്കു ശീതരാജ്യവും പററുകയില്ല. ശൈത്യദിക്കിലെ മനുഷ്യർ വെളുത്തവരും അത്യുഷ്ണദിക്കുകാർ ഏററവും കറുത്തവരും ആകുന്നു.

ഉഷ്ണത്തെക്കാൾ ശൈത്യം അനുസാരം അധികരിച്ചുള്ള ദിക്കിൽ വസിക്കുന്നവരെ മഞ്ഞൾവൎണ്ണമായി കാണാം. അനേകരാജ്യക്കാർ ഉള്ളതു പോലെ തന്നെ അനേകഭാഷകളുമുണ്ടു.

എന്നാൽ ശീതോഷ്ണം കൊണ്ടുള്ള നിറവ്യത്യാസം മാത്രമല്ല രൂപത്തിൽ തന്നെ മനുഷ്യജാതികൾക്കു തമ്മിൽ ഭേദമുണ്ടു. നമ്മുടെ സമീപത്തുള്ള ബൎമ്മ ചീന മുതലായ കിഴക്കൻ രാജ്യക്കാർ മഞ്ഞനിറക്കാരാകുന്നുവെങ്കിലും അവൎക്കു നീണ്ടു ചരിഞ്ഞ നേത്രങ്ങളും വിസ്താരം കുറഞ്ഞ നെററിയും പതിഞ്ഞ മൂക്കും ആയി സൌന്ദൎയ്യം കുറയും. വിലാത്തിക്കാൎക്കും നമ്മുടെ പടിഞ്ഞാറുള്ള രാജ്യക്കാൎക്കും നമ്മുടെ ദേശക്കാൎക്കും ഉരുണ്ട തലയും നല്ല കണ്ണും നാസികയും ഉണ്ടു. ശേഷമെല്ലാ മനുഷ്യരും ചുരുണ്ട തലമുടിയും തടിച്ച ചുണ്ടും ഉള്ള വിരൂപികളാകുന്നു.

| | | | | |
|---|---|---|---|---|
| ശൈത്യം | മിതം | വിഭാഗം | നിവാസികൾ | നേത്രങ്ങൾ |
| വനാന്തരം | പ്രകൃത്യാ | സംസ്ഥാനം | അധികരിച്ച | നാസിക |

---

## 50. സൃഷ്ടിയുടെ മഹിമ.

സൃഷ്ടിവൎഗ്ഗത്തെ നോക്കി സ്രഷ്ടാവാം ദൈവം തന്റെ
സൃഷ്ടിസാമൎത്ഥ്യം ഗ്രഹിച്ചീടുവിൻ ബാലന്മാരേ ||
നക്ഷത്രം സൂൎയ്യൻ താനും ചന്ദ്രനും ഗ്രഹങ്ങളും
വൃക്ഷങ്ങൾ മനുഷ്യരും മൃഗവും പുഴുക്കളും ||
മലയും കുന്നും പിന്നെ സമുദ്രവും നദിയും
പലതും ദൈവത്തിന്റെ സൃഷ്ടികളറിഞ്ഞാലും ||
ഇക്കണ്ട ജീവികൾക്കും മനുഷ്യജാതികൾക്കും
ചൊൽകൊണ്ട ദൈവം തന്നെ ഭക്ഷണം കൊടുക്കുന്നു ||

ഇത്രമാഹാത്മ്യമുള്ള ദൈവത്തെ സ്തുതിക്കവിൻ
എത്രയും കൃപയുള്ള ദൈവത്തെ വണങ്ങുവിൻ ||
എല്ലാമിന്നറിവാനും എല്ലാററെ രക്ഷിപ്പാനും
എല്ലാരും സമരെന്നു മനസ്സിൽ നിനെപ്പാനും ||
എല്ലാരെ കുറവേതും കൂടാതെ ഭരിപ്പാനും
ഇല്ലാരും വിചാരിച്ചാലീയൊരു ദൈവമെന്ന്യേ ||
ശക്തിയും കരുണയും ഇത്രയുള്ളവനോടു
ഭക്തരായ് പ്രാർത്ഥിക്കവിൻ കിട്ടീടും വേണ്ടതെല്ലാം ||

സമർ എന്ന്യേ ഭക്തർ മാഹാത്മ്യം

1956 K 2304

SCHOOL-BOOKS PUBLISHED BY THE

# BASEL MISSION BOOK AND TRACT DEPOSITORY, MANGALORE.

---

## The New Malayalam Readers

BY

**Joseph Muliyil**, B. A.,

*English Tutor, Madras Christian College.*

| | Rs. | As. | P. |
|---|---|---|---|
| The Infant Reader . . . . . . . . . . . | 0 | 1 | 6 |
| First Standard Reader . . . . . . . . . | 0 | 2 | 0 |
| Second „ „ . . . . . . . . . . | 0 | 2 | 6 |
| Third „ „ . . . . . . . . . . | 0 | 3 | 0 |
| Fourth „ „ . . . . . . . . . . | 0 | 4 | 0 |
| Fifth „ „ . . . . . . . . . . | 0 | 5 | 0 |
| The Anglo-Malayalam Primer for the Third Standard | 0 | 2 | 6 |
| The Anglo-Malayalam Fourth Standard Reader . | 0 | 2 | 6 |

These Readers are nicely illustrated, and as regards subject-matter and general get-up they are unsurpassed. They are also extensively used in the Schools throughout Malabar and Cochin.

| | Rs. | As. | P. |
|---|---|---|---|
| A Comparative Study of English and Malayalam, as a Guide to Reciprocal Translation, for the use of Upper Secondary Schools and Colleges, Part I. . | 1 | 0 | 0 |
| Do. do. Part II. . | 1 | 8 | 0 |
| Malayalam School-Panchatantram, with Notes and Vocabulary അൎത്ഥസൂചകങ്ങളോടുകൂടിയ മലയാളപഞ്ചതന്ത്രം | 0 | 10 | 0 |
| An Introduction to the Comparative Study of English and Malayalam, for the use of Lower Secondary Classes, by Joseph Muliyil, B. A., Part I. . . . . | 0 | 5 | 0 |
| Do. Part II. . . . . | 0 | 6 | 0 |

All the above Books are approved by the Director of Public Instruction, Madras.

| | Rs. | As. | P. |
|---|---|---|---|
| A Glossary of Technical Terms, English and Malayalam | 0 | 8 | 0 |
| Bâlavyâkaraṇam, Part I for Primary Schools . . | 0 | 4 | 0 |
| Vyâkaraṇamitram, Part II of the Bâlavyâkaranam, for Middle Schools . . . . . . . . . . | 0 | 5 | 0 |
| Writer's Help, compiled by T. Zecharias ലേഖകസഹായി | 0 | 12 | 0 |
| Malayalam-English Dictionary മലയാള ഇംഗ്ലീഷ അകാരാദി | 1 | 4 | 0 |
| English-Malayalam „ (New revised edition in the Press.) | | | |
| English-Malayalam Dialogues, together with forms of Letters, etc. ഇംഗ്ലീഷ മലയാള സംഭാഷണങ്ങൾ. . . | 0 | 8 | 0 |

# 2nd Reader.

1.

| | |
|---|---|
| പിരിയുക | to twist |
| വളയുക | to bend |
| തടിച്ച | thick |
| കുപ്പായം | coat |
| ശൈത്യം | cold |
| തിരെ (+ negat.) | never |
| തട്ടുക | to kick |
| കമ്പിളി | woolen cloth |
| പുതെക്കുക | to cover |
| പരിപാലിക്കുക | to guide |
| പൊക്കം | height |
| കനം | thickness |
| ശാന്തത | meekness |

2.

| | |
|---|---|
| തൊഴുത്തു | shed |
| കേണി | temporary well |
| ക്ഷീണിക്കുക | to become tired |
| കൂടുക | to enter |
| ബദ്ധപ്പെടുക | to hurry |
| ധാരാളം | enough |

3.

| | |
|---|---|
| ദിക്കു | place |
| ഉപേക്ഷക്കാരൻ | negligent man |
| സ്വസ്ഥനായിരിക്കുക | to take rest. |
| നേരത്തെ | early |

5.

| | |
|---|---|
| നിഴൽ | shade |
| ഇര | prey |
| അലയുക | to wander |
| കശായിക്കാരൻ | butcher |
| പീടിക | shop |
| തരം | opportunity |
| തോടു | channel |
| തടി | trunk(12½ |
| പാലം | bridge |
| കരുതുക | to think |
| ആഴുക (ആണ്ടു) | to sink |
| അനക്കം | shaking |

56 E 241

The New Malayalam Readers

# THE SECOND STANDARD READER

BY

**Joseph Muliyil,** B. A.

*English Tutor, Madras Christian College*

REVISED BY

**M. Krishnan,** B. A., B. L., M. R. A. S.

*Malayalam Translator to the Government*

**Sixth Edition**

APPROVED BY THE MADRAS TEXTBOOK COMMITTEE AND RECOGNISED BY THE DIRECTOR OF PUBLIC INSTRUCTION, MADRAS

പുതിയ മലയാളപാഠപുസ്തകങ്ങൾ

# രണ്ടാംപാഠപുസ്തകം

(രണ്ടാം തരത്തിന്നായി)

MANGALORE

BASEL MISSION BOOK AND TRACT DEPOSITORY

1904